# പരിയാരം ഗ്രാമ പഞ്ചായത്ത്

## ജനകീയാസൂത്രണം




# വികസനരേഖ '96

# ഒൻപതാം പദ്ധതി
# ജനകീയ പദ്ധതി
# വികസനരേഖ '96
# പരിയാരം ഗ്രാമപഞ്ചായത്ത്




## എഡിറ്റോറിയൽ ബോർഡ്

1. കെ. വിജയൻ
2. എം. ചന്ദ്രൻ മാസ്റ്റർ
3. കെ.വി. നാരായണൻ മാസ്റ്റർ
4. ടി.വി. മുരളീധരൻ
5. എം. ദിനേശൻ
6. കെ.പി. ബാലകൃഷ്ണൻ നമ്പ്യർ
7. സി. കുഞ്ഞിരാമൻ
8. കെ. കണ്ണൻ
9. പി.കെ. ഇബ്രാഹീം കുട്ടി
10. കെ.വി. പ്രഭാകരൻ മാസ്റ്റർ
11. എം. മുരളീ നാരായണൻ
12. പി.പി. കുഞ്ഞിക്കണ്ണൻ
13. കെ.പി. പ്രഭാകരൻ
14. പി. ലക്ഷ്മണൻ
15. പത്മനാഭൻ തലോറ
16. ആർ. ഗോപാലൻ മാസ്റ്റർ
17. സി. ബാലകൃഷ്ണൻ (വൈസ് പ്രസിഡൻറ്)
18. പി.വി. ചാത്തുക്കുട്ടി (പ്രസിഡൻറ്)
19. എം. രാഘവൻ (സെക്രട്ടറി ഗ്രാമപഞ്ചായത്ത്)


കവർ ഡിസൈൻ, ലേഔട്ട്


സുരേഷ്ബാബുതലോറ

ടൈപ്പ് സെറ്റിങ്ങ്

ടൈം ഡി.ടി.പി. സെൻറർ

പ്രിൻറിംഗ്

ടൈം ഓഫ്സെറ്റ്-തളിപ്പറമ്പ്.



പരിയാരം
ഗ്രാമപഞ്ചായത്ത്
രാഷ്ട്രീയ ഭൂപടം
പഞ്ചായത്ത് അതിർത്തി
നാഷനൽ ഹൈവേ. 17
പ്രധാന റോഡുകൾ
ചപ്പാരപ്പടവ് പഞ്ചായത്ത്
കടന്നപ്പള്ളി - പാണപ്പുഴ പഞ്ചായത്ത്
വടക്ക്
കാട്ടാമ്പള്ളി / ചപ്പാരപ്പടവ് റോഡ്
പൂവം
കുറുമാത്തൂർ പഞ്ചായത്ത്
ചെറിയൂർ
വായാട്
ചെറുതാഴം പഞ്ചായത്ത്
കാഞ്ഞിരങ്ങാട്
പാച്ചേനി
മാവിച്ചേരി
നെല്ലിപ്പറമ്പ്
പനങ്ങാട്ടൂർ
ചെനയന്നൂർ
അമ്മാനപ്പാറ
പൊയിൽ
വെള്ളാവ്
തലോറ
പയ്യന്നൂർ ഭാഗത്തേക്ക്
NH - 17
കോരൻപീടിക
ചുടല
പുഷ്പഗിരി
ഏഴോം പഞ്ചായത്ത്
തളിപ്പറമ്പ് മുനിസിപ്പാലിറ്റി
നാഷനൽ ഹൈവേ
തളിപ്പറമ്പ്


# ഭരണസമിതി അംഗങ്ങൾ

പ്രസിഡണ്ട്



പി.വി. ചാത്തുക്കുട്ടി

വൈ.പ്രസിഡണ്ട്



സി. ബാലകൃഷ്ണൻ

സ്റ്റാൻഡിംഗ് കമ്മിറ്റി
ചെയർമാൻ



പി.പി. സുരേന്ദ്രൻ

കെ. കോമൻ



ഒന്നാം വാർഡ്

വി.സി.കൊച്ചുമേരി



അഞ്ചാം വാർഡ്

കെ.എം. ദാമോദരൻ



ആറാം വാർഡ്

കെ.ഇബ്രാഹിം



ഏഴാം വാർഡ്

സി. സരള



എട്ടാം വാർഡ്

പി.പി. ദേവി



പത്താം വാർഡ്

കെ. നിളിനിശിവൻ



രണ്ടാം വാർഡ്

ടി.സി. അബ്ദുൽഖാദർ



പതിനൊന്നാം വാർഡ്

# ഉള്ളടക്കം


1. ആമുഖം
2. പൊതുവിവരങ്ങൾ
3. ചരിത്രം
4. കൃഷിയും ജലസേചനവും
5. മൃഗസംരക്ഷണവും മത്സ്യബന്ധനവും
6. വ്യവസായം
7. വിദ്യാഭ്യാസം
8. കുടിവെള്ളവും പൊതുജന ആരോഗ്യവും
9. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
10. പാർപ്പിടവും ക്ഷേമവും
11. സംസ്കാരം
12. വനിത
13. സഹകരണം
14. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം
15. വിഭവസമാഹരണം

# ................ആമുഖം

സ്വതന്ത്ര ഇന്ത്യയെ കുറിച്ചുളള മഹാത്മജിയുടേയും മറ്റ് ദേശീയ നേതാക്കളുടേയും സങ്കല്പത്തിൽ പ്രമുഖസ്ഥാനം ഗ്രാമസ്വരാജിനായിരുന്നു. പക്ഷെ, സ്വതന്ത്ര്യലബ്ദിക്ക് ശേഷം അധികാരത്തിൽവന്ന ഭരണകകൂടം അധികാരവികേന്ദ്രീകരണത്തിനും ഗ്രാമസ്വരാജിനും ഊന്നൽ നല്കിയില്ലെന്ന് മാത്രമല്ല അധികാരകേന്ദ്രീകരണത്തിന് ശ്രമിക്കുകയും ചെയ്തു. ഇന്ത്യയിലെ ഏത് ഗ്രാമത്തിലേയും വികസനപ്രവർത്തനങ്ങളും ക്ഷേമപ്രവർത്തനങ്ങളും ആസൂത്രണംചെയ്ത് നടപ്പിലാക്കുന്നത് തലസ്ഥാനത്തിരുന്നാണ്. ജനങ്ങളുടെ ആവശ്യങ്ങളോ പ്രദേശങ്ങളുടെ സാധ്യതകളോ കണക്കിലെടുക്കാതെ നടപ്പിലാക്കുന്ന ഇത്തരം പരിപാടികൾക്ക് ജനപങ്കാളിത്തം ഉണ്ടായിരുന്നില്ല. പദ്ധതി വിഭാവനം ചെയ്യുന്ന ഉദ്ദേശ്യലക്ഷ്യങ്ങളും ക്ഷേമപ്രവർത്തനങ്ങളുടെ ഗുണഫലവും പൂർണ്ണമായ അളവിൽ സാക്ഷാൽക്കരിക്കപ്പെട്ടില്ല. ജനങ്ങളുടെ ആശയാഭിലാഷങ്ങൾക്കനുസരിച്ച് ജീവിത നിലവാരം ഉയർത്താൻ അധികാര വികേന്ദ്രീകരണത്തിനു മാത്രമേ സാദ്ധ്യമാകൂ. 1951 മുതൽ 8 പഞ്ചവത്സര പദ്ധതികൾ നടപ്പിലാക്കി. ഓരോ പദ്ധതിയുടെയും അവലോകനം സൂചിപ്പിക്കുന്നത് പദ്ധതികളുടെ ലക്ഷ്യം കൈവരിക്കുന്നില്ല എന്നതാണ്. പദ്ധതികളെകുറിച്ച് വിലയിരുത്താൻ നിയോഗിക്കപ്പെട്ട കമ്മീഷനുകളെല്ലാം തന്നെ അധികാരവികേന്ദ്രീകരണത്തിൻെറ പ്രസക്തി ഊന്നിപ്പറഞ്ഞിട്ടുണ്ട്. ഗുണഫലമെന്നോണം 1959 മുതൽ തന്നെ പഞ്ചായത്തീരാജ് സംവിധാനം സംസ്ഥാനങ്ങളിൽ നടപ്പിലാക്കാൻ തുടങ്ങിയിരുന്നു. പലകാരണങ്ങളാൽ ഉന്നതങ്ങളിലുളളവർക്ക് പഞ്ചായത്തീരാജിനോടുളള താല്പര്യം കുറഞ്ഞുവന്നു.

തൽഫലമായി പഞ്ചായത്തു തെരഞ്ഞെടുപ്പുകൾ വർഷങ്ങളോളം നീണ്ടു. അധികാരവും പ്രവർത്തന സ്വാതന്ത്ര്യവുമില്ലാത്ത വെറും നോക്കു കുത്തികളായി പഞ്ചായത്തുകൾ മാറി. അധികാര വികേന്ദ്രീകരണമെന്ന സ്വപ്നത്തിന് മങ്ങലേറ്റു. കേന്ദ്രീകരിക്കപ്പെട്ടു.

1992ൽ പാസ്സാക്കിയ 73ാം ഭരണഘടന ഭേദഗതി 1993ൽ നിയമമായതോടെ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും "പഞ്ചായത്തീരാജ്"ൻെറ പരിധിയിൽ വന്നു. അതിൻെറ ഭാഗമായി 1995 ഒക്ടോബറിൽ കേരളത്തിലും ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽവന്നു. എങ്കിലും പ്രവൃത്തി പഥത്തിലേക്ക് എത്താൻ ഒരു വർഷംകൂടി കാത്തിരിക്കേണ്ടിവന്നു. തൽഫലമായി പദ്ധതി വിഹിതത്തിൻെറ 35-40% ഫണ്ട് ഉപയോഗിക്കുവാനുളള അധികാരവും, പദ്ധതികൾ ആവിഷ്കരിക്കുവാനുളള അവകാശവും പഞ്ചായത്തുകൾക്ക് കൈവന്നു. കഴിഞ്ഞകാല പദ്ധതി നടത്തിപ്പിലുണ്ടായ അനുഭവങ്ങളുടെ വെളിച്ചത്തിൽ ജനപങ്കാളിത്തത്തോടെയുളള പദ്ധതി ആസൂത്രണത്തിനു മാത്രമെ ലക്ഷ്യം കൈവരിക്കാൻ കഴിയൂ എന്ന തിരിച്ചറിവാണ് ഒമ്പതാം പദ്ധതി ജനകീയ ആസൂത്രണ പരിപാടിയായി നടപ്പിലാക്കാൻ കേരള ഗവൺമെൻറ് തീരുമാനത്തിന് പ്രേരകമായത്.

ജില്ലാതല പരിശീലനം ലഭിച്ച പഞ്ചായത്തിലെ ഏഴ് പരിശീലകരുടെയും, പഞ്ചായത്ത് ഭരണ സമിതിയുടെയും നേതൃത്വത്തിൽ 1996 സപ്റ്റംബർ മാസം 12ാം തിയ്യതി പരിയാരം സാംസ്കാരിക നിലയത്തിൽവെച്ച് തെരഞ്ഞെടുക്കപ്പെട്ട 48 പ്രവർത്തകർക്ക് ഏകദിന പരിശീലനം നല്കി. 15.9.96 വരെയുളള തിയ്യതികളിൽ പഞ്ചായത്തിലെ 11 വാർഡുകളിൽ ഗ്രാമസഭകൾ നടന്നു. ഗ്രാമസഭകളിലെ ശരാശരി പങ്കാളിത്തം 123 ആയിരുന്നു. ഗ്രാമസഭകളിൽ നടന്ന ഉന്നത നിലവാരത്തിലുളള ചർച്ചകളുടെ റിപ്പോർട്ടും, വിവിധ ഓഫീസുകളിൽ നിന്നും ശേഖരിച്ച പഞ്ചായത്തിനെ സംബന്ധിക്കുന്ന സ്ഥിതിവിവര കണക്കുകളും, ധ്രുതഗ്രാമ പഠനത്തിലൂടെയും, അനുഭവ സമ്പന്നരായ കാർഷിക-സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ രംഗത്തുളള പ്രമുഖരുമായുളള അഭിമുഖത്തിൽനിന്നും ലഭിച്ച വിവരങ്ങളാണ് പഞ്ചായത്തിൻെറ വികസന റിപ്പോർട്ടിന്നടിസ്ഥാനം.



പഞ്ചായത്തിന് അനുവധിക്കപ്പെടുന്ന പദ്ധതി വിഹിതവും സന്നദ്ധ പ്രവർത്തകരുടെയും വിദഗ്ദരുടെയും വിലപ്പെട്ട സേവനവും അനുഭവ സമ്പന്നരുടെ നിർദ്ദേശങ്ങളും ഒന്നാംഘട്ട പ്രവർത്തനത്തിൻെറ ആവേശവും പൂർണ്ണമായ അർത്ഥത്തിലുളള ജനപങ്കാളിത്തവും ഉപയോഗപ്പെടുത്തി പഞ്ചായത്തിൻെറ സമഗ്രവികസനം നടപ്പിലാക്കാൻ കഴിയുമെന്ന് പ്രത്യാശിച്ചുകൊണ്ട് ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

## പഞ്ചായത്തിൻെറ പൊതുവിവരങ്ങൾ

| | |
|---|---|
| പഞ്ചായത്തിൻെറ പേര് | : പരിയാരം |
| | : ഗ്രാമപഞ്ചായത്ത്. |
| ഉൾപ്പെടുന്ന വില്ലേജുകൾ | : പരിയാരം, |
| | : കുറ്റ്യേരി. |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : പരിയാരം, |
| | : ചപ്പാരപ്പടവ്. |
| ബ്ലോക്ക് പഞ്ചായത്ത് | : തളിപ്പറമ്പ്. |
| താലൂക്ക് | : തളിപ്പറമ്പ്. |
| അസംബ്ലി മണ്ഡലം | : തളിപ്പറമ്പ്. |
| വിസ്തീർണ്ണം | : 54,77ചതുരശ്ര.കി.മീ. |
| ജനസംഖ്യ | : 24632. |
| വാർഡുകൾ | : 11 |

പ്രസിഡൻറിൻെറ പേര് :
പി. വി. ചാത്തുക്കുട്ടി.
വൈസ് പ്രസിഡൻറിൻെറ പേര് :
സി. ബാലകൃഷ്ണൻ.

## പഞ്ചായത്തിൻെറ അതിരുകൾ

വടക്ക് : ചപ്പാരപ്പടവ്, കടന്നപ്പള്ളി, പാണപ്പുഴ
: പഞ്ചായത്തുകൾ.
കിഴക്ക് : ചപ്പാരപ്പടവ്, കുറുമാത്തൂർ
: പഞ്ചായത്തുകളും തളിപ്പറമ്പ് നഗരസഭയും.
തെക്ക് : ഏഴോം, ചെറുതാഴം പഞ്ചായത്തുകളും
: തളപ്പറമ്പ് നഗരസഭയും.
പടിഞ്ഞാറ് : ചെറുതാഴം, കടന്നപ്പള്ളി-പാണപ്പുഴ
: പഞ്ചായത്തുകൾ.

## ഭരണപരമായ ചരിത്രം

ഇന്നത്തെ പരിയാരം ഗ്രാമ പഞ്ചായത്ത് ആദ്യകാലത്ത് കുറ്റ്യേരി അംശം എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. പിന്നീട് കുറ്റ്യേരി, പരിയാരം, തിരുവട്ടൂർ അംശങ്ങളായി വിഭജിക്കപ്പെട്ടു. അതിനുശേഷം 1954-55ൽ ഗവർമെൻറ് ഉത്തരവു പ്രകാരം മേൽപറഞ്ഞ മൂന്ന് അംശങ്ങളും പ്രത്യേകം പഞ്ചായത്തുകളായി നിലവിൽവരികയും ജനാധിപത്യരീതിയിൽ കൈപൊക്കി വോട്ടവകാശം രേഖപ്പെടുത്തി ഭരണസമിതിയെ തെരഞ്ഞെടുക്കുകയും ചെയ്തിരുന്നു.

1960വരെ പരിയാരം വില്ലേജ് കുറ്റേരി റവന്യൂ വില്ലേജിൻെറയും തിരുവട്ടൂർ വില്ലേജ് കുറ്റൂർ റവന്യൂ വില്ലേജിൻെറയും ഭാഗമായിരുന്നു. 1954-55ൽ നടന്ന ആദ്യത്തെ പഞ്ചായത്തുതെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്ന ഭരണസമിതിഅംഗങ്ങളുടെ പേരുവിവരം ചുവടെപട്ടികയിൽ.

തിരുവട്ടൂർ വില്ലേജിലെ മൂവിഭാഗം മാതമംഗലം രജിസ്ട്രാപ്പീസിൻെറ പരിധിയിലും, കുറ്റ്യേരിവില്ലേജിലെ തലോറ ചെറിയൂർ പ്രദേശങ്ങൾ ആലക്കോട് രജിസ്ട്രാപ്പീസിൻെറ പരിധിയിലുമാണ്. ജനങ്ങളുടെ സൗകര്യാർത്ഥം ഈപ്രദേശങ്ങൾ തളിപ്പറമ്പ രജിസ്ട്രാപ്പിസിൻെറ പരിധിയിൽ വരേണ്ടത് അത്യാവശ്യമാണ്.

### 1955-61 ഭരണസമിതിയംഗങ്ങൾ.

### കുറ്റ്യേരി

1.പി.വി.ചാത്തുക്കുട്ടി മാസ്ററർ (പ്രസിഡൻറ്)
2. രാമർകുട്ടി., 3. കെ.വി.നാരായണമാരാർ.
4. പി.വി.ഗോവിന്ദൻ നമ്പ്യാർ., 5. ഒ.പി.കുഞ്ഞിരാമൻ.
6. പോത്തേര നാരായണൻ നമ്പ്യാർ.,
7. ശിവദാസൻ നമ്പൂതിരി.,
8. കെ.കെ.കൃഷ്ണൻ നായർ.

### പരിയാരം

1. കെ.നാരായണൻ നമ്പ്യാർ (പ്രസിഡൻറ്)
2. പി.കെ.കുഞ്ഞിക്കോരൻ., 3. ടി. അച്ച്യുതൻ
4. സി.വി. ഒതേനൻ. 5. കെ.വി. കുഞ്ഞിക്കണ്ണൻ
6. കെ.വി.കുഞ്ഞിരാമൻ 7. കെ.ആലിക്കുഞ്ഞി.

### തിരുവട്ടൂർ

1. വി.വി.കുഞ്ഞിക്കേളപ്പൻ നമ്പ്യാർ (പ്രസിഡൻറ്)
2. ഒ.വി.ചന്തുക്കുട്ടി. 3. പി.എം.കുഞ്ഞിപ്പക്കർ ഹാജി.
4. കെ. പുത്തരി 5. പി.കെ.വി.പക്കർഹാജി
6. ചിയ്യഞ്ചേരി നാരായണൻ നമ്പ്യാർ

കേസിനെ തുടർന്ന് പരിയാരം പഞ്ചായത്തു പ്രസിഡൻറ് കെ നാരായണൻ നമ്പ്യാർ സ്ഥാനം ഒഴിഞ്ഞപ്പോൾ വൈ:പ്രസിഡൻറ് ആയിരുന്ന ശ്രീ.കെ.വി.കുഞ്ഞിക്കണ്ണൻ പ്രസിഡൻറ് ചാർജ് വഹിച്ചു. കുറ്റ്യേരി പഞ്ചായത്തിൽ കർഷകസംഘത്തിൻെറ ആഭിമുഖ്യത്തിൽ ടി.വി. രാമർകുട്ടിയുടെ നേത്രത്വത്തിൽ മാവിച്ചേരി ചെമ്പോത്തെ കുളത്തിന് 500 പേരുടെ ശ്രമദാനം നടത്തുകയുണ്ടായി.

സംഘത്തിന്റെ ശ്രമഫലമായാണ് പനങ്ങാട്ടൂർ സ്കൂളിന്റെ ആരംഭവും.

കേരള ഗവർമെന്റിന്റെ 28-12-1961ന്റെ MS 196/61/DD നമ്പർ ഉത്തരവ് പ്രകാരം പരിയാരം,കുറ്റ്യേരി തിരുവട്ടൂർ പഞ്ചായത്തുകൾ ചേർത്ത് പരിയാരം ആസ്ഥാനമായി പരിയാരം പഞ്ചായത്ത് നിലവിൽവന്നു. ഭരണസമിതിയുടെ പേർ വിവരം പട്ടികയുടെ ചുവടെ പട്ടികയിൽ.

## 1962-79 ഭരണസമിതി അംഗങ്ങൾ


1. എം.കുമാരൻ. പ്രസിഡന്റ്.
2. തൈക്കണ്ടി കുഞ്ഞിരാമൻ. വൈ:പ്രസിഡന്റ്.
3. സി.കമലാക്ഷിഅമ്മ.
4. കെ.വി.കൃഷ്ണൻ.
5. കെ.വി.ഗോപാലൻ.
6. കെ.കെ.കൃഷ്ണൻ നമ്പ്യാർ.
7. പി.എം.കുഞ്ഞിപക്കർ ഹാജി.
8. ഇ.ഗോപാലൻ നായർ.
9. സി.എച്ച്.ബാലൻനായർ.

## 1979-88 ഭരണസമിതി.

1. കെ.കെ.എൻ.പരിയാരം. പ്രസിഡന്റ്.
2. സി.ഒ.ശങ്കരൻമാസ്ററർ. വൈ:പ്രസിഡന്റ്.
3. ഒ.പി.കുഞ്ഞിരാമൻ.
4. വി.പി.സുമതി.
5. കെ.പി.നാരായണൻ.
6. ടി.കെ.ആലിക്കുഞ്ഞി.
7. കെ.വി.ബാലകൃഷ്ണൻ മാസ്റ്റർ
8. എം.കുഞ്ഞിരാമൻ.
9. പി.സുമിത്ര.

## 1988-95 ഭരണസമിതി.

1. കെ.വി.ഗോപാലൻ. പ്രസിഡന്റ്.
2. ഇ.വി.രാധടീച്ചർ. വൈ:പ്രസിഡന്റ്.
3. ടി.വി.രാമർകുട്ടി.
4. കെ.എൻ.ചാലിൽ.
5. കെ.വി.ഉണ്ണികൃഷ്ണൻ.
6. കെ.കണ്ണൻ.
7. വി.രുഗ്മിണി.
8. കെ.വി.ബാലകൃഷ്ണൻ മാസ്റ്റർ.
9. എ.വി.ബാലകൃഷ്ണൻ.
10. ടി.സി.അബ്ദുൽഖാദർ.



പരിയാരം
ഗ്രാമ പഞ്ചായത്ത്
വാർഡ് തിരിച്ച്
വടക്ക്
ചപ്പാരപ്പടവ് പഞ്ചായത്ത്
കടന്നപ്പള്ളി – പാണപ്പുഴ പഞ്ചായത്ത്
11
തിരുവട്ടൂർ
10
പാച്ചേനി
കുറുമാത്തൂർ
പഞ്ചായത്ത്
1
ചെറിയൂർ
ചെറുതാഴം
പഞ്ചായത്ത്
2
മാവിച്ചേരി
5
ഏമ്പേറ്റ്
9
ഇരിങ്ങൽ
3
വെള്ളാവ്
6
പരിയാരം
8
മുക്കുന്ന്
4
തലോറ
7
കപ്പം
ഏഴോം പഞ്ചായത്ത്
തളിപ്പറമ്പ്
മുനിസിപ്പാലിറ്റി

# ചരിത്രം

സ്വന്തം വേരുകൾ അന്വേഷിക്കുന്ന മനുഷ്യന്റെ കണ്ടെത്തലുകളുടെ കഥയാണല്ലൊ ചരിത്രം. വർത്ത മാനത്തിൽ ഉറച്ചുനിന്ന് ഭൂതലത്തിലേക്ക് ചികഞ്ഞു നോക്കി ഭാവിയിലേക്ക് വളരാൻ ആവശ്യമായവ മനുഷ്യൻ സംഭരിക്കുന്നു. ആനിലക്ക് ഈ അന്വേഷണവും പ്രസക്ത മാകുന്നു. അവന്റെ കണ്ണീരിന്റെയും സന്തോഷ ത്തിന്റെയും, കുതിപ്പിന്റെയും–കിതപ്പിന്റെയും, പോരാട്ട ത്തിന്റെയും–ചെറുത്തുനില്പിന്റെയും വളർച്ചയുടെയും തളർച്ചയുടെയും വിവരങ്ങളിലൂടെ ഒന്ന് കണ്ണോടിക്കാം.

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിൽ കാര്യമായ സംഭാവനകളൊന്നും നൽകാൻ നമുക്ക് സാധിച്ചില്ലെങ്കിലും 1920–30 കാലത്ത് സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിന്റെയും ദേശീയ പ്രസ്ഥാനത്തിന്റെയും ഭാഗമായി ജന്മിത്ത്വത്തിനും അയിത്തത്തിനും എതിരായ നിരവധി പോരാട്ടങ്ങളുടെ രംഗഭൂമിയായിരുന്നു നമ്മുടെ പ്രദേശം.

1930ൽ ശ്രീ. കെ. കേളപ്പന്റെ നേതൃത്വത്തിൽ നടന്ന ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുക്കാൻ കോഴിക്കോട്നിന്ന് പയ്യന്നൂരിലേക്ക് പുറപ്പെട്ട ജാഥക്ക് പരിയാരത്ത് ഗംഭീരസ്വീകരണവും, ഭക്ഷണവും, പണക്കിഴിയും നല്കിയിരുന്നു. തുടർന്നിങ്ങോട്ട് ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി ജന്മിത്ത്വത്തിന് എതിരെയും അയിത്തത്തിന്നെതിരെയും കർഷക പ്രസ്ഥാനത്തിലും പരോഗമന പ്രസ്ഥാനങ്ങളിലും അണിനിരന്ന് ഒട്ടേറെ മഹത്വ്യക്തികൾ നിരവധി സംഭാവനകൾ നല്കിയിട്ടുണ്ട്. ശ്രീ. പി.വി. ചാത്തുക്കുട്ടി മാസ്റ്ററുടെ നേതൃത്വത്തിൽ നടന്ന പനങ്ങാട്ടൂർ പുല്ലുപറി, ശ്രീ. കുമ്പക്കര അച്ചുതൻ നായരുടെ നേതൃത്വത്തിൽ മാവിച്ചേരിയും ചിറക്കൽ ടി. ബാലകൃഷ്ണൻ നായരുടെ നിർദ്ദേശ പ്രകാരം ശ്രീ. കെ.കെ. കൃഷ്ണൻ നമ്പ്യാരുടെ നേതൃത്വത്തിൽ തിരുവട്ടൂരും അയിത്തോച്ചാടന പ്രസ്ഥാനത്തിന്റെ ഭാഗമായി അയിത്തജാതിക്കെതിരെ ക്ഷേത്രങ്ങളിൽ പ്രവേശിപ്പിച്ച് പ്രത്യക്ഷ സമര രംഗത്തിറങ്ങി. ശ്രീ പയ്യരട്ട നാരായണൻ മണിയാണിയുടെ നാമവും ഇത്തരുണത്തിൽ സ്മരണീയമാണ്. ഉച്ചനീചത്തം അവസാനിപ്പിക്കുന്ന തിന്റെ ഭാഗമായി പഞ്ചായത്തിൽ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ മിശ്രഭോജനം നടത്തിയിട്ടുണ്ട്. പാച്ചേനി നെല്ലുപിടുക്കേസുമായി ബന്ധപ്പെട്ട് ഏഴു പേരെ ഒൻപത് മാസം ശിക്ഷിച്ചിട്ടുണ്ട്. 1938ലെ ബക്കളം രാഷ്ട്രീയ സമ്മേളനത്തിൽ പരിയാരം കിട്ടേട്ടൻ, പി. ഗോപാലൻ എന്നിവർ പങ്കെടുത്തു. മോറാഴ സംഭവവുമായി ബന്ധപ്പെട്ട് ശ്രീ. കെ.കെ.എൻ പരിയാരത്തിന് ഭീകരമായ മർദ്ദനവും ജയിൽസിക്ഷയും അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. 1930ലെ കറാച്ചി കോൺഗ്ര സ്സിലെ കൃഷിഭൂമി കൃഷിക്കാരന് എന്നമുദ്രാവാക്യത്തിലും മഹാത്മജിയുടെ ആഹ്വാനത്തിലും ആവേശംകൊണ്ട് സംഘടിച്ച സാമ്രാജ്യത്ത വിരുദ്ധ സംഘടന കർഷക സംഘത്തിന്റെ നേതൃത്വത്തിൽ സംഘടിച്ച് ജന്മ ിത്വത്തിന്നെതിരെ പോരാടിയതിന്റെ ഫലമായി മാവിച്ചേരി സംഭവം നടക്കുകയും ഈ കേസിൽ കെ.പി.ആർ ഗോപാലൻ കല്യാശ്ശേരി, കാന്തലോട്ട് കുഞ്ഞമ്പു കീച്ചേരി, കൊപ്പപ്പുറത്ത് കുഞ്ഞപ്പ മാവിച്ചേരി, കനിതോട്ടത്തിൽ ഗോപാലൻ മൊറാഴ എന്നിവരെ 3വർഷത്തേക്കും പരിയാരം കിട്ടേട്ടൻ, സി. കുട്ടികൃഷ്ണ മാരാർ കാഞ്ഞിരങ്ങാട്, എ.സി. വാസുനമ്പീശൻ കാഞ്ഞിരങ്ങാട്, വി.വി. ശങ്ഖര മാരാർ ചിറക്കൽ, എം.ടി. ഗോപാലൻ തലോറ, മുത്തൻ നാരായണൻ മൊറാഴ, കെ.എം. രാമൻ തലോറ, കെ.എം. കുഞ്ഞിക്കണ്ണൻ തലോറ, പി.വി.



കുഞ്ഞിരാമൻ നമ്പ്യാർ മാവിച്ചേരി, അറാക്കൽ കുഞ്ഞിരാമൻ മാവിച്ചേരി, കൈമുറിയൻ കണ്ണൻ, കെ.വി. നാരായണ മാരാർ കാഞ്ഞിരങ്ങാട്, പി.പി. കൃഷ്ണൻ നമ്പൂർ ഇരിങ്ങൽ എന്നിവരെ 2 വർഷത്തേക്ക് ശിക്ഷിക്കുകയും ചന്ദ്രോത്ത് കോരൻ മാസ്റ്റർ, എം. നാരായണൻ മൂസ്സത് (അമ്പാടി മാസ്റ്റർ), എം. പരമേശ്വരൻ മൂസ്സത്, എം.വി. നാരായണൻ, പോളകുഞ്ഞിരാമൻ, അറക്കലെ വളപ്പിൽ കണ്ണൻ, നിച്ച ഉറുവാടൻ, പി.വി. കോരൻ, ആയിപ്പുഴ നീലകണ്ഠൻ നമ്പീശൻ, കെ.വി. മൂസാൻ കുട്ടി മാസ്റ്റർ, ടി.വി. രാമർ കുട്ടി, കൈപ്രവൻ കൃഷ്ണൻ നമ്പ്യാർ, ഓലാട്ട് കൃഷ്ണൻ നമ്പൃർ, കോലിയാത്ത് കണ്ണൻ നമ്പ്യാർ എന്നിവർ 11മാസം റിമാണ്ടിൽ കഴിയുകയും ചെയ്തിട്ടുണ്ട്. ജയിൽ വാസത്തിനിടയിൽ മാവിച്ചേരിയിലെ നടക്കൽ അമ്പു വേണ്ടത്ര ചികിത്സ കിട്ടാതെ മരിക്കുകയും ചെയ്തിട്ടുണ്ട്.

1940-45ൽ ക്ഷാമകാലത്ത് കോളറ രോഗ നിർമ്മാർജ്ജനത്തിനും ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിനും ഭക്ഷണക്കമ്മറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തിയിരുന്നു. ഇത് പിൽക്കാലത്ത് പി.സി.സി.എന്ന പ്രസ്ഥാനത്തിൻെറ രൂപീകരണത്തിന് മാർഗ്ഗദർശകമായി. ഭൂദാന പ്രസ്ഥാനത്തിൻെറ ഭാഗമായി പരിയാരം-കടന്നപ്പള്ളി കേന്ദ്രീകരിച്ച് നടന്ന പ്രവർത്തനത്തിൻെറ ഫലമായി പഞ്ചായത്തിലെ കുറേയേറെ ദരിദ്രകർഷകർക്ക് ഭൂമി ലഭിച്ചിട്ടുണ്ട്.

അക്കാലത്ത് 20ഓളം ജന്മിമാരുടെയും ദേവസ്വങ്ങളുടെയും കയ്യിലായിരുന്നു ഭൂമി മുഴുവനും. കർഷക പ്രസ്ഥാനത്തിൻെറയും മറ്റുസാമൂഹ്യ പ്രസ്ഥാനങ്ങളുടെയും ശ്രമഫലമായി കേരളഗവണ്മെൻെറ് ഭൂപരിഷ്കരണം നടപ്പിലാക്കുകയും കൃഷിഭൂമികൃഷിക്കാരന് എന്ന സ്വപ്നം യാഥാർത്ഥ്യമാവുകയും ചെയ്തു.

ഈനൂറ്റാണ്ടിൻെറ ആദ്യഘട്ടത്തിൽ മുന്നോക്ക ജാതിക്കാർക്ക് മാത്രമായിരുന്നു വിദ്യാഭ്യാസസൗകര്യങ്ങൾ, കുടിപ്പള്ളിക്കൂടങ്ങളും, കളരികളുമായിരുന്നുവിദ്യാദാനം നടത്തിയിരുന്നത്. മദ്രാസ് ഗവണ്മെൻറിൻെറ കീഴിൽ ചിലവിദ്യാലയങ്ങൾ ആരംഭിക്കുകയും അവർണർക്കുകൂടി വിദ്യാഭ്യാസം നടത്താൻ പരിമിതമായ തോതിൽ സൗകര്യം ലഭിക്കുകയും ചെയ്തു. 1954ൽ മലബാർ ഡിസ്ട്രിക്ട് ബോഡിൻെറ കീഴിൽ ആരംഭിച്ച ഏകാദ്ധ്യാപക വിദ്യാലയങ്ങളാണ് ഇന്നുള്ള വിദ്യാഭ്യാസ സമഗ്ര പുരോഗതിക്ക് നാന്ദികുറിച്ചത്.

1957വരെ ഗതാഗതം വളരെ പരിമിതമായിരുന്നു. കൂവേരി-കുപ്പം-പഴയങ്ങാടി ബോട്ട് സർവ്വീസാണ് യാത്രക്ക് കാര്യമായി ഉപയോഗിച്ചിരുന്നത്. അടുത്തകാലത്തായി പഞ്ചായത്തിൻെറ പരിമിതികൾ വച്ചുകൊണ്ട് കുറെയൊക്കെ ഗതാഗത സൗകര്യങ്ങൾ ഏർപ്പെടുത്തയിട്ടുണ്ടെങ്കിലും ഉൾനാടുകളിലെ ഗതാഗതസൗകര്യം വളരെപരിമിതമാണ്.

ജീവിതത്തൻെറ വിവിധമേഖലകളിൽ പുരോഗതി കൈവരിച്ചുവെങ്കിലും പഞ്ചായത്തിൻെറ സ്ഥായീസ്വഭാവമുള്ള വികസനസാദ്ധ്യത ഉറപ്പ്വരുത്തുന്ന കാർഷിക മേഖലയിൽ വളർച്ച കൈവരിക്കാൻ സാധിച്ചിട്ടില്ല. മുരടിപ്പ് നിലനിൽക്കുന്നു. പണ്ടുമുതലേ ഉല്പാദിപ്പിച്ചുവരുന്ന പച്ചക്കറി കൃഷിയും ധാന്യവിളകളും അപ്രത്യക്ഷമായി. അഭ്യസ്ത വിദ്യരായ പുതിയതലമുറ കാർഷിക രംഗത്തോട് അല്പംപോലും ആഭിമുഖ്യം കാണിക്കുന്നില്ല. ഇതും രൂക്ഷമായ തൊഴിലില്ലായ്മക്ക് ഒരു കാരണമാണ്. സ്ത്രീ-പുരുഷ സമത്വം ഇന്നും ഏട്ടിലെ പശുവാണ്. തൊഴിൽ രംഗത്ത് സ്ത്രീ പങ്കാളിത്തം വളരെ കുറവാണ്. സെകൻററി സ്കൂൾതലംവരെ വളരെ മുന്നിൽ നിൽക്കുന്ന ഇവർ ഉന്നത വിദ്യാഭ്യാസ രംഗത്തും ടെക്നിക്കൽ വിദ്യാഭ്യാസ രംഗത്തും പിന്നോക്കമാണ്. ഉന്നത വിദ്യാഭ്യാസം നടത്തുന്നവർതന്നെ തൊഴിൽ രംഗത്ത് സേവനം ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടെയല്ല മറിച്ച് വിവാഹ കമ്പോളമാണ് പലപ്പോഴും ലക്ഷ്യമിടുന്നത്. ചുരുക്കത്തിൽ പുരുഷന്മാരുടെ സംരക്ഷണയിൽ അവരുടെ ഇഷ്ടാനുസരണം ജീവിക്കേണ്ടവരാണ് സ്ത്രീകളെന്ന കാഴ്ചപ്പാടിൽനിന്ന് നമ്മുടെ സമൂഹം വളരെയൊന്നും മാറിയിട്ടില്ല. ജനസംഖ്യയിൽ 50%ന് മുകളിൽ നിൽക്കുന്ന സ്ത്രീകളെ സാമൂഹിക-സാംസ്കാരിക-തൊഴിൽ മേഖലകളിൽ സജീവ പങ്കാളികളാക്കാതെ പഞ്ചായത്തിൽ സമഗ്രവികസനം എന്ന ലക്ഷ്യം കൈവരിക്കാൻ സാധിക്കില്ല.

നീതി പൂർവ്വകമായ വിതരണം നടന്നില്ലെങ്കിലും പ്രകൃതി സമ്പന്നതയിലും കാലാവസ്ഥയുടെ സന്തുലിതാവസ്ഥയിലും സമൃദ്ധമായി ഒരു ഭൂതലമായിരുന്നു നമ്മുടേത്. അശാസ്ത്രീയമായ കൃഷിയും പ്രകൃതി ചൂഷണവും കൃഷിയെയും ജല സ്രോതസ്സുകളെയും കാര്യമായി ബാധിച്ചിട്ടുണ്ട്. പ്രകൃതി ശോഷണം ഒഴിവാക്കിക്കൊണ്ട് അനുഭവസമ്പന്നരുടെ അറിവുകളും ആധുനീക കൃഷിരീതികളും സമന്വയിപ്പിച്ച് വളരെ മെച്ചപ്പെട്ട കാർഷിക സംസ്കാരം വളർത്തിക്കൊണ്ടു വരാൻ നമുക്ക് സാധിക്കണം.

## ഭൂപ്രകൃതി

ഭൂപ്രകൃതി അനുസരിച്ച് നമ്മുടെ പഞ്ചായത്തിനെ വടക്കൻ ഇടനാട് മേഖലയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വടക്കുനിന്ന് തെക്കോട്ടേക്ക് ചെരിഞ്ഞു കിടക്കുന്ന ഭൂവിഭാഗമാണ് പൊതുവേ പഞ്ചായത്തിൻെറത്. കുന്നുകൾ ചെരിവുകൾ, തീരസമതലങ്ങൾ, സമതലങ്ങൾ, പീഢഭൂമികൾ എന്നിങ്ങനെ പഞ്ചായത്തിലെ ഭൂവിഭാഗങ്ങളെ തരംതിരിക്കാം.

## കാലാവസ്ഥകൾ

കേരളത്തിൻെറ പൊതുകാലാവസ്ഥ-വർഷം, ശൈത്യം വേനൽ-ചെറിയ ഏറ്റക്കുറച്ചിലുകളോടെ പഞ്ചായത്തിലും അനുഭവപ്പെടുന്നു. ജില്ലയിലെ വർഷപാത നിരക്ക്-3074 മി.മീ. നേരിയ വ്യതിയാനത്തോടെ ഈ പ്രദേശത്തും ലഭ്യമാകുന്നു. കൂടുതൽ മഴ ലഭിക്കുന്നത് ഇടവപ്പാതിയിലാണ്. തുലാവർഷം മെച്ചപ്പെട്ടതായിരുന്നുവെങ്കിലും ലഭിക്കുന്ന കാലത്തിനു വൈവിധ്യം അനുഭവപ്പെടുന്നു. മുൻ വർഷങ്ങളെ അപേക്ഷിച്ച് അന്തരീക്ഷ ഊഷ്മാവ് കൂടുന്നതായി അനുഭവപ്പെടുന്നു.

## ജലലഭ്യത

കണ്ണൂർ ജില്ലയിലെ ശരാശരി മഴ 3074 മി.മീ.ആണ്. ശരാശരി ഇതേ അളവിൽതന്നെ പഞ്ചായത്തിലും ലഭിക്കുന്നു. പഞ്ചായത്തിനെ, രണ്ടു വില്ലേജുകളായി വിഭജിച്ചു. കുപ്പം പുഴ 10കി.മീ. പഞ്ചായത്തിലൂടെ ഒഴുകുന്നു. കൂടാതെ ഇതിൻെറ കൈവഴികളും മറ്റുമായ അമ്പതോളം തോടുകളും അനേകം നീരുറവകളും കുളങ്ങളും നമ്മുടെ ജല സംഭരണികളാണ്. പ്രകൃതിയുടെ വരദാനമായ പുഴ ഡിസംബർ മാസത്തോടെ ഓരു ജലംകയറുന്നതിനാലും മണ്ണിൻെറ ജല ആഗിരണശേഷിയുടെ കുറവും വർദ്ധിച്ച തോതിലുള്ള നീർവാർച്ചയും കാരണം മാർച്ച് മാസത്തോട്കൂടി നീരുറവുകൾ വറ്റുകയും പഞ്ചായത്തിലെ പല പ്രദേശങ്ങളും കൊടിയ വരൾച്ച നേരിടുന്നു.

## മണ്ണ്

സമതലങ്ങളിലെ വയലുകളിൽ കളിമണ്ണും മണൽ നിറഞ്ഞ പശ്ചിമരാശിമണ്ണും തീരസമതലങ്ങളിൽ മണൽ നിറഞ്ഞ ഏക്കൽ മണ്ണും സമതലങ്ങളിലും ചെരിവുകളിലും കുന്നുകളിലും ചരൽ നിറഞ്ഞ കരിമണ്ണും ചെമ്മണ്ണും കരിങ്കൽപാറകളുമാണ്. പീഢഭൂമികളിൽ ചരൽ നിറഞ്ഞ കരിമണ്ണും ചെമ്മണ്ണും ചെങ്കൽപാറകളും നിറഞ്ഞതാണ്. തരിശായിക്കിടക്കുന്ന വെറും പാറപ്രദേശം പഞ്ചായത്തിൽ 470-ഏക്കറോളം വരും.

## ഭൂവിനയോഗം

പഞ്ചായത്തിലെ 13536.92 ഏക്കറിൽ 5000 ഏക്കറിലധികം ഭൂമി കൃഷിക്ക് ഉപയോഗിക്കുന്നു. തരിശ്ശിട്ടിരിക്കുന്ന 8500-ഓളം ഏക്കർ ഭൂമിയിൽ ചുരുങ്ങിയത് 50% എങ്കിലും കൃഷിക്ക് ഉപയോഗപ്പെടുത്താൻ സാധിക്കുന്നവയാണ്. കാർഷികമേഖലയിലെ പ്രധാനവിള നെല്ല് ആണ്. നാണ്യവിളകളായ തെങ്ങ്, കവുങ്ങ്, കശുമാവ്, റബ്ബർ, കുരുമുളക്, തുടങ്ങിയവയാണ് മറ്റു പ്രധാന വിളകൾ. അടുത്തകാലത്ത് നെൽവയലുകളുടെ വിസ്തൃതി ക്രമാതീതമായി കുറഞ്ഞുവരുന്നു. കശുമാവ് കൃഷി കുറഞ്ഞുകൊണ്ടിരിക്കുകയും റബ്ബർ കൃഷി വ്യാപകമാവുകയും ചെയ്യുന്നു. റബ്ബർ ഒഴികെയുള്ള മറ്റൊരു കാർഷിക വിളയുടെയും ഉല്പാദക്ഷമത സംസ്ഥാന ശരാശരിയിലും കുറവാണ്.

ലഭ്യമായ കണക്കുകൾ അനുസരിച്ച് (കഴിഞ്ഞ മൂന്നു വർഷങ്ങളായി) ജനന-മരണ നിരക്കുകൾ കുറഞ്ഞു വരുന്നതായി കാണാം.

**പരിയാരം പഞ്ചായത്ത് ഭൂവിസ്തൃതി തരംതിരിവ്**

| | |
|---|---|
| ആകെ ഭൂവിസ്തൃതി | 54.77 ച.കി.മീ. |
| നിലം | 1353.69 |
| പുരയിടം | 3660 |
| പുറംപോക്ക് | 699.26 |
| തരിശ് | 2426.92 |
| റോഡ് | 108.17 |
| തോട് | 71.98 |
| കുളം | 3.15 |
| പുഴ | 225.68 |
| പാറ,തരിശ്, ഗവ:റിസർവ് | 172.62 |

# കൃഷിയും ജലസേചനവും

## കാർഷിക ചരിത്രം



അരനൂറ്റാണ്ടുമമ്പുവരെ പഞ്ചായത്തിലെ മൊത്തം ഭൂമിയും ഇരുപതോളം വരുന്ന ദേവസ്വങ്ങളുടെയും ജന്മിമാരുടെ കൈവശമായിരുന്നു. സാധാരണ കൃഷികൃക്കാർ ജന്മിമാരുടെ കുടിയാന്മാരും നെൽവയലുകളും കാടുകൾ വെട്ടിത്തെളിയിച്ച് കൃഷിക്ക് അനുയോജ്യമാക്കിത്തീർക്കേണ്ടുന്ന സ്ഥലങ്ങളുമെല്ലാം കൃഷിക്കാർക്ക് പാട്ടമായാണ് നൽകിയത്.

നെല്ല്, മറ്റ് കാർഷിക വിഭവങ്ങൾ എന്നിവയുടെ വിളമേനി നോക്കിയാണ് പാട്ടം നിശ്ചയിച്ചിരുന്നത്. വാശി, നുരി, വച്ചുകാണൽ, കങ്കാണി പത്തിന് രണ്ട് എന്നിവയിലൂടെ വിളവിന്റെ സിംഹഭാഗവും ജന്മിമാർക്ക് നൽകേണ്ടിവന്നു. അദ്ധ്വാനത്തിനനുസരിച്ച് ഗുണഫലം അനുഭവിക്കാൻ അന്നത്തെ കൃഷിക്കാരന് കഴിഞ്ഞില്ല. പകലന്തിയോളം പണിഎടുത്തിട്ടും വയർ നിറക്കാൻ കഴിഞ്ഞില്ലെന്ന് മാത്രമല്ല കൃഷിക്കാരനും കുടുംബവും ജന്മിമാർക്ക് കടപ്പെട്ടവനായിത്തീർന്നു. മാത്രമല്ല പിന്നീട് ഭീഷണിയിലൂടെ കൃഷിക്കാരെ ഒഴിപ്പിക്കാനും ജന്മിമാർ തയ്യാറായി. കൃഷിക്കാരൻ വിയർപ്പൊഴുക്കി ഉണ്ടാക്കിയ വൃക്ഷങ്ങളും സമ്പുഷ്ട ഭൂമിയും കണ്ട് ആർത്തിപൂണ്ട ജന്മിയുടെ നിർബന്ധ ഒഴിപ്പിക്കലിന്റെയും പീഢനങ്ങളുടെയും സൃഷ്ടിയായിരുന്നു 1930 കളിലെ കാർഷിക രംഗത്തെ സമരങ്ങളും പോരാട്ടങ്ങളും.

നമ്മുടെ ഗ്രാമത്തിൽ 4 പതിറ്റാണ്ടുകൾക്ക് മുമ്പുവരെ പുനം കൃഷി വ്യാപകമായിരുന്നു. കൂട്ടു കുടുംബ വ്യവസ്ഥയും കൃഷിക്കാരുടെ കൂട്ടായ്മയും അന്നത്തെ കൃഷിക്ക് അനുകൂല ഘടകങ്ങളായിരുന്നു. നെല്ലിന് പുറമെ ചാമ, മുത്താറി, തുവര, ചോളം, എള്ള് എന്നിവയും ഇടവിളയായി പച്ചക്കറികളും കൃഷിചെയ്തു. ഏതാണ്ട് 2 പതിറ്റാണ്ട് മുമ്പ്വരെ നമ്മുടെ സമതലങ്ങളിൽ പുത്താട കൃഷി വ്യാപകമായിരുന്നു. അന്നത്തെ പ്രധാന കൃഷിയായിരുന്ന പറങ്കികൃഷി ഇന്ന് കാണാനേ ഇല്ല. പുത്താട, നവര, മോടോൻ, ചോമൻ എന്നീ നെൽ വിത്തുകളാണ് ഉപയോഗിച്ചിരുന്നത് തുവ നല്ല പ്രതിരോധ ശേഷിയുള്ളവയായിരുന്നു. നെല്ല് കൊയ്ത ഉടനെ മുതിര, എള്ള്, പയർ എന്നിവ വ്യാപകമായി കൃഷി ചെയ്തിരുന്നു. ഇതിന് ചിലവ് കുറവും നല്ല ലാഭകരവുമായിരുന്നു.

ജന്മിത്വചൂഷണത്തിനെതിരെയും തങ്ങളുടെ ജന്മാഭിലാഷങ്ങൾ പൂർത്തീകരിക്കുന്നതിനും വേണ്ടി ഈ പ്രദേശത്തെ കൃഷിക്കാർ അനുഭവിക്കേണ്ടിവന്ന ത്യാഗം പുതിയ തലമുറക്ക് പാഠമായിരിക്കേണ്ടതാണ്. രണ്ടാം ലോകമഹായുദ്ധത്തിന്റെ ആരംഭത്തോടെ കോൺഗ്രസ്സിലെ ഇടതുപക്ഷവും വലതുപക്ഷവും തമ്മിലുള്ള സംഘർഷവും തുടർന്നുണ്ടായ സാമ്രാജ്യത്വ വിരുദ്ധ പ്രസ്ഥാനവും പിന്നീട് സോഷ്യലിസ്റ്റ്, കമ്മ്യൂണിസ്റ്റ് പാർട്ടിയും കർഷകരെ സംഘടിപ്പിക്കുന്നതിനും സമരം നയിക്കുന്നതിനും മുന്നോട്ട് വന്നു. ഭൂമിക്കും സ്വാതന്ത്രത്തിനും വേണ്ടി മാത്രമായിരുന്നില്ല തോട്ടുകൂടായ്മക്കും തീണ്ടിക്കൂടായ്മയും ഉൾപ്പെടെ ഉച്ചനീചത്വങ്ങൾക്കെതിരായിരുന്നു വളർന്നുവന്ന കർഷകസമരങ്ങൾ. ഐക്യകേരള പിറവിക്ക് ശേഷം രൂപം കൊണ്ട കമ്മ്യൂണിസ്റ്റ് മന്ത്രിസഭ കർഷകർക്ക് പുതുജീവൻ നൽകി.തുടർന്നു 1971വരെ കേരളത്തിലുണ്ടായ ഭൂപരിഷ്കരണനടപടിയിലൂടെ ഇവിടെ കൊടി കുത്തിവാണിരുന്ന ഫ്യൂഡൽ ജന്മിത്വം അവസാനിച്ചുവെങ്കിലും പുതിയമുതലാളിത്ത ചൂഷണം ഇപ്പഴും കൃഷിക്കാരെ വേട്ടയാടിക്കൊണ്ടിരിക്കുന്നു.

1940 കളിൽ വടക്കേമലബാറിലാകയും വ്യാപകമായി ഉയർന്നുവന്ന കർഷകസമരത്തിന്റെ അനുബന്ധമായിരുന്നു. നമ്മുടെ പഞ്ചായത്തിലെ കുറ്റ്യേരി വില്ലേജിലെ



മാവിച്ചേരി സംഭവം. ഇന്നും ജീവിച്ചിരിക്കുന്ന ഇതിഹാസ മായ ശ്രീ കെ.പി.ആർ ഗോപാലൻ ഒന്നാം പ്രതിയായി 32പേർ ഉൾകൊള്ളുന്ന പ്രശസ്തരായ കർഷകനേതാക്ക ളോടൊപ്പം തുടങ്ങിയ പഞ്ചായത്തിലെ കൃഷിക്കാരും നേതൃരംഗത്തുണ്ടായിരുന്നു.

തിരുവുതാംകൂറിൽനിന്നുള്ള കുടിയേറ്റ കൃഷി ക്കാരുടെ വരവോടെ കൃഷിസമ്പ്രദായങ്ങൾക്ക് മാറ്റം വരുവാൻ തുടങ്ങി. ആദ്യഘട്ടം മരച്ചീനിയും അതോടുകൂടി കശുവണ്ടിയും സമീപകാലത്തു റബർ കൃഷിയും വ്യാപക മായി വളർന്നു. ഇന്ന് കൃഷിക്കാർക്ക് കൂടുതൽ താല്പര്യം നാണ്യവിളകൾ കൃഷിചെയ്യുന്നതിനാണ്. നെൽ വയലു കളിൽ മുമ്പു രണ്ട് വിളയും ചില ഇടങ്ങളിൽ 3വിളയും കൃഷിചെയ്തിരുന്നു. വന നശീകരണത്തിന്റെയും അശാസ്ത്രീയ കൃഷി സമ്പ്രദായങ്ങളുടെയും ഫലമായി 3 വിളകൃഷി 2 വിളയായും 2 വിള ഒരു വിളയായും ചുരുങ്ങിവന്നു മത്രമല്ല നെൽകൃഷിയുടെ വിസ്തീർണ്ണം കുറഞ്ഞുവരികയും ചെയ്തു.

ഇതിന് മുഖ്യമായും 5 കാരണങ്ങളുണ്ട്

1 നെൽകൃഷി ആദായകരമല്ല.

2. കർഷക തൊഴിലാളികളുടെ ദൗർലഭ്യം പട്ടിക ഒന്ന്.

3. നെൽകൃഷിയേക്കാൾ ആദായകരമായ തെങ്ങ്, കമുക് കൃഷികൾക്കും വീടുവെക്കാനും നെൽ പാടങ്ങൾ ഉപയോഗിക്കൽ.

4. ജലസേചന സൗകര്യത്തിന്റെ അപര്യാപ്തത.

5. രാസവളങ്ങളുടെയും കീടനാശിനികളുടെയും വിലവർദ്ധന.

## ഭൂമിയുടെ കിടപ്പും മൺതരങ്ങളും

ഉയർന്ന സമതലം ചരിവുകൾ, തീരസമതലം എന്നിങ്ങനെയാണ് ഭൂമിയുടെ കിടപ്പ്.തീരസമതലങ്ങളിൽ നെൽകൃഷി, പച്ചക്കറി എന്നിവയും ഉയർന്ന സമതല ങ്ങളിലും ചരിവുകളിലും തെങ്ങ്, കശുമാവ്, റബർ, കുരുമുളക്, മരച്ചീനി എന്നിവയും കൃഷി ചെയ്യുന്നു. വയൽ നിലങ്ങളിൽ മണൽ നിറഞ്ഞ കളിമണ്ണ്, മണൽ നിറഞ്ഞ പശ്ചിമരാശി മണ്ണ്, എക്കൽ മണ്ണ് എന്നിവയും ഉയർന്ന സമതലങ്ങളിലും ചരിവുകളിലും ചെമ്മണ്ണ്, ചരൽ നിറഞ്ഞ ചെമ്മണ്ണ്, കരി മണ്ണ് എന്നിവയും ഉയർന്ന സമതലങ്ങളിലും ചരിവുകളിലും ചെമ്മണ്ണ്, ചരൽനിറഞ്ഞ ചെമ്മണ്ണ്, കരി മണ്ണ് എന്നിവയും കാണും ചരിവുകളിൽ ഉരുളൻ ചെങ്കൽ പാറകളും അവിടവിടെയായി കരിങ്കൽ പാറകളും കാണാം.

# നെൽകൃഷി

നെൽകൃഷി കാലവർഷത്തെ ആശ്രയിച്ചിരിക്കുന്നു. കാലാവസ്ഥയിലുണ്ടാകുന്ന പ്രതികൂല മാറ്റങ്ങൾ കൃഷിയെയും ബാധിക്കുന്നു. ഏപ്രിൽ അവസാനത്തോടെ ഒന്നാം വിളയുടെ വിത്തിറക്കുന്നു

മെയ് ജൂൺ മാസങ്ങളിൽ ഞാറ്റടി തയ്യാറാക്കി ഞാറ് പിരിച്ച്നടുന്ന രണ്ടാവിളക്ക് സെപ്തംബർ മാസത്തിൽ വിത്തിറക്കുകയും ഒക്റ്റോബർ-നവംബർ മാസങ്ങളിൽ ഞാറ് പറിച്ചു നടുകയും ചെയ്യുന്നു. ഞാറ്റടി തയ്യാറാക്കു മ്പോൾ തന്നെ ജൈവവളങ്ങളും രാസവളങ്ങളും ചേർക്കുന്നു. കതിർ വിരിയുന്നതിന് മുമ്പ് ഒന്നും രണ്ടും തവണ വളം ചേർക്കുന്ന കൃഷിക്കാരുമുണ്ട്. പച്ചിലകളുടെ ദൗർലഭ്യം വർഷം തോറും കൂടിവരുന്നു. നെൽമണികൾ

പതിരായിപോകുന്ന സ്ഥിതിയും കൂടിവരുന്നുണ്ട്.

## നെല്ല്

| ഇനം | വിസ്തീർണ്ണം (ഹെക്റ്ററിൽ) | മൊത്തം ഉൽപാദനം കി.ഗ്രാമിൽ | ഉൽപാദനക്ഷമത കി.ഗ്രാമിൽ |
|---|---|---|---|
| ഒന്നാം വിള | 420 ഹെക്ടർ | 550200 | 1310 |
| രണ്ടാം വിള | 245 | 330200 | 1360 |
| പയർ | 75 | 30375 | 405 |

ഒന്നാം വിളക്ക് മുഖ്യമായും അത്യുല്പാതന ശേഷിയുള്ള വിത്തിനങ്ങളും രണ്ടാം വിളക്ക് കൂടുതൽ നാടൻ ഇനങ്ങളുമാണ് ഉപയോഗിക്കുന്നത്. ഒരു പൂനിലങ്ങളിൽ ഉഴുന്നു, ചെറുപയർ എന്നിവയും പച്ചക്കറികളും കൃഷിചെയ്യുന്നു. ഇത് ലാഭകരവുമാണ്.

## തെങ്ങ്

തെങ്ങുണ്ട് തേങ്ങ ഇല്ല എന്നതാണ് സ്ഥിതി. നമ്മുടെ പഞ്ചായത്തിൽ 675 ഹെക്ടർ സ്ഥലം തെങ്ങ് കൃഷി ചെയ്യുന്നവയാണ്. ജൂലായ്, ആഗസ്റ്റ് മാസങ്ങളിൽ തടമെടുത്ത് പച്ചിലയും ജൈവവളവും ചാരവും ചുരുങ്ങിയ നിലയിൽ രാസവളവും ഉപയോഗിക്കുന്നു. ഒന്നിടവിട്ട വർഷങ്ങളിലാണ് അധികവും ഈ നിലയിൽ വളം ചേർക്കുക. നാലും അഞ്ചും വർഷം വളം ചേർക്കാത്ത കൃഷിക്കാർ ഇവിടെയുണ്ട്. നമ്മുടെ തെങ്ങുകളിൽ പൊതുവെ കായ്കൾ കുറവാണ്. എന്നാൽ തീരപ്രദേശങ്ങളിൽ വിളമേന്മയുണ്ട്.

വിള വിസ്തീർണ്ണവും ഉൽപാദനവും

| ഇനം | വിസ്തീർണ്ണം ഹെക്ടറിൽ | മൊത്തംഉൽപാദനം കി. ഗ്രാമിൽ | ഉൽപാദനക്ഷമത ഹെക്റ്ററിൽ |
|---|---|---|---|
| 1. നെല്ല് ഒന്നാംവിള | 420 | 550200 | 1310 |
| 2. നെല്ല് രണ്ടാംവിള | 245 | 333200 | 1360 |
| 3. നെല്ല് മൂന്നാംവിള | | | |
| 4. പയർ | 75 | 30375 | 405 |
| 5. എള്ള് | 5 | 1250 | 250 |
| 6. പച്ചക്കറി | 20 | 25600 | 1250 |
| 7. തെങ്ങ് | 660 | 2887500 എണ്ണം | 4375 എണ്ണം |
| 8. വാഴ | 28 | 490000 | 17500 കിലോ ഗ്രാം |
| 9. മരച്ചീനി | 60 | 46800 | 7800 കിലോ ഗ്രാം |
| 10. കശുമാവ് | 1085 | 558775 | 515 |
| 11. റബർ | | | |
| 12. കവുങ്ങ് | 208 | 540800 | 2600 |

## റബ്ബർ

അടുത്തകാലത്തായി റബ്ബർ വ്യാപകമായി കൃഷിചെയ്തുവരുന്നു. ആദ്യഘട്ടത്തിൽ നാടൻ ഇനങ്ങളാണ് കൃഷിചെയ്തിരുന്നത്. എങ്കിലും പിന്നീട് ഉൽപാദനക്ഷമതയുള്ള സങ്കര ഇനങ്ങൾ കൃഷിചെയ്യാൻ കൃഷിക്കാർ താല്പര്യം പ്രകടിപ്പിക്കുന്നുണ്ട്. സമയാസമയങ്ങളിൽ വളം ചേർക്കാനും മെച്ചപ്പെട്ട നിലയിൽ പരിപാലിക്കാനും കഴിഞ്ഞാൽ നല്ലനിലയിൽ ഈ കൃഷി മെച്ചപ്പെടുത്താൻ കഴിയും. നമ്മുടെ കാലാവസ്ഥയും ഇതിന്ന് യോജിച്ചതാണ്.

## മറ്റു കൃഷികൾ

കുരുമുളക് കൃഷിയാണ് മുൻകാലങ്ങളിൽ പ്രധാനപ്പെട്ടത്. ധ്യുതവാട്ട രോഗവും അനുയോജ്യമല്ലാത്ത കാലാവസ്ഥയും മൂലം ഇന്ന് കുരുമുളക് കൃഷി തകർച്ചയിലാണ്. കൃഷിക്കാർ താല്പര്യം കാണിക്കായ്കയും ഉണ്ട്. തീരപ്രദേശങ്ങളിൽ കവുങ്ങ്, വാഴ എന്നിവ കൃഷിചെയ്യുന്നു. കവുങ്ങിന് പിടിപെടുന്ന മഹാളി രോഗം മൂലം ഉൽപാദനത്തിൽ ഗണ്യമായ കുറവ് അനുഭവപ്പെടുന്നു. കൃഷിക്കാരിൽ പലരും ശാസ്ത്രീയമായ രീതിയിൽ വളം ചേർക്കാറില്ല. വേനൽക്കാലത്ത് നേന്ത്രവാഴ കൃഷി വ്യാപകമായി ചെയ്യുന്ന മേഖലകളുണ്ട്. നല്ല നിലയിൽ വിത്തും രാസവളങ്ങളും ആവശ്യമായ ജലസേചന സൗകര്യവും ഉപയോഗിച്ച് കൊണ്ട് കൃഷിചെയ്യുന്നവരുമുണ്ട്. ഇത് ലാഭകരവുമാണ്. കശുമാവ് കൃഷി സമതലങ്ങളിലും ചരിവുകളിലും കൃഷിചെയ്യുന്നു. ഒറ്റപ്പെട്ട നിലയിലും കേന്ദ്രീകൃത രീതിയിലും ഇവ കാണാം. ഭൂരിഭാഗവും വലിയ മുതൽമുടക്കില്ലാതെ ചെയ്യുന്ന ഈ കൃഷി കാലാവസ്ഥ തുണക്കുകയാണെങ്കിൽ കൃഷിക്കാർക്ക് വലിയ ലാഭകരമായിരിക്കും. ഈ കൃഷിക്ക് നേരിടുന്ന തടിതുരപ്പൻ രോഗം തടയാൻ മരുന്നുതെളി അത്യാവശ്യമാണ്.

## കാർഷിക ബന്ധങ്ങൾ

ഭൂപരിഷ്കരണ നിയമങ്ങളുടെ ഫലമായി വൻകിട കൃഷിക്കാരുടെ എണ്ണം കുറഞ്ഞുവന്നു. ചെറുകിടക്കാരും പരിമിത കൃഷിക്കാരുമാണ് അധികവും സ്വന്തം പുരയിടവും

ചുറ്റുപാടുമുള്ള കൃഷിക്കാരുമുണ്ട്. തൊഴിലാളി തൊഴിലുടമാ ബന്ധത്തിൽ കാര്യമായ മാറ്റം വന്നു. അത് വളർന്നുവന്ന് കാർഷികജോലിതന്നെ മാന്യത കുറഞ്ഞതായി കാണുന്ന നിലയിലെത്തി നില്ക്കുന്നു. രക്ഷിതാക്കൾ സ്വന്തം മക്കളെ കാർഷിക രംഗത്തേക്കയക്കുന്നില്ല. യുവതി യുവാക്കളാണെങ്കിൽ പുറം തിരിഞ്ഞുനില്ക്കുന്നു. സ്വയം കൃഷി ചെയ്യുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നു. തൊഴിൽ പരിശീലനവും കുറഞ്ഞുവരുന്നു. അങ്ങിനെ കാർഷിക ബന്ധങ്ങളിലുള്ള ഈ നില കാർഷികരംഗത്ത് വെല്ലുവിളികളെ നേരിടുകയാണ്.

പട്ടിക മൂന്ന്

| കർഷക തൊഴിലാളികളുടെ കൂലിനിരക്കും വ്യത്യസ്ഥ ഇനവും | | |
|---|---|---|
| തൊഴിൽ ഇനം | പുരുഷൻ | സ്ത്രീ |
| നെൽവയൽ കൃഷിപ്പണി | 100 | 45 |
| തെങ്ങിന് തടമെടുക്കൽ | 100 | |
| പറമ്പിൽ കൊത്ത് | 100 | |
| നെല്ലിന് കളപറിക്കൽ | 100 | |
| വളം കടത്തൽ, പച്ചിലശേഖരണം | | 40 |
| റബ്ബർ തടമെടുപ്പും മറ്റും | 100 | |
| ടില്ലർ കൂലി മണിക്കൂറിൽ | 100 | |
| കപ്പ (മരച്ചീനി)കൊത്തൽ | 100 | 45 |

## കൃഷിഭവനുകളുടെ പ്രവർത്തനം

പഞ്ചായത്തിൽ ഒരു കൃഷിഭവൻ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇതിന്റെ സേവനം പൂർണ്ണമായും കൃഷിക്കാർക്ക് ലഭിക്കുന്നില്ല. പഞ്ചായത്ത് ആകെ വ്യാപിച്ചു കിടക്കുന്ന പ്രവർത്തനമേഖലയും വേണ്ടത്ര ജീവനക്കാരില്ലായ്മയുമാണ് കാരണം. നല്ല ഇനം നടീൽ വസ്തുക്കളുടെ ലഭ്യതകുറവുണ്ട്. കൃഷിഭവനുകളിൽ കുറഞ്ഞതോതിൽ മാത്രമേ ഇവ എത്തുന്നുള്ളു. യഥാസമയങ്ങളിൽ നടത്തേണ്ടുന്ന കാർഷികപരിപാലന രീതികളെപ്പറ്റി കർഷകർക്ക് വേണ്ടത്ര അറിവു ലഭിക്കുന്നില്ല. ഗുണമേന്മ ഏറിയ വിത്തുകളും ശാസ്ത്രീയ സമ്പ്രദായങ്ങളും ഇനിയും കൃഷിക്കാരിൽ എത്തിക്കേണ്ടതായിട്ടുണ്ട്.

## യന്ത്രോപകരണങ്ങൾ

നമ്മുടെ ഗ്രാമത്തിൽ കാർഷികയന്ത്രോപകരണങ്ങളുടെ എണ്ണം പൊതുവെ കുറവാണ്. പാടശേഖര സമിതിയുടെ 5 പവർ ടില്ലറുകൾ ഉൾപ്പെടെ 7 ടില്ലറുകളും നാമമാത്രമായ മറ്റ് യന്ത്രോപകരണങ്ങളും ഉപയോഗിക്കുന്നു. നിലം ഉഴുകുന്നതിന് കാളകളെ ഉപയോഗിക്കണമെങ്കിൽ വലിയ പ്രയാസം അനുഭവപ്പെടുന്നു. ഇത് പരിഹരിക്കാൻ പവർ ടില്ലറുകൾ ആവശ്യമായിട്ടുണ്ട്. തെങ്ങുകയറ്റ യന്ത്രങ്ങളും സ്പ്രേയറുകളും നമുക്ക് ആവശ്യത്തിനില്ല.

പട്ടിക നാല്

| | |
|---|---|
| ടില്ലർ | 7 |
| റോക്കറസ്പ്രയർ | 75 |
| താപ് സ്റ്റാക്ക്സ്പ്രേയർ | 15 |
| പവർ സ്പ്രേയർ | 1 |
| തെങ്ങുകയറ്റ യന്ത്രം | 5 |
| പോർട്ടബിൾ പമ്പുസെറ്റ് | 35 |

# സബ്സിഡികൾ

കാർഷികരംഗം അഭിവൃദ്ധിപ്പെടുത്തുന്നതിന് വേണ്ടി അതതുകാലത്ത് സർക്കാർ പ്രഖ്യാപിക്കുന്ന സബ്സിഡികൾ കൃഷിഭവനിലൂടെ ലഭിച്ചുവരുന്നു. ഇത് യഥാർത്ഥത്തിൽ ലഭിക്കേണ്ടുന്നവർക്കല്ല പലപ്പോഴും ലഭിക്കുന്നത്. ഈ ആനുകൂല്യം ദുരുപയോഗപ്പെടുത്തുന്നസ്ഥിതിയും ഉണ്ട്. അത്യുൽപാദനശേഷിയുള്ള വിത്തുകളും വിവിധ കൃഷികൾക്ക് കീടനാശിനികളും രാസവളങ്ങളും ലഭ്യമാകാറുണ്ട്. കൂടാതെ നെൽകൃഷിക്ക് ഹെക്ടറിന് 250 രൂപയും കുരുമുളക് കൃഷിക്ക് പ്രവർത്തിച്ചിലവുകൾക്കുള്ള സംഖ്യയും ലഭ്യമാകാറുണ്ട്.

## വായ്പാസൗകര്യം

ഇന്ന് രണ്ട് വില്ലേജുകളിലായി സ്ഥിതി ചെയ്യുന്ന സഹകരണ ബാങ്കുകളാണ് കൃഷിക്കാരന്റെ വായ്പാ സ്രോതസ്സ്. കൃഷിക്കാരന്റെ യഥാർത്ഥസ്ഥിതി മനസ്സിലാക്കിക്കൊണ്ടുള്ള പദ്ധതികൾ ഇനിയും ആവിഷ്കരിക്കേണ്ടതുണ്ട്. മണ്ണൊലിപ്പ് തടയുന്നതിനും ജലസേചനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പലിശ കുറഞ്ഞ ദീർഘകാലവായ്പകളുടെ ലഭ്യത ഇന്ന് പരിമിതമാണ്. ഹൃസ്വകാല കടങ്ങൾ കൃഷിക്കാരൻ വാങ്ങിയാൽ ദുരുപയോഗപ്പെടുത്തുന്ന സ്ഥിതിയുമുണ്ട്. ഈ രംഗത്ത് സഹകരണസംഘങ്ങളുടെ സേവനം നല്ലനിലയിൽ തന്നെ നമ്മുടെ പഞ്ചായത്തിൽ ലഭ്യമാണ്. വിശദമായ വിവരങ്ങൾ സഹകരണ മേഖലയുമായ റിപ്പോർട്ടിൽ സൂചിപ്പിക്കുന്നുണ്ട്.

## ജലസേചന സൗകര്യങ്ങൾ

പൊതുവെ ജലസേചന സൗകര്യം കുറഞ്ഞ സ്ഥലങ്ങളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. ചെറുതും വലുതുമായ 50ഓളം തോടുകൾ വിവിധഭാഗങ്ങളിലെ

കുന്നുംചരിവുകളിൽ നിന്നും ഉത്ഭവിച്ച് പഞ്ചായത്തിൻെറ മദ്ധ്യഭാഗത്തുകൂടി ഒഴുകി കടലിലേക്ക് ചേരുന്നു. തോടുകളിലെ വെള്ളം ഡിസംബർ-ജനുവരി മാസത്തോടെ വറ്റിപ്പോകുന്നു. കാടുകളും മരങ്ങളും അപ്രത്യക്ഷ മാവുകയും റബർ കൃഷി വ്യാപകമാവുകയും ജനസാന്ദ്രത കൂടുകയും ചെയ്തത് വരൾച്ചയുടെ ആക്കം കൂട്ടുന്നു. ജലനിരപ്പ് താരതമ്യേന കുറഞ്ഞുവരുന്നതും എല്ലാ കൃഷികളെയും ബാധിക്കുന്നു. പൊതുവെ കുളങ്ങൾ ഉൾപ്പെടെ 55 കുളങ്ങളും 20 പൊതുകിണറുകളും പഞ്ചായത്തിലുണ്ട്. 15 കുളങ്ങളിലെ വെള്ളം വറ്റാറില്ല. തോടുകളിൽ 8 ക്രോസ് ബാറുകളും 2 ചീർപ്പുകളും ഉണ്ട്. ഏകദേശം 100 പമ്പുസെറ്റുകളും ജലസേചന സൗകര്യത്തിനായി ഉപയോഗപ്പെടുത്തുന്നു. ഇതിൽ 15 എണ്ണം വൈദ്യുതിയിലും ബാക്കി മണ്ണെണ്ണയിലും പ്രവർത്തിക്കുന്നു. ഡിസംബർ-ജനുവരി മാസത്തോടെ പുഴയിൽ ഉപ്പുവെള്ളം കയറുന്നു.

പ്രധാനപ്പെട്ട തോടുകൾ:

1 പെരുമ്പ തോട്, 2 പെരക് തോട്
3. തച്ചറ തോട് 4 പൈങ്ങാം തോട്
5. മരിതിയാട് തോട 6 കാർക്ക-ചെനയന്നൂർതോട്-മാവിച്ചേരി വെള്ളാവ് തോട്
7. ചെനയനൂർ തോട് മുടക്കല്ലി തോട്
8. അരീക്കാനം മുതലി തോട്
9. പുത്തലം തോട് 10. മേപ്പാട്ട്കാനം തോട്
11. നെല്ലിപ്പറമ്പ് അമ്പലക്കുളംതോട്
12. മുടിക്കാനം വാലാംപൊയിൽ തോട്
13. കുണ്ടുപ്പാറ കാപ്പുങ്കൽ തോട്
14. തൊണ്ടന്നൂർ കാപ്പുങ്കൽ തോട്
15. ഓണപ്പറമ്പ് പാലോളം തോട്
16. അണ്ടേൻകുളം തോട് 17. എരഞ്ഞിതോട്
18. കൂളിമൂല തോട്
19. വെള്ളാംകണ്ടി കല്ലോത്ത് തോട്
20. കാരോട് ശ്രീ കൈപ്പാട് തോട്
21. ആനക്കീൽ തോട് 22. പൊടിക്കളം തോട്
23. കൂളിത്തട്ട് തോട് 24. ഇടത്തോട്
25. ഇല്ലം തോട് 26. കുട്ടംകുണ്ട് തോട്
27. എരട്ടക്കുളം തോട് 28. പുളിയൂൽ പറയൻ തോട്
29. എടപ്പാറ താനാംചിറ തോട്
30 മേനച്ചൂർ കുട്ടിക്കാനം തോട് 31. കണ്ണൈകെ തോട്
32. തോട്ടീക്കൽ അരിപ്പാമ്പ്രതോട് 33. അമ്പലം തോട്

# പ്രശ്നങ്ങൾ

1. അത്യുൽപാദനശേഷിയുള്ള വിത്തുകളുടെയും ആധുനിക കൃഷി സമ്പ്രദായങ്ങളുടെയും അഭാവം.

2. ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത.

3. ചെടികൾക്കുണ്ടാകുന്ന രോഗങ്ങൾക്ക് അതത വസരത്തിൽ മരുന്നുതെളിക്കാനുള്ള സൗകര്യങ്ങളില്ലായ്മ.

4. നെൽപാടങ്ങൾ നികത്തി പുരയിടം നിർമ്മിക്കുന്ന അവസ്ഥ കൂടിവരുന്നു.

5. ആവശ്യത്തിന് യന്ത്രോപകരണങ്ങൾ ലഭിക്കായ്മ.

6.ആവശ്യത്തിന് കാർഷിക തൊഴിലാളികളെ ലഭിക്കുന്നില്ല.

7. കൃഷിഭവനുകളുടെ പ്രവർത്തനം പൂർണ്ണമായി ഉപയോഗ പ്പെടുന്നില്ല.

8. ഗ്രൂപ്പ് ഫാമുകളുടെയും പാടശേഖരസമിതിയുടെയും പ്രവർത്തനക്ഷമമില്ലായ്മ.

9. ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ലഭ്യതക്കുറവ്.

# സാദ്ധ്യതകൾ

1. നെൽകൃഷിചെയ്യുന്നവയലുകൾ. തനതായിതന്നെ നിലനിർത്തണം.

2. ജലസേചനസൗകര്യങ്ങൾക്ക് സമഗ്രമായ പദ്ധതി തയ്യാറാക്കുകയും മുൻഗണനാക്രമത്തിൽ നടപ്പിലാ ക്കുകയും ചെയ്യുക.

3. വില്ലേജ് അടിസ്ഥാനത്തിലെങ്കിലും കൃഷിഭവനുകൾ പ്രവർത്തിപ്പിക്കുകയും സേവനം മെച്ച പ്പെടുത്തുകയും ചെയ്യുക.

4. പവർടില്ലറുകൾ, മെതിയന്ത്രം, നടീൽ യന്ത്രം, സ്പ്രെയറുകൾ, തെങ്ങുകയറ്റയന്ത്രം മുതലായവ സൗജന്യ നിരക്കിൽ പാടശേഖരസമിതികളിലൂടെ വിതരണം ചെയ്യുക.

5. ഗ്രൂപ്പ്ഫാമുകളുടെയും പാടശേഖരസമിതികളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുകയും ഇതിനെ ഒരു ആധികാരികകമ്മിറ്റിആയി അംഗീകരിക്കുകയും വേണം. യന്ത്രോപകരണങ്ങളുടെ തേമാന ചിലവുകൾക്ക് ഗ്രാൻെറ് അനുവദിക്കുക.

7. ടില്ലറുകൾ വയലുകളിലെത്തിക്കുന്നതിന് സ്ലാബുകൾ നിർമ്മിക്കുക.സൗജന്യനിരക്കിൽ ട്രില്ലറുകൾ നൽകുക.

8. കൃഷിക്കാർക്ക് പലിശരഹിത കാർഷിക വായ്പകൾ അനുവദിക്കുക.

9. ഡ്രിപ്പ് ഇറിഗേഷൻ പ്രോത്സാഹിപ്പിക്കുകയും സൗജന്യനിരക്ക് അനുവദിക്കുകയും ചെയ്യുക.

10. സൗജന്യവൈദ്യുതി അനുവദിക്കുക.

11. കരപാടങ്ങളിൽ കിണറുകളും കുളങ്ങളും ഉണ്ടാക്കി ജലസേചനം മെച്ചപ്പെടുത്താം.

12. കൃഷിക്കാർക്കുള്ള സാങ്കേതിക പരിജ്ഞാനം നൽകുക. ഈ രംഗത്തേക്ക് ജനങ്ങളെ ആകർഷിക്കാനുള്ള ബോധവൽക്കരണം നൽകുക.

13. പച്ചക്കറി കൃഷി വ്യാപകമായി പ്രോത്സാഹിപ്പിക്കുവാൻ വിത്തും വളങ്ങളും സൗജന്യനിരക്കിൽ നൽകുക.

14.വന നശീകരണം തടയുകയും ബോധപൂർവ്വം പുതിയ മരങ്ങൾ വച്ചുപിടിപ്പിക്കുകയും വേണം.

15. മണ്ണ് പരിശോധനക്ക് ആവശ്യമായ സംവിധാനം വർദ്ധിപ്പിക്കുയും കാലതാമസം കൂടാതെ റിപ്പോർട്ടുകൾ ലഭ്യമാക്കുകയും വേണം.

16. കാർഷിക മേഖലയിൽ ജോലിയുടെയും കൂലിയുടെയും രംഗത്ത് ഏകീകരണം ഉണ്ടാക്കണം.

17. കുപ്പം പുഴയിലൂടെ കയറുന്ന ഉപ്പുവെള്ളം തടയാൻ ആവശ്യമായ സംവിധാനം ഉണ്ടാക്കണം.

18. ജൈവവളങ്ങളുടെ ഉപയോഗത്തിന്നായി കന്നുകാലി വളർത്തൽ വ്യാപകമായി പ്രോത്സാഹിപ്പിക്കണം.

19. കാർഷികോൽപന്നങ്ങളുടെ സംഭരണത്തിനും വിപണനത്തിനുമായ സഹകരണസംഘങ്ങൾ രൂപീകരിക്കുക.

20. ഇടവിളകൃഷി പ്രോത്സാഹിപ്പിക്കുക.

21. തോടുകളുടെ ആഴവും വീതിയും കൂട്ടുക.

22. നടീൽ വസ്തുക്കളുടെ ക്രമാധീതമായി വർദ്ധിക്കുന്ന സ്ഥിതി പരിഹരിക്കാൻ നഴ്സറികൾ സ്ഥാപിക്കുക.

23. തരിശ് ഭൂമി കൃഷിയോഗ്യമാക്കാൻ സംവിധാനങ്ങൾ ഉണ്ടാക്കുക.

24. വിളഇൻഷ്വറൻസ് സ്കീമിൽ എല്ലാ കൃഷി ക്കാരേയും ഉൾപ്പെടുത്തുക.

25. നല്ലയിനം വിത്തുകൾ ഉപയോഗിച്ച് മിതമായ വിലക്ക് നടീൽ വസ്തുക്കൾ ഉണ്ടാക്കുന്നതിന് നഴ്സറികൾ ഉണ്ടാക്കാൻ കൃഷിക്കാർക്ക് പലിശരഹിതവായ്പ നല്കുകയും ഗുണമേന്മ ഇല്ലാത്ത നടീൽ വസ്തുക്കൾ ഉണ്ടാക്കുന്ന അനധികൃത നഴ്സറികൾ നിരോധിക്കുകയും ചെയ്യുക.

26. നമ്മുടെ പഞ്ചായത്തിലെ വീട്ടുമുറ്റങ്ങൾ അധികവും നല്ലയിനം പുഷ്പതോട്ടങ്ങളാൽ അലംകൃതമാണ്. വ്യാവസായികാടിസ്ഥാനത്തിൽ പുഷ്പകൃഷി ചെയ്യുകയും പുഷ്പങ്ങൾ വിറ്റഴിക്കാൻ മാർക്കറ്റുണ്ടാക്കുകയുമാണെങ്കിൽ പ്രത്യേകിച്ച് സ്ത്രീകൾക്ക് ഒരു തൊഴിലും ഇതുവഴി നല്ല വരുമാന മാർഗ്ഗവും. ഇതിന് പ്രോത്സാഹനം നല്കുക.

27. അടുക്കളത്തോട്ടം പ്രോത്സാഹിപ്പിക്കുകയും അതത് വീട്ടാവശ്യത്തിനെങ്കിലും പച്ചക്കറികൾ ഉല്പാദിപ്പിക്കാനാവശ്യമായ സഹായങ്ങൾ നല്കുകയും രാസവസ്തുക്കളും മറ്റും ഉപയോഗിച്ച് പച്ചക്കറി വിഷമയമാക്കുന്ന അപകടകരമായ നടപടി നിരോധിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.



# മൃഗസംരക്ഷണം

കാർഷിക ഗ്രാമമായ പരിയാരം പഞ്ചായത്തിൽ വളരെക്കാലം മുമ്പ് മുതൽ കാർഷികാവശ്യങ്ങൾക്കും പാല് ഉത്പാദിപ്പിക്കുന്നതിനും വേണ്ടി കന്നുകാലികളെ വളർത്തിയിരുന്നു.

അന്ന് തരിശായികിടക്കുന്ന ധാരാളം മേച്ചിൻസ്ഥല ങ്ങൾ ഉണ്ടായിരുന്നതിനാൽ കന്നുകാലികളെ യഥേഷ്ടം തീറ്റിപോറ്റുന്നതിന് സാധ്യമായിരുന്നു. പിന്നീട് വന്ന ഭൂപരിഷ്കരണ നിയമത്തിൻെറ ഫലമായി ഭൂമി തുണ്ടു കളായി കൃഷിക്കാർക്ക് കൈവശമായി തീരുകയും അവർ അതിൽ കൃഷിയിറക്കി വേലികളും മതിലുകളും നിർമ്മിച്ചതുകൊണ്ട് പണ്ടത്തെപ്പോലെ യഥേഷ്ടം കാലി കളെ മേയ്ക്കാൻ സാധ്യമാവാതെ വന്നു. അതുകാരണം ഒരു നിശ്ചിത എണ്ണം കാലികളെ മേയ്ക്കുന്നതിന് ഒരു നിശ്ചിത തുക നല്കി കാലിമേയ്ക്കുന്ന ആളെ ഏൽപി ക്കുന്ന പതിവ് നിലവിൽ വന്നു. ഈ രീതിയിൽ കൊയ്ത്തു കഴിഞ്ഞതിനുശേഷം വയലുകളിലും പറമ്പുകളിലും കാലി കളെ ഇളക്കി മേയ്ക്കുകയും ചെയ്തിരുന്നു. അക്കാലത്തെ കന്നുകാലികൾ ഉത്പാദനക്ഷമത കുറഞ്ഞവ ആയിരുന്നു വെങ്കിലും ജൈവവളം വേണ്ടത്ര ലഭിച്ചിരുന്നു. കന്നുകാലി വളർത്തൽ ഒരു ഉപതൊഴിലായി മാത്രമേ അന്ന് കണ്ടിരു ന്നുള്ളൂ. ചിലർ കന്നുകാലികളുടെ സംരക്ഷണത്തിനായി മറ്റുള്ളവർക്ക് വളർത്താൻ കൊടുക്കുന്ന സമ്പ്രദായം നിലവിലുണ്ടായിരുന്നു. ഇതിന് പ്രതിഫലമായി ആദ്യത്തെ പ്രസവത്തിലെ കുട്ടിയും കറവും വളർത്തുകാരനും രണ്ടാമത്തെ പ്രസവത്തിനുശേഷം പശുവിനെയും കുട്ടി യെയും ഉടമയ്ക്ക് തിരിച്ചുകൊടുക്കുകയും ചെയ്തിരുന്നു. സാധന സാമഗ്രികൾ എത്തിക്കുന്നതിനുള്ള വണ്ടി വലിക്കാനും നിലം ഉഴുന്നതിനും വേണ്ടിയാണ് കാളകളെ ഉപയോഗിച്ചിരുന്നത്.



പശു, എരുമ, കാള, ആട് എന്നിവയായിരുന്നു പ്രധാന വളർത്തുമൃഗങ്ങൾ. കോഴികളെയും ധാരാളം വളർത്തിയിരുന്നു.

നിലവിലുള്ള പക്ഷിമൃഗാദികളുടെ ആകെ എണ്ണം പട്ടികയിൽ കൊടുത്തിട്ടുണ്ട്.

പരിയാരം പഞ്ചായത്തിൽ ഇന്ന് വളർത്തുമൃഗ സംരക്ഷണകാര്യത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. കാർഷികരംഗത്ത് നിലം ഉഴുതുമറിക്കാൻ പവർ ടില്ലർ രംഗത്ത് വന്നതോടുകൂടി ഒഴതുകാളകളുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. ആട്, എരുമ എന്നിവയുടെ എണ്ണത്തിലും കുറവ് ഉണ്ടായിട്ടുണ്ട്. പഞ്ചായത്തിന്റെ ചില ഭാഗങ്ങൾ ഒഴിച്ച് കന്നുകാലികളിൽ പകുതിയിൽ അധികവും ഉത്പാദനക്ഷമത കുറഞ്ഞ നാടൻ പശുക്കൾ ആണ്. ഉപജീവനമാർഗ്ഗമെന്ന നിലയിൽ അല്ലെങ്കിലും ഒരു ഉപതൊഴിൽ ആയി മാത്രമാണ് പശുവളർത്തലിനെ ഇന്ന് കാണുന്നത്.

പഞ്ചായത്തിൽ ആകെ ഉളള മൃഗസംരക്ഷണ സംവിധാനങ്ങൾ,അടുത്ത് കാലത്തായി കുറ്റേരിയിൽ ആരംഭിച്ച പഞ്ചായത്ത് മൃഗാശുപത്രിയും ചിതപ്പിലെ പൊയ്യിലിലും ഏമ്പേറ്റിലും ഉളള ഊർജ്ജിത കന്നു കാലിക്ഷേമകേന്ദ്രവും (ICDP) മാത്രമാണ്. കോഴിവളർ ത്തൽ രംഗത്ത് ഒരു കോഴിവളർത്തൽ വിപണന സഹകരണ സംഘവും പ്രവർത്തിക്കുന്നുണ്ട്.

ക്ഷീര വിപണനരംഗത്ത് സംഘടിതമായ ശ്രമങ്ങൾ കാര്യമായി ഉണ്ടായിട്ടുണ്ടെന്ന് പറയാൻ ആവില്ല. ആകെ യുളളത് പഞ്ചായത്തിന്റെ ഒരു ഭാഗത്ത് പ്രവർത്തിക്കുന്ന രണ്ട് ക്ഷീരവ്യവസായ സഹകരണസംഘങ്ങൾ മാത്ര മാണ്. ഇതിന്റെ പ്രവർത്തനങ്ങൾ പഞ്ചായത്തിൽ മുഴുവൻ ഉപയുക്തമായിട്ടില്ല. നിലവിലുളള ക്ഷീര സഹകരണ സംഘങ്ങൾ മുഖേന ദിനംപ്രതി 550 ലിറ്റർ പാൽ മാത്രമാണ് ഇപ്പോൾ ശേഖരിക്കുന്നത്. കുറ്റ്യേരി വില്ലേജിലെ ചില സ്ഥലങ്ങളിൽ നിന്ന് 200 ലിറ്റർ പാൽ തളിപ്പറമ്പ സൊസൈറ്റിയിലും വിതരണം നടത്തുന്നുണ്ട്. മൊത്തം ഉത്പാദനത്തിന്റെ 20% മാത്രമേ സൊസൈറ്റികളിൽ എത്തുന്നുളളൂ. കാലിത്തീറ്റകൾ സൊസൈറ്റി മുഖേനയും കിടാരികളെ ഇൻഷ്വർ ചെയ്തതിന്റെ സ്കീം മുഖേനയും കർഷകർക്ക് ലഭിക്കുന്നുണ്ട്.

ഇറച്ചികോഴി വളർത്തൽ പരിമിതമായ തോതിൽ മാത്രമേ ഈ പഞ്ചായത്തിൽ ഉളളൂ. ഏകദേശം 5 യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. മുട്ടക്കോഴി വളർത്തൽ യൂണിറ്റ് ഇല്ലെങ്കിലും വീട്ടുമുറ്റങ്ങളിൽ വളർത്തുന്ന നാടൻ കോഴികൾ ധാരാളം ഉണ്ട്. മുട്ടക്കോഴികളിൽ അത്യുല്പാദന ശേഷിയുളളവ വളരെക്കുറച്ച് മാത്രമേ ഉളളൂ. ഫാമുകൾ എന്ന നിലയിൽ ഈ പഞ്ചായത്തിൽ ആടുകളെ വളർത്തുന്നില്ല. എന്നാലും വീടുകളിൽ പരിമിതമായ തോതിൽ ആടുകളെ വളർത്തുന്നുണ്ട്. എരുമ, പോത്ത് എന്നിവയെ വളർത്തുന്നത് നാമമാത്രമായി ചുരുങ്ങിവന്നു.

പേപ്പട്ടി ശല്യം നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. അലഞ്ഞു തിരിഞ്ഞുനടക്കുന്ന പട്ടികളും ധാരാളം ഉണ്ട്.

(മൃഗങ്ങളുടെ രോഗവിവരങ്ങൾ, പാൽ സൊസൈറ്റി കളുടെ വിവരങ്ങൾ, കൃത്രിമബീജസങ്കലനകേന്ദ്ര വിവര ങ്ങൾ എന്നിവ പട്ടികയിൽ കൊടുത്തിട്ടുണ്ട്.)

## പ്രശ്നങ്ങൾ

1) കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവയുടെ അമിതമായ വില വർദ്ധനവ് കൃഷിക്കാരെ ഈ രംഗത്ത് വല്ലാതെ ബുദ്ധിമുട്ടിക്കുന്നു.

2) ക്ഷീരവിപണനരംഗത്ത് പഞ്ചായത്തിന്റെ പല ഭാഗ ങ്ങളിലും സംഭരണ ഡിപ്പോയും പാൽസൊസൈറ്റികളും ഇല്ലാത്തതും ഉത്പാദന രംഗത്തെ പ്രധാന ബുദ്ധിമുട്ടാണ്.

3) മൃഗസംരക്ഷണരംഗത്തെ നിലവിലുളള ഔദ്യോഗിക സംവിധാനം അപര്യാപ്തമാണ്.

4) അലഞ്ഞുതിരിയുന്ന നായ്ക്കളും പേപ്പട്ടിശല്യവും പഞ്ചായത്തിൽ ഒരു പ്രശ്നമാണ്.

5) നല്ലയിനം ആട്ടിൻകുട്ടികളെ ലഭ്യമല്ലാത്തതിനാൽ ആടുവളർത്തൽ മേഖലയിൽ പുരോഗതി ഇല്ല.

## സാധ്യതകൾ

1) നമ്മുടെ പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് കുറഞ്ഞചിലവിൽ സഹകരണാടിസ്ഥാനത്തിൽ കാലിത്തീറ്റയും കോഴി ത്തീറ്റയും നിർമ്മിച്ച് വിതരണം ചെയ്യാവുന്നതാണ്.

2) നിലവിലുളള പരിയാരം കോഴിവളർത്തൽ വിപണന സഹകരണ സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമ മാക്കാവുന്നതാണ്.

3) രണ്ട് വാർഡിൽ ഒരു പാൽസൊസൈറ്റി രൂപീകരിച്ചും നിലവിലുളള പാൽസൊസൈറ്റിയുടെ കീഴിൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്താൽ ഈ രംഗത്ത് മുന്നേറ്റമുണ്ടാക്കുവാൻ സാധിക്കും.

4) നമ്മുടെ പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പ് പരിഗണിച്ച് മൃഗാശുപത്രികൂടി സ്ഥാപിച്ചാൽ ഈ രംഗത്ത് പുരോഗതി ഉണ്ടാകും.

5) നിലവിലുളള മൃഗാശുപത്രിക്ക് സ്വന്തമായ കെട്ടിടവും മറ്റുസൗകര്യങ്ങളും ഉണ്ടാക്കേണ്ടതാണ്.

6) ഊർജ്ജിത കന്നുകാലി വികസന ഉപകേന്ദ്രങ്ങളിൽ കന്നുകുട്ടി പരിപാലനത്തിന്നാവശ്യമായ മരുന്നുകളും അനുബന്ധസൗകര്യങ്ങളും വർദ്ധിപ്പിക്കണം.

7) ചെറുകിട ആടുവളർത്തൽ യൂണിറ്റുകളും മിനി യൂണിറ്റുകളും സ്ഥാപിക്കണം.

8) പഞ്ചായത്തിലെ മുഴുവൻ പട്ടികളെയും പേവിഷ നിർമ്മാർജ്ജന പദ്ധതിയിൽ ഉൾപ്പെടുത്തുകയും അലഞ്ഞു തിരിയുന്നവയെ നശിപ്പിക്കുകയും വേണം.

9) മുട്ടക്കോഴി, ഇറച്ചിക്കോഴി എന്നിവയുടെ യൂണിറ്റുകൾ വിപുലപ്പെടുത്താൻ കഴിയും.

## പാൽ, തീറ്റ വിതരണത്തിൻെറ വിവരങ്ങൾ:

| | |
|---|---|
| മൊത്തം സൊസൈറ്റികളിൽ പാൽഅളക്കുന്നവരുടെ എണ്ണം | 155 പേർ |
| ആകെ അളക്കുന്ന പാലിൻെറ അളവ് | 750 ലിറ്റർ |
| വിതരണം ചെയ്യുന്ന കാലിത്തീറ്റയുടെ അളവ് | 170 ചാക്ക് |
| കാഫ് സബ്സിഡി സ്കീം പ്രകാരം | 177 ചാക്ക് |
| കാഫ് സബ്സിഡി സ്കീമിൽ ചേർന്നവർ | 118 പേർ |

## പരിയാരം ഗ്രാമപഞ്ചായത്ത്

### കൃത്രിമ ബീജസങ്കലന വിവരങ്ങൾ

1995–1996

| വളർത്തുമൃഗം, ഇനം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജസങ്കലനം നടത്തിയവ |
|---|---|---|
| പശു | 333<br>309 (642) | 36<br>30 (66) |
| കിടാരി | 106<br>145 (251) | 52<br>46 (98) |

## കന്നുകാലി സെൻസസ്.

| വളർത്തു മൃഗം | ഇനം | ആകെ എണ്ണം |
|---|---|---|
| പശു | CB 250<br>ND1500 | 1750 |
| കിടാരി | CB 98<br>CB 275 | 373 |
| എരുമ | 12 | 12 |
| ആകെ | | 2125 |
| മറ്റ്പക്ഷിമൃഗാദികൾ | | 5351 |
| ആകെ | | 7456 |

## പരിയാരം ഗ്രാമ പഞ്ചായത്ത് രോഗവിവരങ്ങൾ

| ക്രമനമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1 | ദഹനസംബന്ധമായവ | 605 | 2 | 36 | | | 35 | | 5 | | |
| 2 | ശ്വാസകോശ സംബന്ധമായവ | 495 | | 24 | | | 50 | | | | |
| 3 | ഉപാപചയ സംബന്ധം | 131 | | 15 | | | | | | | |
| 4 | ത്വക്ക് രോഗങ്ങൾ | 210 | | 6 | | | | | | | |
| 5 | ധാതുലവണങ്ങളുടെ അഭാവം | 153 | | 25 | | | 18 | | | | |
| 6 | പരാഗ രോഗങ്ങൾ | 580 | | 40 | | | 48 | | 4 | | |
| 7 | പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ട് | 150 | | | | | | | | | |
| 8 | വന്ധ്യത | 401 | | 3 | | | | | | | |
| 9 | അകിടുവീക്കം | 400 | | 46 | | | | | | | |
| 10 | മുടന്തൻ പനി | 350 | | 50 | | | | | | | |
| 11 | പകർച്ച വ്യാധികൾ | 300 | | 10 | | | 101 | | | | |
| | | 3775 | 2 | 225 | | | 252 | | 9 | | |

# മത്സ്യബന്ധനം

പരിയാരം പഞ്ചായത്തിനെ കുറ്റേരി വില്ലേജ്, പരിയാരം വില്ലേജ് എന്നിങ്ങനെ രണ്ട് വില്ലേജുകളായി വിഭജിച്ചു കൊണ്ട് വടക്ക് നിന്ന് തെക്കോട്ട് ഒഴുകുന്ന കുപ്പം പുഴ 10 കി.മീറ്ററോളം ദൈർഘ്യത്തിൽ പരിയാരം പഞ്ചായത്തിലൂടെ ഒഴുകുന്നു. പരമ്പരാഗതരീതിയായ ചൂണ്ടയിടൽ, ചേറ് (തടുക്കൽ) ചെമ്പല്ലിക്കൂട്, കുത്തൂട്, എന്നീ മാർഗ്ഗങ്ങൾ ആണ് മുൻകാലങ്ങളിൽ മത്സ്യബന്ധനത്തിന് ഉപയോഗച്ചിരുന്നു. ഈ രീതിയിൽ ലഭിക്കുന്ന മത്സ്യം വീടുകളിൽ കൊണ്ടുപോയി പകരം ഭക്ഷ്യസാധനങ്ങൾ വാങ്ങുന്ന രീതിയാണ് അന്നുണ്ടായിരുന്നത്. പിന്നീട് കോരുവല, വീശുവല, കയറിൽ കുരുത്തോല കെട്ടിയുള്ളവല ഉപയോഗിച്ചുള്ള മത്സ്യബന്ധനരീതി എന്നിവ നിലവിൽവന്നു. ഇതോടുകൂടി മത്സ്യബന്ധനം ഉപജീവനമാർഗ്ഗമാക്കിയിരുന്ന ചിലകുടുംബങ്ങൾ ഈ പുഴയോരത്ത് താമസിച്ചിരുന്നു. ഇപ്പോഴും മത്സ്യം പിടുത്തം ഉപജീവനമാർഗ്ഗമാക്കിയ ചില കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. നാടിന്റെ ഉൾഭാഗങ്ങളിലുള്ള തോട്, കുളം, കൂവൽ മുതലായ ജലാശയങ്ങളിലും ചിലതരം മത്സ്യങ്ങൾ വളരുന്നുണ്ട്.

ഇന്ന് മത്സ്യവിപണനരംഗത്ത് ജോലിചെയ്ത് ജീവിക്കുന്ന 140 ഓളം കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. തലച്ചുമടായും സൈക്കിളിലും പഞ്ചായത്തിന്റെ പലഭാഗങ്ങളിലും എത്തിച്ച് വിപണനം നടത്തുന്ന രീതിയാണ് ഇന്നുത്. മത്സ്യവില്പനക്കായി പൊതുമാർക്കറ്റുകൾ നമ്മുടെ പഞ്ചായത്തിൽ ഇല്ല.

## പ്രധാന പ്രശ്നങ്ങൾ

1) കുപ്പം പുഴയിൽ ധാരാളം മത്സ്യസംബത്ത് ഉണ്ടെങ്കിലും തോട്ടയിടൽ, നഞ്ചുകലക്കൽ, അന്യസംസ്ഥാനത്തെ മീൻപിടുത്തക്കാർ വന്ന് വല ഉപയോഗിച്ച് മത്സ്യക്കുഞ്ഞുങ്ങളെയടക്കം പിടിക്കുന്നത് എന്നിവയാണ് മത്സ്യക്കുഞ്ഞുങ്ങളുടെ വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്നു.

2) കുളങ്ങളിലും തോടുകളിലും മത്സ്യക്കൃഷി നടത്തുവാൻ താല്പര്യമുള്ളവർക്ക് മത്സ്യക്കുഞ്ഞുങ്ങളെ ലഭിക്കുന്നില്ല.

3) ശാസ്ത്രീയരീതിയിൽ മത്സ്യം വളർത്തുന്ന തിന്നാവശ്യമായ ബോധവൽക്കരണമോ മറ്റുസംവിധാനങ്ങളോ നിലവിൽ ഇല്ല.

4) അമിതമായ പൂഴിവാരൽമൂലം കൂർക്ക, എളമ്പക്ക(കക്ക) മുതലായവ വംശനാശം സംഭവിച്ചു കൊണ്ടിരിക്കുന്നു.

5) പൊതുസ്ഥലങ്ങളിലെ മത്സ്യവിപണന കേന്ദ്രങ്ങളിലെ ദുർഗന്ധം ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു.

6)നിലവിൽ പൊതുമാർക്കറ്റ് ഇല്ല.

7) കാർഷികരംഗത്തെ അമിതമായ കീടനാശിനി ഉപയോഗം കുളങ്ങളിലും തോടുകളിലും പുഴകളിലും ഉള്ള മത്സ്യങ്ങൾക്ക് രോഗം ഉണ്ടാക്കുന്നുണ്ട്.

## സാധ്യതകൾ

1) പഞ്ചായത്തിലെ എല്ലാ ജലാശയങ്ങളും ഉൾപ്പെടുത്തി സാമൂഹ്യ മത്സ്യക്കൃഷി പദ്ധതി നടപ്പിലാക്കുക.

2) തോട്ടയിടലും നഞ്ചുകലക്കുന്ന സമ്പ്രദായവും കർശനമായി നിയന്ത്രിക്കണം

3) മത്സ്യം വളർത്താൻ താല്പര്യം ഉള്ളവർക്ക് മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുകയും ശാസ്ത്രീയമായ കൃഷിരീതി പരിശീലിപ്പിക്കുകയും ചെയ്യണം.

4) ഭൂമിശാസ്ത്രപരമായ കിടപ്പ് പരിഗണിച്ച് മൂന്ന് മത്സ്യമാർക്കെറ്റെങ്കിലും അനിവാര്യമാണ്.

# വ്യവസായം

നമ്മുടെ പഞ്ചായത്തിൽ വൻകിട വ്യവസായങ്ങൾ ഒന്നുംതന്നെ ഇല്ല. നാമമാത്രമായ ചെറുകിട-ഇടത്തരം വ്യവസായങ്ങളാണു ളളത്. കേരളത്തിലെ പ്രധാന പരമ്പരാഗത കുടിൽ വ്യവസായങ്ങൾ ചില വാർഡുകളിൽ പ്രവർത്തിക്കുന്നുണ്ട്.

ചെറുകിട-ഇടത്തരം വ്യവസായങ്ങളിൽ 20 ഇനങ്ങളിലായി 66 സ്ഥാപനങ്ങൾ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി പ്രവർത്തിക്കുന്നുണ്ട്.396 തൊഴിലാളികൾ ഈ രംഗത്ത് തെഴിൽചെയ്തുവരുന്നു. 1995-96 വർഷത്തിൽ 56 വ്യവസായ സ്ഥാപനങ്ങളാണ് പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുളളത്. പരമ്പരാഗത കുടിൽ വ്യവസായ മേഖലയിൽ പ്രധാനമായും പായനെയ്ത്ത്, മൺപാത്രനിർമ്മാണം, കൊല്ലപ്പണി, സ്വർണ്ണപ്പണി തുടങ്ങിയവയാണ്. ഇതര കൈത്തൊഴിലുകളായ തുന്നൽപണി, കസേര മടയൽ, കൊട്ട മടയൽ എന്നിവ കുടിൽ വ്യവസായങ്ങളായി ചില വീടുകളിൽ ഉണ്ട്. ഇതിനുപുറമേ, കരിങ്കൽ, ചെങ്കൽ മേഖലകളിൽ നല്ലൊരു വിഭാഗം തൊഴിലാളികൾ ജോലിചെയ്തു വരുന്നുണ്ട്.

വ്യവസായ സ്ഥാപനങ്ങളെ സംബന്ധിച്ച് വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു. പരമ്പരാഗത വ്യവസായങ്ങളായ കയർ, കൈത്തറി, കശുവണ്ടി, ബീഡി തുടങ്ങിയവ ഈ പഞ്ചായത്തിൽ തീരെ ഇല്ലെന്ന് പറയാം.

*വ്യവസായ യൂനിറ്റുകൾ സംബന്ധിച്ച വിവരങ്ങൾ*


| ക്രമ നമ്പർ | വ്യവസായത്തിൻെറ തരം | തൊഴിലാളികളുടെ എണ്ണം | | | മൊത്തം യൂനിറ്റുകൾ | മൊത്തം തൊഴിലാളികൾ | റിമാർസ് |
|---|---|---|---|---|---|---|---|
| | | 20ൽ കുറവ് | 20-50 | 50ന് മേൽ | | | |
| 1 | തടിയും അനുബന്ധവ്യവസായവും | 15 | | | 15 | 62 | |
| 2. | ഓട്ട് കമ്പനി | | 1 | | 1 | 20 | |
| 3. | ക്രഷർ | 4 | 1 | | 5 | 65 | |
| 4. | ബ്രഡ് നിർമ്മാണ് | 1 | 1 | | 2 | 30 | |
| 5. | ബേക്കറി | 1 | 1 | | 2 | 22 | |
| 6. | കുമ്മായച്ചൂള | 2 | | | 2 | 4 | |
| 7. | തുണിചായം മുക്കൽ | 1 | | | 1 | 6 | |
| 8. | ഇരുമ്പ് വ്യസായം(ഗ്രിൽസ്) | 2 | | | 2 | 6 | |
| 9. | തീപെട്ടി | 1 | 1 | | 2 | 45 | |
| 10. | ഓയിൽമിൽ | 3 | | | 3 | 12 | |
| 11. | ഫർണ്ണിച്ചർ(മരം) | 6 | | | 6 | 20 | |
| 12. | ഫർണ്ണിച്ചർ (സ്റ്റീൽ) | 1 | | | 1 | 7 | |
| 13. | റൈസ് ആൻറ് ഫ്ലവർ | 14 | | | 14 | 14 | |
| 14. | പവർലൂം | 1 | | | 1 | 2 | |
| 15. | സിമൻറ, കട്ടില, ജനൽ നിമ്മാണം | 2 | | | 2 | 6 | |
| 16. | ഖാദിവ്യവസായ യൂനിറ്റ് | | 1 | | 1 | 55 | |
| 17. | സിനിമ | 1 | | | 1 | 4 | |
| 18. | സോഡാ നിർമ്മാണം | 2 | | | 2 | 5 | |
| 19. | പെയിൻറ് നിർമ്മാണം | 1 | | | 1 | 5 | |
| 20. | അവൽ, ചിപ്സ് നിർമ്മാണം | 2 | | | 2 | 6 | |
| | ആകെ | 60 | 5 | 1 | 66 | 396 | |

ഈ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന കണ്ണൂർ ജില്ലാ കോഴിവളർത്തൽ വിപണന കേന്ദ്രം ഇന്ന് തകർച്ചയിലാണ്. ജില്ലാ തലത്തിൽ തന്നെ നല്ല രീതിയിൽ പ്രവർത്തിച്ചു വന്നിരുന്ന ഈസ്ഥാപനത്തിൻെറ പ്രവർത്തനം നന്നായി നടത്തുന്നതിനാവശ്യമായ നടപടി ഉണ്ടാവേണ്ടതാണ്. കൂടാതെ മേൽപട്ടികയിൽ ഉൾപെട്ട 5ാം വാർഡിലുള്ള പവർല്ലൂം വിവേർസ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റിവ് സൊസൈറ്റി ഇപ്പോൾ പ്രവർത്തന രഹിതമാണ്.

4. വ്യവസായ സംരംഭത്തിന് മൂലധനത്തിൻെറ കുറവുണ്ട്. വ്യവസായങ്ങൾക്ക് ലൈസൻസ്ഫീ 5 വർഷത്തേക്ക് മുൻ കൂട്ടി അടക്കണമെന്ന ഇപ്പോഴത്തെ നിയമം പഞ്ചായത്തിന് ഗുണകരമാണെങ്കിലും സംരംഭകർക്ക് സാമ്പത്തീക ബാധ്യത വരുത്തി വെക്കുന്നുണ്ട്.

5. സാങ്കേതിക പരിശീലനം ലഭിച്ച മാനേജ്മെൻറിൻെറയും വൈദഗ്ദ്യമുളള തൊഴിലാളികളുടേയും അഭാവമുണ്ട്.

6. പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളി കൾക്കും കൈത്തറി തൊഴിലാളിക്കും പരിശീലനം



ലഭിക്കാനുളള സംവിധാനം ഇല്ല.

7. സാമ്പത്തിക സഹായം ആവശ്യമായ രീതിയിൽ യഥാസമയം ലഭ്യമല്ലായ്മ

8. അസംസ്കൃത സാധനങ്ങളുടെ ലഭ്യതയില്ലായ്മ, കാർഷികോല്പന്നങ്ങൾ അടിസ്ഥാനമായുളള വ്യവസായ ങ്ങൾ വേണ്ടത്ര ഇല്ലായ്മ

9. സംരംഭകർക്ക് ആവശ്യമായ നിർദ്ദേശങ്ങളും പരിശീലന ങ്ങളും ലഭിക്കുന്നില്ല.

## പ്രശ്നങ്ങൾ:

1. വ്യവസായ യൂനിറ്റുകളുടെ പ്രവർത്തനത്തിനും സംരംഭത്തിനും വൈദ്യുതിയുടെ അപര്യാപ്തത.

2. തടി വ്യവസായത്തിൽ തടിയുടെ ലഭ്യത കുറഞ്ഞു വരുന്നു.

3. ഖാദി, തീപ്പെട്ടികളിലായി ജോലി ചെയ്യുന്നവരുടെ കൂലി പൊതുവെ കുറവാണ്.

10. പദ്ധതികളുടേയും സ്കീമുകളുടേയും അപര്യാപ്തത.

11. സർക്കാർ സൗകര്യങ്ങൾ വേണ്ടത്ര ലഭിക്കുന്നില്ല.

12. സാമൂഹ്യവും പരിസ്ഥിതിപരവുമായ പ്രശ്നങ്ങൾ

## സാധ്യതകൾ:

1. കശുവണ്ടി സംസ്കരണത്തിന് വിപുലമായ സാധ്യതയുണ്ട്

2. തയ്യൽ തൊഴിലാളികളുടെ സഹകരണസംഘം മുഖേനയുള്ള റെഡിമെയ്ഡ് ഉല്പന്നങ്ങളുടെ ഉല്പാദനത്തിനും വിതരണത്തിനും യൂനിറ്റുകൾ തുടങ്ങുകയും അതിന്റെ ഫലമായ വനിതകളുടെ തൊഴിലവസരം ഉറപ്പുവരുത്തുകയും ചെയ്യുക.

3. അച്ചാർ, ചിപ്സ്, തുകൽ, പ്ലാസ്റ്റിക് സാധനങ്ങൾ, മെഴുക്തിരി, ചക്ക സംസ്കരണം എന്നിവ കുടിൽ വ്യവസായമായി തുടങ്ങുവാനുള്ള സാധ്യത പരിഗണിക്കേണ്ടതാണ്.

4. പുഴ കേന്ദ്രീകരിച്ച് മണൽ വാരൽ, ചകിരി ഉല്പന്നങ്ങൾ, ടൂറിസം വികസനം തുടങ്ങിയവയുടെ സാധ്യത പരിശോധിക്കേണ്ടതാണ്.

5. പരമ്പരാഗത വ്യവസായങ്ങളായ പായനെയത്ത്, മൺപാത്രനിർമ്മാണം, സ്മിത്തി തുടങ്ങിയവയുടെ പുനരുദ്ധാരണത്തിനുള്ള നടപടി ഉണ്ടാക്കേണ്ടതുണ്ട്.

6. ഖാദികേന്ദ്രത്തിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനും നൂല്നൂല്പ് കേന്ദ്രങ്ങൾ തുടങ്ങുന്നതിനുമുള്ള പ്രവർത്തനം നടത്തേണ്ടതുണ്ട്.

7. കേരോല്പന്നങ്ങൾ ഉപയോഗപ്പെടുത്തിയുള്ള വ്യവസായത്തിന്റെ സാധ്യത പരിശോധിക്കുക.

8. തെങ്ങിൻ തടിയിൽനിന്നും കടഞ്ഞെടുക്കുന്ന കെട്ടിട സാമഗ്രികൾ, കൊപ്രസംസ്കരണം തുടങ്ങിയവയുടെ സാധ്യത പരിശോധിക്കണം.

9. റബ്ബർ ഉല്പന്നങ്ങളുടെ(റബ്ബർബാന്റ്, മോട്ടോർ പാർട്സ്, ബലൂൺ തുടങ്ങിയവ) നിർമ്മിക്കുന്നതിനുള്ള സാധ്യത ആരായണം.

10. ഗ്രിൽസ് നിർമ്മാണത്തിനുള്ള സാധ്യത ആരായണം.

11. കോഴിവളർത്ത് യൂനിറ്റുകളും, കന്നുകാലി, കോഴിത്തീറ്റ നിർമ്മാണയൂനിറ്റുകളും തുടങ്ങുക.

12. ബൾബ്, ട്യൂബ്, സ്റ്റീൽ, ടൈൽസ്, സിമന്റ് പെയിന്റ്, സിമന്റ് പ്രൈമർ, സിമന്റ് ഇഷ്ടിക എന്നിവയുടെ നിർമ്മാണം...

13. ലേബർ കോൺട്രാക്റ്റ് സൊസൈറ്റി രൂപീകരിക്കണം.

14. വ്യവസായ സമൂഹം പഞ്ചായത്തിന്റെ നേതൃത്വത്തിലുണ്ടാവണം.

15. കൂട്ടായ നിലയിൽ പരിശീലനവും വില്പനയും നടത്താൻ സൗകര്യംഉണ്ടാവണം.

16. പഞ്ചായത്ത് തലത്തിൽ വ്യവസായ പ്രോത്സാഹന സമിതികൾ രൂപീകരിക്കണം.

17. മാർക്കറ്റിംഗ് സമിതികൾ രൂപീകരിക്കണം.

18. സ്വയംതൊഴിൽ സംരംഭകർക്ക് പേർരജിസ്റ്റർ ചെയ്യാൻ പഞ്ചായത്തിൽ എക്സ്ചേഞ്ച് സ്ഥാപിക്കണം.

19. കുടിൽ വ്യവസായങ്ങൾക്ക് പ്രോത്സാഹനം നല്കണം.

# വിദ്യാഭ്യാസം


കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തോട്- പ്രത്യേകിച്ച് മലബാറിന്റെ-ഇടചേർന്നും ഇണങ്ങിയും നിലകൊള്ളുന്നു പരിയാരം പഞ്ചായത്തിന്റെ വിദ്യാഭ്യാസ ചരിത്രവും. കുടിപ്പള്ളിക്കൂടങ്ങളിലെ നാട്ടെഴുത്തച്ഛൻമാരുടെ നാവിൻതുമ്പിൽനിന്നും വിരൽതുമ്പിൽനിന്നും വിദ്യയുടെ മുത്തുമണികൾചിതറിവീണു, ഭാഷയും സംസ്കൃതവും ജ്യോതിഷവും ശില്പകലയും മറ്റും. എങ്കിലും സാമാന്യ ജനത്തിന് വിദ്യ സ്വീകരിക്കാനാവശ്യമായ സാമൂഹിക-രാഷ്ട്രീയ-സാമ്പത്തികാവസ്ഥ സംജാതമായിരുന്നില്ല. അതിന് പിന്നെയും കാത്തിരിക്കേണ്ടിവന്നു. ദേശീയ പ്രസ്ഥാനത്തിന്റെയും സാമൂഹ്യപരിഷ്കരണ പ്രസ്ഥാന ങ്ങളുടേയും ആവിർഭാവത്തിനും പ്രവർത്തനത്തിനും മാത്രമേ കേവലാർത്ഥത്തിലെങ്കിലും സാർവത്രിക വിദ്യാഭ്യാസം ആരംഭിക്കാൻ കഴിഞ്ഞുള്ളു. 1930കളിൽ പഞ്ചായത്തിന്റെ വിവിധപ്രദേശങ്ങളിൽ -പരിയാരം, വെള്ളാവ്, തലോറ, പാച്ചേനി, ചെറിയൂർ, കാഞ്ഞിരങ്ങാട്, ഇരിങ്ങൽ, എന്നിവിടങ്ങളിൾ അനൗപചാരികമായി സ്കൂളുകൾ ആരംഭിച്ചു.(വെള്ളാവിൽ കണ്ണിയത്ത് മഠത്തിലും, പരിയാരത്ത് ഇടത്തിൽ വീട്ടുകാരുടെ വകയും നടത്തിയ സ്കൂളുകൾ ആദ്യം ഉണ്ടായതാണ്. രാമർ ഗുരുക്കൾ, ചുഴലി മാധവൻ ഗുരുക്കൾ, കൃഷ്ണനെ ഴുത്തച്ഛൻ തുടങ്ങി അനേകം മഹാന്മാരായ അധ്യാപക രുടെ നാമങ്ങൾ സ്മരണീയമാണ്)

1954ൽ മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ ഏകാധ്യാപക വിദ്യാലയങ്ങളായി സ്ഥാപിതമായതാണ് ഇന്ന് നിലവിലുള്ള മിക്ക സ്കൂളുകളും. ഈ കാലഘട്ടം മുതൽതന്നെ വായനശാലകളും മറ്റും അനൗപചാരിക വിദ്യാഭ്യാസത്തിൽ ശ്രദ്ധിക്കുകയും ഇംഗ്ലീഷ് വിദ്യാഭ്യാസ ത്തിനുപോലും അവസരം ഒരുക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിന്റെ ഇന്നത്തെ വിദ്യാഭാസ പുരോഗതിക്ക് അധ്യാപകരും സാമൂഹ്യപ്രവർത്തകരും വായനശാലകളും വഹിച്ച പങ്ക് നിസ്തുലമാണ്.

ഔപചാരിക വിദ്യാഭ്യാസരംഗത്ത് ഒരു ഹൈസ്കൂളും അഞ്ച് യു.പി.സ്കൂളും ഉൾപെടെ 15 സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്(പട്ടിക 1). കൂടാതെ പുളിയൂലിൽ ഒരു ബധിരമൂകവിദ്യാലയവും പ്രവർത്തിക്കുന്നുണ്ട്. 4467 വിദ്യാർത്ഥികൾ 171 അധ്യാപരുടെ ശിക്ഷണത്തിൽ വിദ്യ അഭ്യസിക്കുന്നു. സ്കൂളിലെ അധ്യയന നിലവാരം തൃപ്തി കരമാണെന്ന് പറഞ്ഞുകൂട. എസ്.എസ്.എൽ.സി. വിജയ ശതമാനം ഇതിനുദാഹരണമാണ് പരിയാരം ഗവ: ഹൈസ്കൂളിലെ കഴിഞ്ഞ അഞ്ച് വർഷത്തെ എസ്.എസ്.എൽ.സി. വിജയശതമാനം ശ്രദ്ധിക്കുക.(പട്ടിക 2) നമ്മുടെ പഞ്ചായത്തിൽനിന്നും സമീപപ്രദേശത്തുള്ള മറ്റ് ഹൈസ്കൂളുകളെ ആശ്രയിക്കുന്ന കുട്ടികളുടെ വിജയശതമാനവും തൃപ്തികരമല്ല. കൂടാതെ എൽ.പി. വിഭാഗത്തിൽ ആവശ്യനിലവാരത്തിന് താഴെയുള്ള 12% കുട്ടികളുമുണ്ട്(പട്ടിക 3).

## ഭൗതിക സാഹചര്യങ്ങൾ:

കെട്ടിടം, ഫർണ്ണിച്ചർ, മൂത്രപ്പുര, കളിസ്ഥലം, പാചക മുറി, വൈദ്യുതി, കുടിവെള്ളം തുടങ്ങിയവയുടെ അപര്യാ പ്ത്ത മിക്ക സ്കൂളുകളിലും പ്രശ്നമാണ്. ഇത് പഠന നിലവാരത്തെ പ്രതികൂലമായി ബാധിക്കുന്നു. മറ്റു സൗകര്യങ്ങളായ ലൈബ്രറി, ലാബ്, ദൃശ്യ-ശ്രവ്യ ഉപകരണങ്ങൾ ,തുടങ്ങിയവ അപര്യാപ്തമാണ്-ഉള്ളവ ശരിയായ പ്രയോജനപ്പെടുത്താത നിലയിലും ഉണ്ട്. പഞ്ചായത്തിലെ ഏക ഹൈസ്കൂളിലേക്ക് വിവിധ പ്രദേശ ങ്ങളിൽനിന്ന് എത്തിപ്പെടുക എന്നത് പ്രയാസകരമാണ്. കുറ്റ്യേരി വില്ലേജിലെ മുഴുവൻ വിദ്യാർത്ഥികളും പരിമിതമായ യാത്രാ സൗകര്യങ്ങളിൽ ദീർഘദൂരം യാത്രചെയ്ത് തളിപ്പറമ്പ് മൂത്തേടത്ത് ഹൈസ്കൂൾ, സീതിസാഹിബ് ഹൈസ്കൂൾ, ചപ്പാരപ്പടവ് ഹൈസ്കൂൾ എന്നീ സ്ഥാപനങ്ങളെയാണ് ആശ്രയിക്കുന്നത്. തിരുവട്ടൂർ പ്രദേശത്തെ കുട്ടികൾക്കും ഇതേ പ്രശ്നം നിലനില്ക്കുന്നു. ശരാശരി എട്ട്-പത്ത് കി.മി. യാത്രചെയ്താണ് ഹൈസ്കൂൾ വിദ്യാഭ്യാസം നേടുന്നത്. മിക്ക ഗവ: സ്കൂളിലും അധ്യാപക നിയമനത്തിലുള്ള കാല താമസം പഠനനിലവാരത്തെ പ്രതികൂലമായി ബാധിക്കുന്നതായി കാണാം. പാഠ്യേതര പ്രവർത്തനങ്ങളിൽ പരിശീ ലനം നല്കാൻ പ്രത്യേക അധ്യാപകർ എല്ലാ സ്കൂളിലും ഇല്ലെങ്കിലും ആ രംഗങ്ങളിൽ മികച്ച പ്രകടനം കാഴ്ച വെക്കാറുണ്ട്. പി.ടി.എ.യുടെ പ്രവർത്തനം മിക്കവാറും എല്ലാ സ്കൂളിലും സജീവമാണ്, മാത്രമല്ല, സ്കൂളുകളുടെ അക്കാഡമിക്-ഭൗതികനിലവാരം മെച്ചപ്പെടുത്തുന്നതിന്



ത്തിലുണ്ട്. അനൗപചാരിക വിദ്യാഭ്യാസ രംഗത്തെ പ്രവർത്തനംകൂടി കാര്യക്ഷമ മാക്കേണ്ടതുണ്ട്.

ഗവർമെന്റിന്റെ 'അൺ- എക്കണോമിക്' പട്ടികയിൽ പെടുന്നരണ്ട് സ്കൂളുകൾ പഞ്ചായത്തിലുണ്ട്. എണ്ണത്തിൽ സ്വാഭാവികമായുണ്ടായ കുറവും പൊതുവിദ്യാലയങ്ങൾ അനാകർഷകമായതും അൺ-എയ്ഡഡ് സ്കൂളുകളോടുള്ള ഭ്രമവുമാണ് ഈ സ്ഥിതിക്ക് കാരണം. ചില പ്രദേശങ്ങളിൽ പ്രത്യേക സമുദായത്തിൽപ്പെട്ടവർ പ്രാഥമിക വിദ്യാഭ്യാസത്തിന് ശേഷം പഠനം അവസാനിപ്പിക്കുന്നതായി കാണുന്നു.

അവയുടെ പ്രവർത്തനം വിലപ്പെട്ടതാണ്. ഉച്ചക്കഞ്ഞി വിതരണം, വിദ്യാലയവികസന പ്രവർത്തനങ്ങൾ എന്നിവയ്ക്ക് പി.ടി.എ. സാമ്പത്തിക ബാധ്യത ഏറ്റെടുകാറുണ്ട്.

പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ നാമമാത്രമാണ്. ഒരു ഐ.ടി.സി.യും ഒരു ഡ്രൈവിംഗ് സ്കൂളും രണ്ട് ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിട്യൂട്ട് എന്നിവയും പ്രവർത്തിക്കുന്നുണ്ട്. അനൗപചാരിക വിദ്യാഭ്യാസരംഗത്ത് സമ്പന്നമായ ഒരു ഭൂതകാലം നമുക്കുണ്ടായിരുന്നു. ഗ്രന്ഥശാലകളുടെ സേവനം ഈ രംഗത്ത് സ്തുത്യർഹമായിരുന്നു. എങ്കിലും ഇന്നത്തെ പ്രവർത്തനം തൃപ്തികരമല്ല. സമ്പൂർണ്ണ സാക്ഷരതായജ്ഞം സജീവവും ഫലപ്രദവുമായിരുന്നുവെങ്കിലും തുടർ വിദ്യാഭ്യാസപ്രവർത്തനം മന്ദീഭവിച്ച മട്ടാണ്. സാമൂഹ്യ ക്ഷേമവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പത്ത് അങ്കനവാടികളും ഈ പഞ്ചായത്തിലുണ്ട്. ശിശു പരിപാലന രംഗത്തും കുടുംബ ക്ഷേമരംഗത്തും പ്രസ്തുത സ്ഥാപനങ്ങളുടെ സേവനം മികച്ചതാണ്. ഒരെണ്ണത്തിനൊഴികെ എല്ലാ അങ്കനവാടികൾക്കും സ്വന്തമായി കെട്ടിടമുണ്ട്. കളിക്കോപ്പുകൾ, പാചകമുറി, കക്കൂസ്, കിണർ എന്നിവയുടെ അപര്യാപ്തത നിലനില്ക്കുന്നുണ്ട്. പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ അവസ്ഥയും പിഞ്ചുകുട്ടികളുടെ യാത്രാപ്രശ്നവും പരിഗണിക്കുമ്പോൾ ഇന്നുള്ള അങ്കനവാടികളുടെ സേവനം ആവശ്യമായ മുഴുവൻ കുടുംബങ്ങൾക്കും പ്രയോജനപ്പെടുന്നില്ല. ഇന്നുള്ളതിന്റെ രണ്ട് മടങ്ങെങ്കിലും ആവശ്യമാണെന്ന് കാണാം. അങ്കണവാടികൾക്ക് പുറമേ ഏഴ് സ്വകാര്യ നഴ്സറി സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്.

പതിനഞ്ച് വായനശാലയും ഗ്രന്ഥശാലയും പഞ്ചായ

വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിൽ ജില്ലാപഞ്ചായത്ത് ആവിഷ്കരിച്ച ഗുരുകുലം പദ്ധതി പഞ്ചായത്തിലെ കുട്ടികളുടെ നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതിയായെങ്കിലും കാര്യക്ഷമമാക്കേണ്ടതുണ്ട്. ഉന്നത വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല.

## പ്രശ്നങ്ങൾ:

1. പഞ്ചായത്തിൽ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുള്ള സൗകര്യം അപര്യാപ്തമാണ്.
2. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ തീരെ ഇല്ലെന്ന് തന്നെ പറയാം.
3. കലാവിദ്യാഭ്യാസത്തിനുതകുന്ന സ്ഥാപനങ്ങളില്ല.
4. സ്കൂളുകളുടെ അക്കാഡമിക് നിലവാരം ഉയർന്നതല്ല
5. ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല.
6. പഞ്ചായത്തിൽ അൺ-ഇക്കണോമിക് സ്കൂളുകളുണ്ട്
7. പഞ്ചായത്തിൽ ആവശ്യമായത്ര പ്രീ-പ്രൈമറി സ്ഥാപനങ്ങൾ ഇല്ല.
8. അങ്കനവാടികളുടെ ഭൗതിക സാഹചര്യം തൃപ്തികരമല്ല.
9. അനൗപചാരിക വിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതികളില്ല
10. പരിയാരം ഹൈസ്കൂളിൽഒന്നാം തരം മുതൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി ക്ലാസുകൾ വരെ ഒന്നിച്ച് നടക്കുന്നു. ഇത് കാര്യക്ഷമതയെ ബാധിക്കുന്നു.
11. താത്കാലിക അധ്യാപകരെ ഗവ:സ്കൂളുകളിൽ നിയമിക്കുന്നത് വിദ്യാഭ്യാസ നിലവാരത്തെ ബാധിക്കുന്നു.
12. ഹൈസ്കൂളിലെ കുട്ടികളുടെ കായികവിദ്യാഭ്യാസം

മെച്ചപ്പെടുത്തുന്നില്ല.

## സാധ്യതകൾ:

1. എഡ്യുക്കേഷൻ സൊസൈറ്റിയുടെ കീഴിലുള്ള 20 ഏക്കർസ്ഥലം ഉപയോഗിച്ച് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം തുടങ്ങാം

2. മൂന്ന് ഹൈസ്കൂൾ ആരംഭിക്കാൻ സാധ്യതയുണ്ട്.

3. ഗ്രന്ഥശാലകളെ കാര്യക്ഷമമാക്കിയാൽ അനൗപചാരിക വിദ്യാഭ്യാസം സുഗമവും ഫലപ്രദവുമാക്കാം.

4. പി.ടി.എ. സജീവമാണെന്ന യാഥാർത്ഥ്യം കൂടുതൽ വിദ്യാഭ്യാസ നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിയും.

5. ...ൻകലകളിൽ പ...ള്ളവരുടെ സേവനം ഉപയോഗപ്പെടുത്താനുള്ള സാധ്യതയുണ്ട്.

6. പരിയാരം ഗവ: ഹൈസ്കൂളിൽനിന്നും പ്രൈമറി ക്ലാസ്സുകൾ വേർപ്പെടുത്തണം.

7. പി.എസ്.സി. മുഖേന അധ്യാപകരെ നിയമിക്കുന്നത് തുടർപ്പെടുത്തുക.

8. ...ക്കുന്നിൽ എജുക്കേഷൻ സൊസൈറ്റിയുടെ കീഴിലുള്ള $1^1/_2$ ഏക്കർ സ്ഥലം പ്രയോജനപ്പെടുത്തുക.

9. ഹൈസ്കൂളിന്റെ പേരിലുള്ള 4ഏക്കർ കളിസ്ഥലമായി ഉപയോഗപ്പെടുത്താവുന്നതാണ്.


10. പുതിയ വൊക്കേഷണൽ കോഴ്സുകൾ ആരംഭിക്കണം.

## പട്ടിക-1

| ക്രമനമ്പർ | സ്കൂളിന്റെ പേര് | ആകെ കുട്ടികൾ | | | SC/ST കുട്ടികൾ | | | മാനേജ്മെന്റ് | അദ്ധ്യാപകർ | | | കാമ്പസ് വിസ്തീർണ്ണം | കളിസ്ഥലം വിസ്തീർണ്ണം | ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലം | മൂത്രപ്പുരകളുടെ എണ്ണം | ഒരേസമയം മൂത്രപ്പുര ഉപയോഗിക്കാവുന്ന കുട്ടികളുടെ എണ്ണം | കക്കൂസിന്റെ എണ്ണം | കുടിവെള്ള സംവിധാനം | വൈദ്യുതീകരിച്ചത് | പാചകപ്പുര | സ്റ്റാഫ്റൂം ഉണ്ടോ | ചുറ്റുമതിൽ ഉണ്ടോ | ലൈബ്രറി „ | ലാബ് „ | പി.ടി.എ | മാതൃസംഗമം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | | M | F | TOTAL | | | | | | | | | | | | | | | |
| 1 | കെ.കെ.എൻ. പരിയാരം ഗവ:വൊക്കേഷനൽ ഹയർസെക്കൻഡറി സ്കൂൾ | 675 | 662 | 1337 | 57 | 62 | 119 | ഗവ: | | | 45 | 6.59ഏക്ര: | 1ഏക്ര: | | 3 | 30 | 2 | കിണർ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ | ✓ |
| 2 | ഇരിങ്ങൽ യു.പി. സ്കൂൾ | 299 | 261 | 560 | 20 | 15 | 35 | എയ്ഡഡ് | | | 25 | 1ഏക്ര: | 40സെ: | 5സെ: | 2 | 10 | 1 | കിണർ | ✗ | ✓ | ✓ | ✓ | ഇല്ല | ഇല്ല | ✓ | ✓ |
| 3 | മെരിയൂർ ഗവ: യു.പി.സ്കൂൾ | 175 | 175 | 350 | 22 | 14 | 36 | ഗവ: | | | 12 | 3.50ഏക്ര: | ഇല്ല | 3ഏക്ര: | 2 | 20 | 2 | കിണർ പൈപ്പ് | ✓ | ✗ | ✗ | ✓ | ഉണ്ട് | ഇല്ല | ✓ | ✓ |
| 4 | പാച്ചേനി ഗവ: യു.പി സ്കൂൾ | 224 | 208 | 432 | 16 | 8 | 24 | ഗവ: | | | 14 | 1.50ഏക്ര: | - | - | 2 | 25 | 1 | ✓ | ✓ | ✓ | ✗ | ✓ | ✓ | ✗ | ✓ | ✗ |
| 5 | കുറ്റ്യരി ഗവ: യു.പി സ്കൂൾ | 191 | 180 | 371 | 5 | 5 | 10 | ഗവ: | | | 13 | 1.50ഏക്ര: | - | - | 2 | 30 | 2 | കിണർ | ✗ | ✗ | ✗ | ✓ | ✓ | ✗ | ✓ | ✓ |
| 6 | തലോറ എ.എൽ.പി. സ്കൂൾ | 70 | 87 | 157 | 8 | 7 | 15 | എയ്ഡഡ് | | | 6 | [illegible] | - | - | 1 | 4 | - | ഇല്ല | ✗ | ✗ | ✗ | ✗ | ✓ | ✗ | ✓ | ✓ |
| 7 | വെള്ളാറ് എ.എൽ.പി. സ്കൂൾ | 26 | 33 | 59 | 3 | 5 | 8 | „ | | | 4 | 40സെ: | 5സെ: | 30സെ: | 1 | 1 | ✗ | ✗ | ✗ | ✗ | ✗ | ✗ | ✓ | ✗ | ✓ | ✓ |
| 8 | മാവിച്ചേരി ഗവ: എൽ.പി. സ്കൂൾ | 52 | 39 | 91 | 0 | 1 | 1 | ഗവ: | | | 3 | 20സെ: | - | - | 1 | 4 | 1 | കിണർ | ✓ | ✗ | ✗ | ✓ | ✗ | ✗ | ✓ | ✗ |
| 9 | കാഞ്ഞിരങ്ങാട് എ.എൽ.പി. സ്കൂൾ | 76 | 62 | 138 | 4 | 5 | 9 | എയ്ഡഡ് | | | 5 | 1.56ഏക്ര: | 10സെ: | - | 1 | 4 | 2 | പൊതു കിണർ | ✗ | ✗ | ✗ | ✓ | ✓ | ✓ | ✓ | ✓ |
| 10 | പനങ്ങാട്ടൂർ എ.എൽ.പി.സ്കൂൾ | 49 | 11 | 60 | 1 | 1 | 2 | „ | | | 4 | 32സെ: | 20സെ: | - | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ | ✗ | ഉണ്ട് | ✗ | ✗ | ✗ |
| 11 | തിരുവട്ടൂർ എ.എൽ.പി. സ്കൂൾ | 112 | 119 | 231 | 5 | 0 | 5 | „ | | | 9 | 70സെ: | 50സെ: | - | 2 | 30 | ✗ | കിണർ | ✗ | ✓ | ✗ | ✓ | ✓ | ✗ | ✓ | ✓ |
| 12 | പുളിയൂൽ ഗവ: എൽ.പി. സ്കൂൾ | 29 | 34 | 63 | 7 | 9 | 16 | ഗവ: | | | 4 | 50സെ: | - | 30 | 2 | 8 | 1 | കിണർ | ✗ | ✓ | ✓ | ✗ | ✓ | ✗ | ✓ | ✓ |
| 13 | പുഷ്പഗിരി സെ: ജോസഫ് യു.പി.സ്കൂൾ | | | 411 | | | | അൺഎയ്ഡഡ് | | | 17 | | | | | | | | | | | | | | | |
| 14 | കുപ്പം | | | 91 | | | | അൺഎയ്ഡഡ് | | | 4 | | | | | | | | | | | | | | | |
| 15 | വെളിച്ചാനം സെ:സേവ്യർ സ്കൂൾ | | | 136 | 10 | 7 | 17 | അൺഎയ്ഡഡ് | | | 8 | 1.50ഏക്ര: | | | | | | | | | | | | | ✓ | ✓ |
| | | | | 4487 | 158 | 139 | 297 | | | | 171 | | | | | | | | | | | | | | | |

## പട്ടിക-2

### പരിയാരം ഗവ: ഹൈസ്കൂളിലെ എസ്.എസ്.എൽ.സി വിജയശതമാനം




## പട്ടിക 3

| പഞ്ചായത്തിലെ സ്കൂളുകളിലെ എൽ.പി..വിഭാഗത്തിലെ അവശ്യ നിലവാരത്തിനും താഴെ നില്കുന്ന കുട്ടികളുടെ വിവരം | | | |
|---|---|---|---|
| ക്രമ നമ്പർ | സ്കൂളിൻെറ പേര് | ആകെ കുട്ടികൾ | 30%താഴെ മാർക്ക്കിട്ടിയ കുട്ടികൾ |
| 1. | കെ.കെ.എൻ.പരിയാരം ഗവ: വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ | 184 | 21 |
| 2. | ഇരിങ്ങൾ യു.പി.സ്കൂൾ | 264 | 79 |
| 3. | ചെറിയൂർ ഗവ: യു.പി.സ്കൂൾ | 152 | 12 |
| 4. | പാച്ചേനി ഗവ: യു.പി. സ്കൂൾ | 177 | 14 |
| 5. | കുറ്റ്യേരി ഗവ: യു.പി. സ്കൂൾ | 120 | 10 |
| 6. | തലോറ എ.എൽ.പി. സ്കൂൾ | 108 | 9 |
| 7. | വെള്ളാവ് എ.എൽ.പി. സ്കൂൾ | 59 | - |
| 8. | മാവിച്ചേരി ഗവ: എൽ.പി. സ്കൂൾ | 91 | 20 |
| 9. | കാഞ്ഞിരങ്ങാട് എ.എൽ.പി. സ്കൂൾ | 138 | 11 |
| 10. | പനങ്ങാട്ടൂർ എ.എൽ.പി. സ്കൂൾ | 60 | 10 |
| 11. | തിരുവട്ടൂർ എ.എൽ.പി. സ്കൂൾ | 178 | 6 |
| 12. | പുളിയൂൽ ഗവ: എൽ.പി. സ്കൂൾ | 63 | 8 |
| | | 1592 | 200 |
| | | 12% | |

# കുടിവെള്ളം

നമ്മുടെ ഗ്രാമപഞ്ചായത്തിൽ ശുദ്ധജലവിതരണ പദ്ധതികളൊന്നും തന്നെ ഇല്ലാത്തതിനാൽ മുഖ്യകുടിനീർ സ്രോതസ്സുകൾ കിണറുകളാണ്. ആകെയുള്ള 5222 വീടുകളിൽ ഏതാണ്ട് 3235 എണ്ണത്തിന് സ്വന്തമായി കിണറുകളുണ്ട്. 76%ത്തോളം കുടുംബങ്ങളും കുടിവെള്ളത്തിനായി സ്വന്തം കിണറുകളേയാണ് ആശ്രയിക്കുന്നത് 21%ഓളം കുടുംബങ്ങൾ അയൽ വീടുകളിലെ കിണറുകളാണ് ആശ്രയിക്കുന്നത്. 3%ജന ങ്ങൾ പൊതുകിണറുകളെയും കുഴൽകിണറുകളെയും ആശ്രയിക്കുന്നു. പഞ്ചായത്തിൽ വിവിധ പ്രദേശ ങ്ങളിലായി 11 കുഴൽകിണറുകൾ, 20 പൊതു കിണറുകൾ, 55കുള ങ്ങൾ എന്നിവയും ഏതാനും നീരുറവയും ഉണ്ട് കുളങ്ങളി ലെയും നീരുറവകളിലേയും വെള്ളം കുടിവെള്ളത്തിനായി ഉപയോഗിക്കുന്നില്ല. ഇരുമ്പ് പൈപ്പ് ഉപയോഗിച്ചുള്ള കുഴൽകിണർ നിർത്തണം. കുഴൽ കിണറുകളുടെ ഉപയോഗം കാലക്രമത്തിൽ പ്രതികൂലമായി ബാധിക്കുന്നു. മിക്കവാറും പൊതുകിണറുകളും ചില കുഴൽകിണറുകളും അടക്കം 70%ത്തോളം കിണറുകളും വേനൽ കാലങ്ങളിൽ വറ്റുന്നത് മൂലം പലപ്രദേശങ്ങളിലും കുടിവെള്ളക്ഷാമം രൂക്ഷമാകുന്നു. കൂടാതെ ഉപ്പുകയറ്റം മൂലം കുപ്പം പുഴയുടെ ഇരു ഭാഗങ്ങളുമായികിടക്കുന്ന പ്രദേശങ്ങളിലും കുടിവെള്ള ക്ഷാമം അനുഭവപ്പെടാറുണ്ട്. വേനൽകാലങ്ങളിൽ രണ്ട് കിലോമീറ്ററോളം ദൂരെനിന്നും പരിമിതമായ കുടിവെള്ളം തലച്ചുമടായി എത്തിക്കേണ്ടി വരുന്ന സ്ഥിതിയാണ്. ചെറിയൊരു ആശ്വാസമെന്ന നിലയിൽ ലോറികളിൽ കുടിവെള്ളം എത്തിക്കാറുണ്ട്. അടുത്തകാലത്ത് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന കടുത്ത കുടിവെള്ളക്ഷാമത്തിന് കാരണം നിലവിലുള്ള തോടുക ളുടെ ആഴക്കുറവും, തടയണകളുടെ അഭാവവും, ശാസ്ത്രീയമായ മണ്ണ്- ജലസംരക്ഷണ പ്രവർത്തന ങ്ങളുടെ പോരായ്മയും ആണെന്ന് കാണുന്നു.

പരിയാരം പഞ്ചായത്തിൽ രണ്ടാംവാർഡിലെ ചെനയന്നൂർ, കാലിപൊയിൽ, മാവിച്ചേരി കുടുംബക്ഷേമ കേന്ദ്രപ്രദേശം, മൂന്നാം വാർഡിലെ തട്ടുമ്മൽ നാലാം വാർഡിലെ നെല്ലിപ്പറമ്പ്, പുത്തലം മേലെ എന്നീ പ്രദേശങ്ങൾക്ക് പ്രയോജനം ലഭിക്കത്തക്ക രീതിയിൽ ഒരു



ശുദ്ധജലപദ്ധതി നടപ്പിലാക്കാവുന്നതാണ്. ഇതിന്നാവശ്യ മായ സ്രോതസായി താഴെ പറയുന്നവയിൽ ചിലത് സ്വീകരിക്കാവുന്നതാണ്.

1. നെല്ലിപ്പറമ്പ് പഞ്ചായത്ത് ഗ്രൗണ്ടിന് സമീപമുള്ള മാമ്പിനോട് ചേർന്ന് ഒരു ജലസംഭരണ കിണർ
2. കുറ്റ്യേരി ബേങ്കിന് കിഴക്ക്ഭാഗത്തായി ഏതാണ്ട് 250 മീറ്റർ അകലെ അരിക്കാനം തോടിനടുത്ത് കിണർ
3. പുത്തലംതാഴെയുള്ള കുളത്തിനോട് ചേർന്ന് കിണർ
4. കാഞ്ഞിരങ്ങാട് കാവിനടുത്തുള്ള ജലലഭ്യമായ പ്രദേശത്ത് കിണർ

സ്രോതസ്സുകൾ തെരഞ്ഞെടുക്കുന്നതിനനുസരിച്ച് അവയ്ക്കടുത്തുള്ള ഉയർന്ന പ്രദേശത്ത് ജലസംഭരണി (ഒ.എച്ച്.ടാങ്ക്)യും നിർമ്മിച്ചാൽ മേൽപറഞ്ഞ പ്രദേശ ങ്ങളിൽ ശുദ്ധജലവിതരണം നടത്താവുന്നതാണ്.

അഞ്ചാം വാർഡിലെ അമ്മാനപ്പാറ, തൊണ്ടന്നൂർ, ആറാം വാർഡിലെ ലക്ഷംവീട് കോളനി 15 ഏക്കർ പ്രദേശം, ഒമ്പതാം വാർഡിലെ പോളമൊട്ട, ചിതപ്പിലെ പൊയിൽ, മൈലാടിപ്പാറ, മൂണ്ടച്ചാംമൂല, ഇരട്ടക്കുളംമൊട്ട എന്നീപ്രദേശങ്ങളിൽ ശുദ്ധജലം എത്തിക്കുന്നതിനായി കൽപ്പോത്ത്കുളം കേന്ദ്രീകരിച്ച് ഒരു കിണറും ചിതപ്പിലെ പൊയിലിൽ ഉയർന്നഭാഗത്തായി ജലസംഭരണി (ഒ.എച്ച്. ടാങ്ക്)യും നിർമ്മിച്ചാൽ പൈപ്പിലൂടെ ജലവിതരണം നടത്താവുന്നതാണ്.

പഞ്ചായത്തിൽ ആകെ ജലക്ഷാമം അനുഭവ പ്പെടുന്ന പ്രദേശങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

| ജലക്ഷാമം അവുഭവപ്പെടുന്ന പ്രദേശങ്ങളും കാരണങ്ങളും നിർദ്ദേശങ്ങളും | | | | | |
|---|---|---|---|---|---|
| വാർഡ് നമ്പർ | ക്രമനമ്പർ | ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ | കാരണം | സാധ്യതകൾ | കുറിപ്പ് |
| 1 | 1 | പനങ്ങാട്ടൂർ എൽ.പി.സ്കൂൾ പ്രദേശം | കരിമ്പാറ (വർഷകാലത്തും ജലക്ഷാമം | കുഴൽകിണർ | |
| | 2 | ചെറിയൂർ പ്രിയദർശിനി വായനശാല പ്രദേശം | കരിമ്പാറ | കുഴൽകിണർ | |
| | 3. | ആലത്തട്ട് ഹരിജൻ കോളനി | ഉയർന്ന കുന്നിൻചെരുവ് | ശുദ്ധജല വിതരണ പദ്ധതി | പ്രത്യേകഘടക പദ്ധതിയിൽ ടെണ്ടർ ചെയ്തിട്ടുണ്ട്. |
| | 4. | മരുതിയാട് | കരിമ്പാറ | ആലത്തട്ട് സ്കീം വ്യപിപ്പികണം | |
| | 5. | കടമ്പൂർ | കരിമ്പാറ | ,, | |
| | 6. | വട്ടക്കൂൽ പെരുമ്പാറ താഴെ | കരിമ്പാറ | കുഴൽകിണർ സ്രോതസ്സായി ജലവിതരണ പദ്ധതിക്ക് സാധ്യതയുണ്ട്, | പെരുമ്പ തോടിന് സമീപത്തായി കിണറിന് സാധ്യത |
| 2 | 1 | ചെനയന്നൂർ | പീഠഭൂമി | കുഴൽകിണർ | |
| | 2 | കാലിപൊയിൽ | --,,---- | --,,-- | |
| | 3. | മാവിച്ചേരി കുടുംബക്ഷേമകേന്ദ്ര പ്രദേശം | | നിലവിലുള്ളത് പുനരുദ്ധരിക്കുകയും പുതിയൊരുകുഴൽ കിണർ സ്ഥാപിക്കുകയും | |
| | 4. | മണിയറം മുറ്റം | ,, | കുഴൽകിണർ | |
| | 5. | കുമ്മായച്ചൂള(കാഞ്ഞിരങ്ങാട്) | ,, | ,, | |
| | 6. | കുറ്റ്യേരി തൃക്കോവിലിന് കിഴക്ക് | കുന്നിൻചെരിവ് | പൊതുകിണർ | വാഹന സൗകര്യമില്ല |
| | 7. | കുറ്റ്യേരി മൃഗാശുപത്രി പ്രദേശം | സ്വകാര്യ കിണറുകൾ കുറവ് | പൊതുകിണർ | |
| | 8. | കാഞ്ഞിരങ്ങാട് തെക്കെ മൂല | പീഠഭൂമി | പൊതുകിണർ | |
| | 9. | കാഞ്ഞിരങ്ങാട് വടക്കെമൂല | പീഠഭൂമി | പൊതുകിണർ | |
| 3 | 1 | കുറ്റ്യേരി മദ്രസ ഭാഗം | കിണറുകൾകുറവ് | പൊതുകിണർ | |

| | | | | | |
|---|---|---|---|---|---|
| | 2<br><br><br><br>3<br>4.<br>5. | വെള്ളാവ് അംഗനവാടിപ്രദേശം<br><br><br><br>വെള്ളാവ് സ്കൂൾ<br>കാർകോട്ട്<br>കൊളക്കാട്ടേരിഭാഗം | 7–9. മീ താഴെ കരിമ്പാറ കിണറുകൾ വറ്റുന്നു. | കുറ്റ്യേരി പോസ്റ്റാഫീസിന് സമീപം ആലിങ്കീൽ മൊട്ടയിൽ ടാങ്ക് പൈപ്പുവഴി ഈ പ്രദേശങ്ങളിൽ ജലവിതരണം സാധിക്കും | പദ്ധതി നടപ്പിലാക്കാൻ വൈകുക യാണെങ്കിൽ ഈ പ്രദേ ശത്ത് ഓരോ കുഴൽകിണർ സ്ഥാപിക്കണം. |
| | 6. | തട്ടുമ്മൽ പ്രദേശം | ഉയർന്നപ്രദേശം | | കുഴൽ കിണ റുകൾ പരാജയം |
| 4 | 1<br><br><br><br><br><br><br><br><br><br>2.<br>3. | തട്ടുമ്മൽ<br><br><br><br><br><br><br><br><br><br>നെല്ലിപ്പറമ്പ്<br>പുത്തലം മേലെ | പീഠഭൂമി<br><br><br><br><br><br><br><br><br><br>,,<br>,, | സ്രോതസ്സായി അരിക്കാനം കാർകോട്ട്കുളം നെല്ലിപ്പറമ്പ് മാമ്പ പുത്തലം(താഴെ) കുളം എന്നിവയിൽ ചിലത് സ്വീകരി ക്കാവുന്നതാണ്. ഉയർന്ന പ്രദേശ ത്ത് ടാങ്ക് സ്ഥാപി ച്ചാൽ പൈപ്പ്വഴി ജലവിതരണം നടത്താം. | ചില സ്രോതസ്സുകൾ ക്ക് അടുത്തായി വൈദ്യുതി ലഭ്യമാണ്. |
| | 4. | പുത്തലം താഴെ | 6.മീ താഴെ കരിമ്പാറ | കുഴൽകിണർ | |
| | 5. | തലോറ കിഴക്ക്(മില്ലിന് സമീപം) | 9.മീ താഴെ കരിമ്പാറ | കുഴൽകിണർ | |
| | 6. | തെക്കെമൂല(തലോറ) | ,, | ,, | |
| | 7. | മേപ്പള്ളി ഇല്ലത്തിന് മേൽഭാഗം | ഉയർന്ന കുന്നിൻചെരിവ് | കുഴൽകിണർ | |
| | 8. | തലോറ എ.കെ.ജി.സ്മാരക കലാ സമിതിക്ക് സമീപം | 7.മീ താഴ്ചയിൽ കരിമ്പാറ | പൊതുകിണർ | |
| 5. | 1. | അമ്മാനപ്പാറ | പീഠഭൂമി | പൊതുകിണർ | 57 വീടുകൾക്ക് 2 കിണർ |
| | 2. | മൂടിക്കാനം | ,, | ,, | |
| | 3. | ചെറുപാറ | ,, | ,, | |
| | 4.<br>5. | തൊണ്ടനൂർ കോളനി പ്രദേശം<br>ഏമ്പേറ്റ് സെൻറ്മേരീസ് കോളനി | ,,<br>കിണറുകൾ കുറവ് | ,,<br><br>,, | |
| | 6. | മേലേരിപ്പുറം | ഉയർന്നഭൂമി | ,, | |

| | | | | | |
|---|---|---|---|---|---|
| 6. | 1 | ശ്രീ കൊട്ടിയൂർ ക്ഷേത്രത്തിന് വടക്ക് കുന്ന് പ്രദേശം | പീഠഭൂമി | കുഴൽകിണർ | |
| | 2. | കുറുക്കൻമൊട്ട | ഉയർന്നപ്രദേശം | ,, | |
| | 3. | ഏച്ചിൽമൊട്ട(പടിഞ്ഞാറ്) | | | |
| | 4. | പരിയാരം ലക്ഷംവീട്കോളനി (15 ഏക്രപ്രദേശം) | ഉയർന്നപ്രദേശം കിണറുകൾകുറവ് | ,, ,, | |
| | 5 | തൊണ്ടന്നൂർ സ്കൂൾഗ്രൗണ്ടിന് തെക്കെഭാഗം | കുന്ന്പ്രദേശം | പൊതുകിണർ | |
| | 6. | ഓണപ്പറമ്പ് കിഴക്ക് | ഉയർന്നപ്രദേശം | ,, | |
| 7. | 1. | പടവിൽ | ഓരുകയറ്റം (ഹെഡ്വാട്ടർ) | പൊതുകിണർ ശുദ്ധജല വിതരണ പദ്ധതി | |
| | 2. | കുളിമൂല | ശുദ്ധജലം ലഭ്യമല്ല | | |
| | 3. | ഹരിജൻകോളനി | കുന്നിൻചെരിവ് | ശുദ്ധജലവിതരണ പദ്ധതി | |
| | 4. | കുറുക്കൻമൊട്ട(പാലത്തട്ട്) | കുന്നിൻപ്രദേശം | പൊതുകിണർ | |
| 8 | 1. | മുക്കുന്ന് | ഘനജലം (ഹാർഡ്വാട്ടർ) | ശുദ്ധജല വിതരണ പദ്ധതി | ഏത്തംകുളം നല്ല സ്രോതസ്സ് |
| | 2. | ഏച്ചിൽമൊട്ട | ഉയർന്നപ്രദേശം | പൊതുകിണർ | |
| | 3. | ശ്രീസ്ത | കുന്നിൻചെരിവ് | ,, | |
| 9. | 1 | പോളമൊട്ട | കുന്നിൻചെരിവ് | പൊതുകിണർ | |
| | 2. | ചിതപ്പിലെ പൊയിൽ | ഉയർന്നപ്രദേശം | കൽപ്പോംകുളം കേന്ദ്രീകരിച്ച് ഒരു സ്രോതസ്സും പൊയിലിൽ ഉയർന്ന പ്രദേശത്ത് ടാങ്കും നിർമ്മിച്ചാൽ പൊതുടാപ്പിലൂടെ ജലവിതരണം നടത്താൻ സാധിക്കും | കൽപ്പോം കുളം അണ്ടയാം കുളം എന്നിവ നല്ല സ്രോതസുകളാണ് |
| | 3. | മയിലാടിപ്പാറ | ,, | | |
| | 4. | മുണ്ടച്ചാംമൂല | | | |
| | 5. | ഇരട്ടക്കുളം മൊട്ട | | | |
| | 6. | അണ്ടയംകുളം | നിർവാർച്ച | അണ്ടയാംകുളം (ചതുരക്കളം) പുനരുദ്ധരിച്ച് സംരക്ഷിച്ചാൽ മതി | |
| 10. | 1. | വായാട് ഇല്ലത്തിൻ മൂല | കുന്നിൻചെരിവ് | കുഴൽകിണർ വിയർ നിർമ്മിച്ചാൽ പൈപ്പിലൂടെ വിതരണംചെയ്യാം | ചുള്ളിയിൽ കരിമ്പാറയിൽ നിന്നും നല്ല ഉറവയുണ്ട് |
| | 2. | ചുള്ളി | 1-2 മീ താഴ്ചയിൽ കരിമ്പാറ | | |

| | | | | | |
|---|---|---|---|---|---|
| | 3. | പാച്ചേനി സ്കൂൾഭാഗം | വേനലിൽ വറ്റുന്നു. | പൊതുകിണർ | അരയാൽകുളം പുനരുദ്ധരിച്ച് സംരക്ഷിച്ചാൽ കുടിവെള്ളം ലഭിക്കും |
| | 4. | പുളിയൂൽ മുകൾഭാഗം | പീഠഭൂമി | അമ്മാനപ്പാറ യിലെ കൊക്കാകുളം പുനരുദ്ധരിച്ച് സ്ട്രീറ്റ് ടാപ്പിലൂടെ ജലവിതരണം നടത്താം | |
| | 5. | അമ്മാനപ്പാറ | ,, | | |
| | 6. | മേനച്ചൂർ | ഉയർന്നപ്രദേശം | കുഴൽകിണർ | |
| 11. | 1. | അവുങ്ങുംപൊയിൽ | പീഠഭൂമി | പൊതുകിണർ | നിലവിലുള്ള കിണർവൃത്തി യാക്കുക പള്ളിത്തട്ട് ഗണപതി കുളം സംര ക്ഷിച്ചാൽ വാർഡ് മുഴുവൻ ശുദ്ധജലം എത്തിക്കാൻ കഴിയും. |
| | 2. | ഏഴുംവയൽ | | കുഴൽകിണർ | |
| | 3. | പാറേൻകോളിൽ | | പൊതുകിണർ | |
| | 4. | പുറ്റേൻ കടവ് | ഉയർന്നപ്രദേശം | കുഴൽകിണർ | |
| | 5. | തിരുവട്ടൂർ | ചരിഞ്ഞപ്രദേശം | പൊതുകിണർ | |
| | 6. | വായാട് വായനശാലാപ്രദേശം | ,, | കുഴൽകിണർ | |

## പ്രശ്നങ്ങൾ

ചിലവാർഡുകളിൽ സ്ഥിരമായി കുടിവെള്ളക്ഷാമം നേരിടുന്നു

തീരപ്രദേശങ്ങളിൽ ഊരുകയറ്റം കാരണം കുടിവെള്ളക്ഷാമം ഉണ്ടാകുന്നു.

ചില വാർഡുകളിൽ മണ്ണിനടിയിൽ കരിങ്കൽ പാറകളുളളതിനാൽ കിണറുകൾ കുഴിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

കുഴൽകിണറുകളിൽ പലതിലും പ്രതീക്ഷിച്ചത്രവെള്ളം കിട്ടുന്നില്ല. അവയിലെ വെള്ളത്തിന് രുചിവ്യത്യാസം അനുഭവപ്പെടുന്നു.

## സാധ്യതകൾ:

നിലവിലുള്ള പൊതുകിണറുകളെല്ലാം ഉപയോഗ്യ യോഗ്യമാക്കുക

ഊരുകയറ്റം തടയാൻ തീരപ്രദേശങ്ങളിൽ ആവശ്യമായ നടപടി സ്വീകരിക്കുക.


പഞ്ചായത്തിലാകെ ജലസംഭരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.

ജലമലിനീകരണം തടയാൻ പ്രായോഗിക പരിപാടി തെയ്യാറാക്കുക.

ജലസംരക്ഷണത്തെകുറിച്ചും ജലജന്യ രോഗങ്ങളെ കുറിച്ചും ബോധവല്കരണ പരിപാടികൾ തയ്യാറാക്കുക

എല്ലാ കുടുംബങ്ങൾക്കും കുടിവെള്ളം എത്തിക്കാനാവശ്യമായ പദ്ധതികൾ നടപ്പാക്കുക.

# പൊതുജനാരോഗ്യം



നമ്മുടെ ഗ്രാമ പഞ്ചായത്തിൽ ഒരു പ്രാഥമികാ രോഗ്യ കേന്ദ്രവും മൂന്ന് കുടുംബ ക്ഷേമ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. മെച്ചപ്പെട്ട പ്രവർത്തനം നടത്തുന്ന പ്രാഥമികാ രോഗ്യ കേന്ദ്രത്തിന്റെ സേവനം പഞ്ചായത്തിൽ മുഴുവനായും ഉപയോഗ പ്പെടുത്താൻ കഴിയുന്നില്ല. രണ്ട്, മൂന്ന്, നാല് വാർഡുകൾക്കായി മാവിച്ചേരിയിലും 7,8,9 വാർഡുകൾക്കായി അമ്മാനപ്പാറയിലും 1,10,11 വാർഡുകൾക്കായി പനങ്ങാട്ടൂരും പ്രവർത്തിക്കുന്ന കുടുംബക്ഷേമ കേന്ദ്രങ്ങളുടെ സേവനം വേണ്ടത്ര ലഭിക്കുന്നില്ല. തിരുവട്ടൂർ ഗവ: ആയുർവേദ ഡിസ്പെൻസറിയുടെ സേവനം ആ പ്രദേശത്തുകാർക്ക് ലഭ്യമാകുന്നുണ്ട്. സ്വകാര്യ മേഖലയിൽ ഏമ്പേറ്റിൽ പ്രവർത്തിക്കുന്ന ഒരു ഹോമിയോ ക്ലിനിക്കും വെള്ളാവിൽ പ്രവർത്തിക്കുന്ന ഒരു അലോപ്പതിക്ലിനിക്കും ആ പ്രദേശത്തുകാർക്ക് പ്രാഥമിക ചികിത്സാ സൗകര്യം ലഭ്യമാകുന്നുണ്ട്. പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും ചികിത്സാ സൗകര്യങ്ങൾക്ക് മൂന്ന് മുതൽ 15വരെ കി.മീറ്ററുകൾക്കപ്പുറത്ത് തളിപ്പറമ്പ് താലൂക്കാശുപത്രിയേയോ മറ്റ് സ്വകാര്യ ആശുപത്രിയേയോ ആശ്രയിക്കുന്ന സ്ഥിതിയാണ് നിലവിലുള്ളത്.

കാലാവസ്ഥാ മാറ്റങ്ങൾക്കനുസരിച്ച് കണ്ടുവരാറുള്ള പകർച്ചാവ്യാധികളും ആരോഗ്യപ്രശ്നങ്ങളും ഉണ്ടാവുന്നുണ്ട്. പരിസരമലിനീകരണത്തിന്റെയും കുടിവെള്ള മലിനീകരണത്തിന്റെയും ഫലമായുണ്ടാകുന്ന വയറിളക്ക രോഗങ്ങളാണ് പകർച്ചവ്യാധി എന്നനിലയിൽ പ്രധാനമായും കണ്ടുവരുന്നത്. 1995-96കാലത്ത് പഞ്ചായത്തിൽ 249 ജലജന്യരോഗങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടതിൽ വയറിളക്കം, മഞ്ഞപ്പിത്തം ഉൾപ്പെടെയുള്ള രോഗങ്ങൾ എല്ലാ പ്രദേശങ്ങളിലും കാണപ്പെട്ടിരുന്നു. വേനൽ കാലത്തിന്റെ അവസാനം കുടിവെള്ളത്തിൽ വയറിളക്ക രോഗാണുക്കളുടേയും വർഷകാലാരംഭത്തിൽ പുതുമഴയിൽ ഒലിച്ചിറങ്ങുന്ന മലിന വസ്തുക്കൾ കുടി വെള്ളത്തിൽ കലരുന്നതു മൂലംവുമാണ് രോഗം കൂടുതൽ കാണപ്പെടുന്നത്. ജലജന്യരോഗങ്ങളിൽ കൂടുതലായി കാണപ്പെടുന്ന വയറിളക്കരോഗത്തിന് പാനീയ ചികിത്സയാണ് ഉചിതമായിട്ടുള്ളത്.

വായു ജന്യ രോഗങ്ങളിൽ പ്രധാനമായി കണ്ടുവരുന്നത് ക്ഷയം, ചിക്കൻപോക്സ് എന്നിവയാണ്. 95-96 വർഷത്തിൽ പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട 22 രോഗങ്ങളിൽ കൂടുതലും മാർച്ച്, ഏപ്രീൽ, മെയ് മാസങ്ങളിൽ കണ്ടുവരുന്ന ചിക്കൻപോക്സാണ്. ചിക്കൻപോക്സ് മാരകമല്ലാത്തതിനാലും പ്രത്യേക ചികിത്സ ആവശ്യമില്ലാത്തതിനാലും രോഗപകർച്ച തടയുന്നതിന് പ്രധാനമായും ആരോഗ്യ വിദ്യാഭ്യാസ ക്ലാസാണ് ആവശ്യമായിട്ടുള്ളത്. അതേപോലെ ക്ഷയരോഗത്തിനെതിരെ ആരംഭഘട്ടത്തിൽതന്നെ ചികിത്സാ വിധേയരാവുന്നതിനുള്ള ബോധവല്കരണ പ്രവർത്തനവും ആവശ്യമാണ്.

പ്രാണിജന്യരോഗങ്ങളിൽ പ്രധാനമായ മലമ്പനി നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിരുന്നില്ലെങ്കിലും അന്യദേശങ്ങളിൽ ജോലിയുള്ളവരിൽ കണ്ടെത്തുകയും പ്രതിരോധ നടപടികൾ യഥാസമയം സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

പഞ്ചായത്തിന്റെ വിവധഭാഗങ്ങളിൽ 16പേർക്ക് കുഷ്ഠരോഗ ലക്ഷണങ്ങൾ കണ്ടെത്തി പ്രാഥമികാരോഗ്യകേന്ദ്രം മുഖേന ചികിത്സ നടത്തിവരുന്നുണ്ട്. ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി പ്രത്യേകം പരിശീലനം ലഭിച്ച ജീവനക്കാർ പഞ്ചായത്തിലെ എല്ലാവാർഡുകളിലും സമഗ്ര സർവേ നടത്തി രോഗലക്ഷണങ്ങൾ കണ്ടവരെ ഹെൽത്ത് സെൻററുകളിൽ വെച്ച് എല്ലാമാസവും 13-ാം തീയതി ഒരു വിദഗ്ദ ടീമിന്റെ മുന്നിൽ പരിശോധനാ വിധേയരാക്കി ചികിത്സ നടത്തുന്ന പ്രവർത്തനം നടന്നുവരുന്നുണ്ട്. നമ്മുടെ പഞ്ചായത്തിൽ ഒരു എലിപ്പനിരോഗവും റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. തളിപ്പറമ്പ് നഗരസഭാ അതിർത്തിയിലെ വൃത്തിഹീനമായ ഓടകൾ വൃത്തിയാക്കുന്ന അവസരത്തിൽ രോഗ ബാധിതനായ ആളെ വിദഗ്ദ ചികിത്സക്കായി മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യപ്പെട്ടതിനാൽ രോഗവിമുക്തനായിട്ടുണ്ട്.

സ്കൂൾ തലത്തിൽ നടത്തിയ വൈദ്യപരിശോധനയിൽ പഞ്ചായത്ത് അതിർത്തിയിൽ 3 കുട്ടികളിൽ പോഷകാഹാരക്കുറവ് പ്രത്യേകം ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. പഞ്ചായത്തിലെ ജനങ്ങൾ പൊതുവേ ആരോഗ്യവാൻമാരാണെങ്കിലും ചിലരിൽ കാൻസർ പോലുള്ള മാരകരോഗങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

അംഗൻവാടി, സ്കൂൾ എന്നിവ കേന്ദ്രീകരിച്ച്കൊണ്ട് രോഗപ്രധിരോധ നടപടികൾ സ്വീകരിക്കുന്നുണ്ട്.

പേവിഷബാധ ഒരു കടുത്ത ഭീഷണിയാവുന്ന രീതിയിൽ പഞ്ചായത്തിൻെറ എല്ലാ ഭാഗങ്ങളിലും അലഞ്ഞുതിരിയുന്ന പട്ടികൾ ധാരാളമുണ്ട്.

## ആരോഗ്യരംഗത്തെ നിർദേശങ്ങൾ:

1. രണ്ടുവില്ലേജുകളിലേയും ജനങ്ങൾക്ക് എളുപ്പത്തിൽ എത്തിപ്പെടാവുന്ന കിടത്തി ചികിത്സിക്കാവുന്ന(10 കിടക്കകൾ)ആസ്പത്രികൾ സ്ഥാപിക്കണം. ഈ കേന്ദ്രങ്ങളിൽ ആഴ്ചയിലൊരു ദിവസം എം.എസ്., എം..ഡി. ബിരുദമെടുത്ത ഡോക്ടറുടെ സേവനം ഉറപ്പുവരുത്തണം.

2. നിലവിലുള്ള ആരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

3. എല്ലാപ്രദേശത്തും ഉള്ള കുട്ടികൾക്കും, അമ്മമാർക്കും പ്രയോജനം ലഭിക്കുന്ന അംഗനവാടികൾ സ്ഥാപിക്കുക.

4. പേവിഷബാധ കാര്യക്ഷമമായി തടയുന്നതിന് തെരുവുനായ്ക്കളെ നശിപ്പിക്കുകയും വളർത്തു നായ്ക്കൾക്ക് യഥാസമയം കുത്തിവെപ്പും, നിയന്ത്രണങ്ങളും ഏർപ്പെടുത്തണം.

5. കൊതുകുനിവാരണമാർഗ്ഗം കാര്യക്ഷമമായി നടപ്പിലാക്കണം.

6. എലിനിയന്ത്രണം കാര്യക്ഷമമാക്കണം

7. സ്കൂൾ ആരോഗ്യപരിപാടികൾ കാര്യക്ഷമമാക്കണം.(പ്രതിരോധ കുത്തിവേയപ്പുകൾ, ആരോഗ്യം)

8. പഞ്ചായത്തിലെ മുഴുവൻ പേർക്കും ഹെൽത്ത് കാർഡ് സമ്പ്രദായം നടപ്പിലാക്കണം.

9. എല്ലാവീടുകളിലും(വാടകയ്ക്ക് താമസിക്കുന്നിടങ്ങളിലും) കക്കൂസ് ഉണ്ടെന്ന് ഉറപ്പുവരുത്തണം.

# പരിസര ശുചിത്വം

പഞ്ചായത്തിൽ ആകെയുള്ള 5222 വീടുകളിൽ ഏതാണ്ട് 50%വീടുകൾക്കും സ്വന്തമായി കക്കൂസില്ല. ഇതിന് കാരണം സാമ്പത്തിക ബുദ്ധിമുട്ടാണ്. വാടകമുറികൾക്ക് ആവശ്യമായ കക്കൂസുകൾക്ക് ഇല്ലാത്തതിനാൽ പരിസരമലിനീകരണം ഉണ്ടാകുന്നു. വെളിംപ്രദേശങ്ങളിൽ മലമൂത്രവിസർജ്ജനം നടത്തുന്നതിനാൽ പരിസരമലിനീകരണത്തിന് പുറമേ പകർച്ച വ്യാധികൾക്ക് കൂടി കാരണമാകുന്നു. ഹൈവേഓരങ്ങൾ, കുപ്പം പുഴയുടെ ചിലഭാഗങ്ങൾ എന്നിവിടങ്ങളിൽ തീർത്ഥാടകരും സഞ്ചാരികളും പ്രാഥമിക കർമ്മങ്ങൾക്ക് ഉപയോഗിക്കുന്നതിനാലും പട്ടണപ്രദേശങ്ങളിലുള്ള ആശുപത്രി, ഹോട്ടൽ, മാർക്കറ്റ്, അറവുശാലകൾ എന്നിവട ങ്ങളിലേയും നമ്മുടെ പഞ്ചായത്തിലെ അറുവു കേന്ദ്രങ്ങളിലേയും മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനാൽ പരിസരം മലിനപ്പെടുന്നു.

പലേടത്തും പൊതുശ്മശാനങ്ങൾ ഉണ്ടെങ്കിലും അവിടെ ആവശ്യമായ സൗകര്യങ്ങളൊന്നുംതന്നെയില്ല. അതിനാൽ പലരും അവരവരുടെ സ്ഥലങ്ങളിൽതന്നെ ശവസംസ്കാരം ചെയ്യപ്പെടുന്നതായി കാണപ്പെടുന്നു.

റബർഷീറ്റടിക്കുന്ന യന്ത്രം പുരയിടങ്ങളുടെ അടുത്ത് സ്ഥാപിക്കുന്നത് മൂലം പലവീടുകൾക്കും ദുർഗന്ധം വലിയ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

പോളിത്തീൻ ബാഗുകളുടെ അമിതമായ ഉപയോഗം കാരണം പരിസരമലിനീകരണവും മണ്ണിൻെറ ഘടനയിൽ വലിയ വ്യതിയാനം വരുത്തുന്നു. അമിതമായ കീടനാശിനികളുടെ പ്രയോഗം കാരണം പരിസരമലിനീകരണം വലിയതോതിൽ അനുഭവപ്പെടുന്നു.

## നിർദ്ദേശങ്ങൾ:

1. എല്ലാ ദരിദ്ര കുടുംബങ്ങൾക്കും കക്കൂസുകൾ നിർമ്മിക്കാനാവശ്യമായ ധനസഹായം ലഭ്യമാക്കണം.

2. ഹൈവേഓരങ്ങളും കുപ്പം പുഴയും മലിനപ്പെടുത്തുന്നത് തടയാൻ പഞ്ചായത്തിൻെറ സത്വരശ്രദ്ധ പതിയണം.

3. പൊതുശ്മശാനങ്ങളിൽ അടിയന്തിരമായും ചൂള, വിറക്, വിറക് പുര, ചുറ്റുമതിൽ, ശവമഞ്ചം, ബോർഡ് എന്നിവയും ആവശ്യമായ സ്ഥലങ്ങളിൽ എത്രയും പെട്ടെന്ന് പൊതുശ്മശാനവും സ്ഥാപിക്കുക.

4. റബർ ഷിറ്റടിക്കുന്ന സ്ഥലവും പാർപ്പിടവും തമ്മിൽ

നിശ്ചിത ദൂരപരിധി ഏർപ്പെടുത്തിയതിനുശേഷമേ കെട്ടിടങ്ങൾക്ക് നിർമ്മാണാനുമതി നല്കാവൂ.


5. പരിസരമലിനീകരണ നിയന്ത്രണ സംവിധാനത്തോടുകൂടിയ സ്റ്റോൺക്രഷറുകൾക്ക് മാത്രമേ അനുമതി നല്കാവൂ.

6. പോളിത്തീൻ ബാഗുകൾ അടിയന്തിരമായും നിരോധിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുക.

7. പൊതുകുളങ്ങളും കാവുകൾ വേണ്ടവിധത്തിൽ സംരക്ഷിക്കണം.




# പരിയാരം
# ഗ്രാമപഠന




| | ജലലഭ്യത | ഭൂവിനിയോഗം | മൺതരം | ഭൂപ്രകൃതി |
|---|---|---|---|---|
| | സുലഭം | കവുങ്ങ്, തെങ്ങ്, കുരുമുളക് | ചരൽ കലർന്ന വെട്ടുകൽ മണ്ണ് | ചരിവ് |
| | സുലഭം | കുരുമുളക്, റബ്ബർ | ചരൽ | ചരിവ് |
| വയൽ നികത്തിയത് | സുലഭം | തെങ്ങ്, കവുങ്ങ്, വാഴ, കുരുമുളക് | ചരൽ കലർന്ന കളിമണ്ണ് | സമതലം |
| | ലഭ്യമാണ് | കവുങ്ങ്, തെങ്ങ്, വാഴ, കുരുമുളക്, റബ്ബർ | ചെമ്മണ്ണ് കരിങ്കൽ പാറ | ചരിവ് |
| കശുമാവ് വെട്ടിമാറ്റി റബ്ബർ | | കപ്പ, കശുമാവ്, കുരുമുളക്, റബ്ബർ | വെട്ടുകൽ, കരിങ്കൽ ചരൽ മണ്ണ് | കുത്തനെയുള്ള ചരിവ് |
| ,, | ലഭ്യമാണ് | കശുമാവ് | തരിശ്, ചെങ്കൽ | നിരപ്പ് |
| | ലഭ്യമാവാൻ സാധ്യത | തരിശ് | വെട്ടുകൽ പ്പാറ | നിരപ്പ് |
| | ലഭ്യമാണ് | കുരുമുളക്, കശുമാവ് | ചരൽ നിറഞ്ഞ കരിമണ്ണ് | ചരിവ് |
| മണ്ണെടുത്ത് വയൽ നഷ്ടപ്പെട്ടു. സ്രോതസ്സ് [illegible] | സുലഭം | തേക്ക്, റബ്ബർ പ്ലാന്റേഷൻ, [illegible] പടവലം | കളിമണ്ണ് | നിരപ്പ് |
| | ലഭ്യമാണ് | പച്ചക്കറി, തരിശ് | ചരൽ നിറഞ്ഞ കരിമണ്ണ് | ചരിവ് |
| [illegible] വീടുകൾ | ചരിവിന്റെ താഴെ ഭാഗം ലഭ്യമാണ് | കശുമാവ്, കപ്പ | കരിമണ്ണ് | കുത്തനെയുള്ള ചരിവ് |
| വയൽ നികത്തി കവുങ്ങ് | സുലഭം | നെല്ല് വിളു വയൽ, തെങ്ങ്, കവുങ്ങ്, വാഴ | ഇളകിയോടുമായ കളിമണ്ണ് | സമതലം |
| കശുമാവ് മുറിച്ച് റബ്ബർ | സുലഭമല്ല | വാഴ, കവുങ്ങ്, റബ്ബർ | ചരൽ മണ്ണ് | ചരിവ് |

# ഗ്രാമപഞ്ചായത്ത്
# പര്യടന റിപ്പോർട്ട്




| | | | | |
|---|---|---|---|---|
| ചരിവ് | ചരൽ മണ്ണ് | കുരുമുളക്, കശുമാവ്, റബ്ബർ | ലഭ്യമല്ല. | |
| സമതലം | ചരൽ മണ്ണ്, കളിമണ്ണ്, ചരൽ മണ്ണ് | തരിശ്, നെല്ല്, കുരുമുളക് തെങ്ങ്, കവുങ്ങ് | സുലഭം | |
| ചരിവ് | ചരൽ മണ്ണ് | കുരുമുളക്, റബ്ബർ, കശുമാവ് | ലഭ്യത കുറവ് | |
| ചരിവ് | കരിങ്കൽ പാറ, ക്വാറി, ചെമ്മണ്ണ് | കശുമാവ് | ലഭ്യമല്ല. | |
| സമതലം | ചരൽ മണ്ണ് | കവുങ്ങ്, കുരുമുളക്, കശുമാവ് | സുലഭമല്ല. | |
| ചരിവ് | ചരൽ മണ്ണ് | കുരുമുളക്, കശുമാവ് | ലഭ്യമല്ല. | |
| നിരപ്പ് | ചരൽ മണ്ണ് | കശുമാവ് | ക്രമമായി ലഭ്യമ | |
| കുത്തനെയുള്ള ചരിവ് | ചെങ്കൽപ്പാറ | കശുമാവ്, കാട്ടുമരങ്ങൾ | താഴെ ഭാഗം സുലഭം. | |
| സമതലം | ഫലഭൂയിഷ്ഠമായ മണ്ണ് | കവുങ്ങ് | നീരുറവ — സുലഭം | |
| സമതലം | കളിമണ്ണ്, പശിമരാശിമണ്ണ് | നെല്ല്, തെങ്ങ്, കവുങ്ങ് | സുലഭം | നീർതട്ട് മാറ്റം നെൽവയൽ നികത്തി തെങ്ങ് വച്ചിരിക്കുന്നു. |
| സമതലം | ചരൽ മണ്ണ് | തെങ്ങ്, കവുങ്ങ് | സുലഭം | |
| കുത്തനെയുള്ള ചരിവ് | പാറക്കെട്ട്, ചരൽ നിറഞ്ഞ ചെമ്മണ്ണ് | കശുമാവ്, കാട്ടുമരങ്ങൾ | കുറവ് | |

# ഗതാഗതം

ഗതകാലത്ത് തന്നെ പരിയാരം ഗ്രാമ പഞ്ചായത്തിന്റെ ഹൃദയഭാഗത്ത് വർഷകാലത്ത്കുലംകുത്തിലും വേനൽകാലത്ത് സ്വച്ഛന്ദമായും അറബിക്കടലിലേക്ക് ഒഴുക്കിച്ചേരുന്ന കുപ്പംപുഴയെ ഗതാഗതരംഗത്ത് ചൂഷണം ചെയ്തിരുന്നു. സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ പഞ്ചായത്തിനെ അടുത്ത പട്ടണവുമായി ബന്ധപ്പെടുത്തിയത് കുപ്പം പുഴയിൽചങ്ങാടം വഴി മാത്രമായിരുന്നു. കുപ്പം-പെരുമ്പ റൂട്ടിൽ ചെമ്മൺ റോഡിൽ കാളവണ്ടിയും കുതിരവണ്ടിയും കല്കരിബസ്സും ആയിരുന്നു ഗതാഗത സൗകര്യം. തുടർന്ന് പഞ്ചായത്തിൽകൂടി ചുടല-പാണപ്പുഴ റോഡും മലയോരമേഖലയിലേക്ക് കുടിയേറ്റക്കാരുടെ വരവോടെ തളിപ്പറമ്പ-മണക്കടവ് റോഡും നിലവിൽവന്നു. മുൻകാലങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് റേഷൻ സാധനങ്ങൾ, കെട്ടിട നിർമ്മാണ സാമഗ്രികൾ മുതലായവകൊണ്ടുവന്നതും കാർഷികോല്പന്നങ്ങൾ മാർക്കറ്റിൽ എത്തിച്ചതും തലച്ചുമടായും പായ്വഞ്ചിമുഖേനയുമായിരുന്നു. എന്നാൽ 1960കളിൽ മോട്ടോർബോട്ടുകൾ ഓടിത്തുടങ്ങിയതോടെ ഗതാഗത രംഗത്ത് വൻവികസനം തന്നെവന്നു. പക്ഷെ, 1970കളിൽ കരപ്രദേശങ്ങളിലൂടെ മോട്ടോർ വാഹനം വന്നതോടുകൂടി ജലഗതാഗതത്തിന്റെ പ്രസക്തിതന്നെ നഷ്ടപ്പെട്ടു. 1970കളിൽ തന്നെ ചുടല-പെരുമ്പടവ് റൂട്ടിൽ ബസ്സ് സർവീസ് നടത്തിയിരുന്നെങ്കിലും ചപ്പാരപ്പടവ് പാലം വന്നതോടെ ഗതാഗതരംഗത്തെ ആ സാധ്യതയും നഷ്ടപ്പെട്ടു. പഴയ കുപ്പം-പെരുമ്പ റോഡ് പഴയ വെസ്റ്റ്-കോസ്റ്റ് റോഡിന്റെ ഭാഗമാവുകയും പിന്നീട് നാഷണൽ ഹൈവേ ആയി മാറുകയും ചെയ്തു. ആകെ 146.155കി.മി റോഡും 10 കി.മീ. നീളത്തിൽ ജലപാതയുംഉണ്ട്. തളിപ്പറമ്പ്-പയ്യന്നൂർ റൂട്ടിൽ നാഷണൽ ഹൈവേയിൽ സൗകര്യത്തിന് ബസ്സ് സർവീസും പഞ്ചായത്തിന്റെ വിവിധഭാഗങ്ങളേ ബന്ധിപ്പിച്ചുകൊണ്ട് തിരുവട്ടൂർ, തോട്ടിക്കീൽ, പനങ്ങാട്ടൂർ, മാവിച്ചേരി, ചെറിയൂർ എന്നിവിടങ്ങളിലേക്ക് പരിമിതമായ ബസ്സ് സർവീസുമുണ്ട്. മുഴുവൻ റോഡുകളുടേയും ഉത്ഭവം ശ്രമദാനം വഴിയാണ് എന്ന് കാണാം. എന്നാൽ പിന്നീടുള്ള അറ്റകുറ്റപ്പണികൾക്കുള്ള ശ്രമദാനം വേണ്ടത്ര ലഭിക്കുന്നില്ല. പഞ്ചായത്തിലെ ഏമ്പേറ്റ്, ചുടല എന്നിവടങ്ങളിൽ ഓട്ടോറിക്ഷാ പാർക്കിംഗ് ഉണ്ട്. പഞ്ചായത്തിൽ ജലഗതാഗത രംഗത്ത് രണ്ട് അംഗീകൃത കടവുകളുണ്ട്. കഴിഞ്ഞ പത്തുവർഷങ്ങളിലെ പഞ്ചായത്തിന്റെ ഗതാഗതരംഗത്തെ പ്രവർത്തനങ്ങൾ പരിശോധിച്ചാൽ രണ്ട് വർഷങ്ങളിലൊഴികെ ബാക്കി വർഷങ്ങളിൽ കാര്യമായ പുരോഗതി കൈവരിച്ചുവെങ്കിലും ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത് ഗതാഗത രംഗത്ത് ഒരു കുതിച്ചുചാട്ടം തന്നെ ആവശ്യമുണ്ടെന്നാണ്.

## പ്രശ്നങ്ങൾ:

1. നാഷണൽ ഹൈവേ എന്ന ഇന്നത്തെ റോഡ് ഉയർന്ന ഗതാഗത സൗകര്യത്തിനുള്ള നിലവാരത്തിന്റെ അടുത്തെങ്ങും എത്തിയിട്ടില്ല.

2. നിലവിലുള്ള റോഡുകൾക്ക് പലതിനും ഓടകൾ, കലുങ്കുകൾ ഇവ ഇല്ല. പല സ്ഥലങ്ങളിലുമുള്ള നീർവാർച്ചാ സൗകര്യങ്ങൾതന്നെ സ്വകാര്യ വ്യക്തികൾ മൂടിയിരിക്കുന്നു.

3. റോഡുകൾ യഥാസമയം അറ്റകുറ്റപ്പണികൾ നടത്താറില്ല. അറ്റകുറ്റപ്പണിക്കനുവദിക്കുന്ന തുക പരിമിതമാണ്.

4. റോഡുകൾക്ക് പൊതുവേ വീതി കുറവാണ്.

5. പഞ്ചായത്തിന്റെ പല ഗ്രാമപ്രദേശത്തും ഇന്നും വേണ്ടത്ര റോഡ് സൗകര്യമില്ല.


6. വില്ലേജുകൾ തമ്മിൽ ബന്ധപ്പെടാനുള്ള സൗകര്യങ്ങൾ ഇല്ലായ്മ.

## സാധ്യതകൾ:

1. നാഷണൽ ഹൈവേ സൂപ്പർ ഹൈവേയാക്കി ഉയർത്തണം.

2. ബഹുജനസഹകരണത്തോടെ റോഡുകളുടെ അറ്റകുറ്റപ്പണി നടത്താൻ പരിപാടി.

3. എല്ലാ റോഡുകൾക്കും ഓടകൾ നിർമ്മിക്കാനുള്ള സന്നദ്ധ പ്രവർത്തനം.



4. പ്രധാനറോഡുകൾ താർചെയ്യാൻ പരിപാടി.
5. മുൻഗണനാക്രമത്തിൽ പുതിയറോഡുകൾ ഉണ്ടാക്കാൻ പദ്ധതി.
6. നീർകെട്ട് ഒഴിവാക്കാൻ ആവശ്യമുള്ള സ്ഥലത്ത് കലുങ്കുകൾ നിർമ്മിക്കുക.
7. ജലഗതാഗതം ഉപയോഗപ്പെടുത്താൻ മിനിബോട്ട് സർവീസ് ആരംഭിക്കുക.
8. വില്ലേജുകളെ ബന്ധിപ്പിക്കാൻ ആവശ്യമായ പദ്ധതികൾ നടപ്പിലാക്കുക.
9. ഗതാഗത സൗകര്യം മെച്ചപ്പെടുത്താൻ റോഡുകൾതമ്മിൽ ബന്ധിപ്പിക്കുക.
10. റോഡ് സംരക്ഷണത്തിന് പ്രാദേശിക ജനകീയ സമിതികൾ രൂപീകരിക്കുക.

## ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള റോഡുകൾ

| | | |
|---|---|---|
| 1. | കൈതളംപാറ-ചെറിയൂർ പള്ളി റോഡ് | 2. കി.മി. |
| 2. | കൈതളംപാറ-ചെറിയൂർ പള്ളിറോഡ് ജംഗ്ഷൻ മുതൽ ഇല്ലത്ത് താഴെ വരെ | 0.9. കി.മി. |
| 3. | ചെറിയൂർപള്ളി ജംഗ്ഷൻ-മാവിച്ചേരിത്തോട് | 2. കീ.മി |
| 4. | കുറ്റേരി നടുവയൽ-മാവിച്ചേരി ആലത്തട്ട്ഹരിജൻ കോളനി | 2.6. കി.മി. |
| 5. | പനങ്ങാട്ടൂർ വേട്ടക്കൊരുമകൻ ക്ഷേത്രം റോഡ് | 0.175 കി.മി. |
| 6. | പനങ്ങാട്ടൂർ സ്കൂൾറോഡ് | 2. കി.മി. |
| 7. | കാഞ്ഞിരങ്ങാട് മേലാറ്റിൽ-ചെനയന്നൂർ റോഡ് | 3. കി.മി |
| 8. | കാഞ്ഞിരങ്ങാട്-കാർക്കാ | 1.750 കി.മി. |
| 9. | മാവിച്ചേരി-അമ്പലം റോഡ് | 0.570. കി.മി |
| 10. | നെല്ലിപ്പറമ്പ്-അണ്ടിക്കുളം | 0.750. കി.മി |
| 11. | കാഞ്ഞിരങ്ങാട്-തിയ്യന്നൂർ | 0.420. കി.മി |

## ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള റോഡുകൾ(തുടർച്ച)

| | | |
|---|---|---|
| 12. | കാഞ്ഞിരങ്ങാട്-പൂമംഗലം-പ്ലാറ്റിൽ | 0.600. കി.മി |
| 13. | കണ്ണാടിപ്പാറ-കാരിയാട്-കർക്കാ | 1.400 കി.മി |
| 14. | കുറ്റ്യേരി-പാറക്കടവ് | 0.800 കി.മി |
| 15. | മുടക്കല്ലി-ചൊമ്പോത്ത്കുളം-മാവിച്ചേരിസ്കൂൾ | 1.500 കി.മി |
| 16. | മുടക്കല്ലി-വേട്ടക്കാരുമകൻ ക്ഷേത്രം | 1. കി.മി |
| 17. | കുറേറ്യരി നടുവയൽ കുറ്റേരിക്കടവ് | 1.800 കി.മി |
| 18. | കുറ്റ്യേരി സ്കൂൾ - അപ്രോച്ച് | 0.250 കി.മി |
| 19. | വെള്ളാവ് ജംഗ്ഷൻ-വാണിയംകടവ് | 0.600 കി.മി |
| 20. | വെള്ളാവ്-വായനശാല-ബോട്ട്കടവ് | 0.750. കി.മി |
| 21. | ഭാസ്കരൻപീടിക-കാർക്ക-വെള്ളാവ് സ്കൂൾ | 0.700 കി.മി |
| 22. | തട്ടുമ്മൽ മുച്ചിലോട്ട് കാവ് | 0.750 കി.മി |
| 23 | പേക്കാട്ട്വയൽ-കാര്യാമ്പലം | 2.100 കി.മി |
| 24. | പേക്കാട്ട്വയൽ-കാര്യാമ്പലം-എൻ.കണ്ണൻവീട് അപ്രോച്ച് | 0.250. കി.മി |
| 25. | തലോറ- മുച്ചിലോട്ട് അംഗൻവാടി | 0.800 കി.മി |
| 26. | തലോറ-മുച്ചിലോട്ട് കുളം അപ്രോച്ച് | 0.150 കി.മി |
| 27. | നെല്ലിപ്പറമ്പ്-പുത്തലം റോഡ് | 1.1. കി.മി |
| 28. | നെല്ലിപ്പറമ്പ്-പേക്കാട് വയൽ | 1. കി.മി |
| 29. | നെല്ലിപ്പറമ്പ് പഞ്ചായത്ത് ഗ്രൗണ്ട് | 0.1 കി.മി |
| 30. | നെല്ലിപ്പറമ്പ്-ക്വാറി | 0.650 കി.മി |
| 31. | പുഴക്കുളങ്ങര-ലക്ഷംവീട്കോളനി-ആശാരിഭാഗം | 0.600 കി.മി |
| 31. | പുഴകുളങ്ങര-തലോറ-കേളുനമ്പ്യാർ പീടികവരെ | 0.560 കി.മി |
| 32. | പുഷ്പഗിരി-അള്ളാകുളം റോഡ് | 0.900 കി.മി |
| 33. | ഏമ്പേറ്റ് മെയിൻറോഡ്-മഹാത്മാ ഹരിജൻ കോളനി | 0.200 കി.മി |
| 34. | ഏമ്പേറ്റ്-ചെറുപ്പാറ | 1.200 |
| 35. | ഏമ്പേറ്റ്-മുടിക്കാനം കോളനി- പാണപ്പുഴ | 3.2 കി.മി |
| 36. | സെൻറ് സേവ്യർചർച്ച്-വെളിച്ചാനം | 1. കി.മി |
| 37. | ഓണപ്പറമ്പ്-പരിയാരം സെൻറർ | 1. കി.മി |
| 38. | പരിയാരം ഹൈസ്കൂൾ-കക്കരക്കാവ് | 0.900 കി.മി |
| 39. | കൊട്ടിയൂർ ക്ഷേത്രം-ചിതപ്പിലെ പൊയിൽ | 2. കി.മി |

## ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള റോഡുകൾ(തുടർച്ച)

| | | |
|---|---|---|
| 40 | ഓണപ്പറമ്പ്-പരിയാരം ഹൈസ്കൂൾ | 1.2 കി.മി |
| 41. | ഐ.ടി.സി. കുഞ്ഞുപ്പാറ-മുടിക്കാം കോളനി | 2. കി.മി |
| 42. | പരിയാരം സെൻറർ-തൊണ്ടന്നൂർവയൽ റോഡ് | 1. കി.മി |
| 43. | പരിയാരം ഹൈസ്കൂൾ-ഐ.ടി.സി.കോളനി-കാഞ്ഞിരത്തിൽവളവ | 3.കി.മി |
| 44. | കോരൻപീടിക-ഓണപ്പറമ്പ് റോഡ് | 0.330. കി.മി |
| 45. | മണിയാണി സ്മാരകം-അണ്ടയൻകുളം-തൊണ്ടനൂർ | 1.250 കി.മി |
| 46. | കാവിൽചാൽ-നരിക്കോട് | 0.300 കി.മി |
| 47. | കുപ്പം-പടവിൽ | 0.300 കി.മി |
| 48. | കുപ്പം-മുക്കുന്ന്-ചുടല | 3.6 കി.മി |
| 49. | ആനക്കീൽ-കിഴക്കൻവയൽ | 0.5 കി.മി |
| 50. | ആനക്കീൽ-കൊളപ്പറമ്പ് | 1.2 കി.മി |
| 51. | പൊയിൽ-കൂട്ടവംകുന്ന്-കുറ്റേരിക്കടവ് | 1.1 കി.മി |
| 52. | കാഞ്ഞിരങ്ങാട്-വണ്ണാരപ്പാറ | 0.5 കി.മി |
| 53. | കരോട്-ശ്മശാനം | 1. കി.മി |
| 54. | പൊയിൽ-ഈച്ചമൊട്ട | 0.9 കി.മി |
| 55. | കുറ്റേരിക്കടവ്-ഇരിങ്ങൽ-പാച്ചേനി | 2.5 കി.മി |
| 56. | ആലമുള്ള പൊയിൽ-പുളീയൂൽ | 1.1 കി.മി |
| 57. | അമ്മാനപ്പാറ-കാഠ-ഇരിങ്ങൽ-പാച്ചേനി | 2. കി.മി |
| 58. | മേനച്ചൂർ-കല്ലുറുമ്പ് | 0.750 കി.മി |
| 59. | മേനച്ചൂർ-വായാട് ചുള്ളി ഹരിജൻ കോളനി | 3. കി.മി |
| 60. | വായാട് ബേങ്ക്-ചുള്ളി ഹരിജൻകോളനി | 0.8 കി.മി |
| 61. | വായാട് ബാങ്ക്-എ.കെ.ജി.വായനശാല-പെരുമ്പടവ് റോഡുവരെ | 2.1 കി.മി |
| 62. | അമ്മാനപ്പാറ-ഇരിങ്ങൽ അമ്പലം | 1.5 കി.മി |
| 63. | അമ്മാനപ്പാറ-ഇരിങ്ങൽ വയൽ | 1. കി.മി |
| 64. | തോട്ടിക്കീൽ-ഏഴുംവയൽ | 1. കി.മി |
| 65. | തിരുവട്ടൂർസ്കൂൾ-അരിപ്പാമ്പ്ര | 1.5 കി.മി |
| 66. | അരിപ്പാമ്പ്ര-പട്ടേരിക്കുന്ന് | 2. കി.മി |
| 67. | വായാട്പള്ളി-പട്ടിണിപൊയിൽ | 2. കി.മി |
| 68. | രാജീവ് ദശലക്ഷം-അരിപ്പാമ്പ്ര | 0.5 കി.മി |

## ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള റോഡുകൾ(തുടർച്ച)

| | | |
|---|---|---|
| 69. | പൂവം-ഇരവുണ്ട്-വട്ടക്കോൽ | 2.8 കി.മി |
| 70. | പെരുമ്പാറ-വാലത്തുംവയൽ-ചെറിയൂർ | 2. കി.മി |
| 71. | തളിപ്പറമ്പ്-വെള്ളാവ്-പനങ്ങാട്ടൂർ-പെരുമ്പതോട് | 10.2 കി.മി |
| 72. | ചെനയന്നൂർ-മാവിച്ചേരിസ്കൂൾ-എ.കെ.ജി. റോഡ് വരെ | 3. കി.മി |
| 73. | പുഷ്പഗിരി-നെല്ലിപ്പറമ്പ്-ഹരിജൻകോളനി വെള്ളാവ് | 6. കി.മി |
| 74. | ഏമ്പേറ്റ്-ചെറുതാഴം | 1.2 കി.മി |
| 75. | കോരൻപീടിക-ചിതപ്പിലെ പൊയിൽ | 1. കി.മി |
| 76. | കുപ്പം-ഫെറി റോഡ് | 0.3 കി.മി |
| 77. | നെല്ലിപ്പറമ്പ്-ചെനയന്നൂർ-മാവിച്ചേരി റോഡ് ജംഗ്ഷൻ | 1. കി.മി |
| 78. | അമ്മാനപ്പാറ-കാരക്കുണ്ട് | 2.5 കി.മി |
| 79. | മേനച്ചൂർ-ഇരിങ്ങൽപള്ളി-പാച്ചേനിറോഡ് വരെ | 2. കി.മി |
| 80. | എ.കെ.ജി.വായനശാല-അരിപ്പാമ്പ്ര | 2 കി.മി |
| 81. | പാണപ്പുഴ-അഴുങ്ങുംപൊയിൽ | 3.5 കി.മി |
| 82. | പൊന്നിച്ചേരി-വായാട് | 5. കി.മി |

# ഊർജ്ജം


ഊർജ്ജ മേഖലയിൽ മനുഷ്യോർജ്ജം, കന്നുകാലികൾ, വിറക്, കാർഷിക അവശിഷ്ടങ്ങൾ, ചപ്പുചവറുകൾ, ചാണകവരടികൾ, വെളിച്ചെണ്ണ. മണ്ണെണ്ണ, വൈദ്യുതി മുതലായവയാണ് പഴയകാലം മുതൽ ഉപയോഗിച്ചുവരുന്നത്

പഞ്ചായത്തിന്റെ ഭൂരിഭാഗപ്രദേശങ്ങളിലും ഇന്നും കൃഷി, വ്യവസായം എന്നീ മേഖലകളിൽ മനുഷ്യോർജ്ജവും കന്നുകാലി സമ്പത്തുമാണ് ഉപയോഗിക്കുന്നത്. അതു പോലെതന്നെ ഭൂരിഭാഗം പ്രദേശങ്ങളിലും പാചക വാതക ആവശ്യത്തിന് വിറകാണ് ഉപയോഗിക്കുന്നത്. മുൻകാല ങ്ങളിൽ സ്ത്രീകൾക്ക് വിറക് ശേഖരിക്കുന്നതിന് നിയന്ത്രണമുണ്ടായിരുന്നില്ല. ഇന്ന് ആ സ്ഥിതി മാറി. വിറകിന്ന് ആവശ്യം കൂടിവരികയുംചെയ്തു. പാചക ആവശ്യത്തിന് വിറക് കൂടാതെ ഓല, ചിരട്ട, ചകിരി എന്നിവയും വൈക്കോൽ, ചപ്പുചവറുകൾ, ചാണക വരടികൾ, ഈർച്ചപ്പൊടി, മണ്ണെണ്ണ എന്നിവയും ചുരുങ്ങിയ ആളുകൾ വൈദ്യുതോർജ്ജവും ഉപയോഗിക്കുന്നു. കുറഞ്ഞ വ്യപസായ സ്ഥാപനങ്ങളിൽ വൈദ്യുതോർജ്ജം ഉപയോഗപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിൽ ആകെയുളള വൈദ്യുതി കണക്ഷനുകളുടെ ഇന്നത്തെ നില പട്ടികയിൽ കൊടുക്കുന്നു.

| ആവശ്യം | എണ്ണം | തളിപ്പറമ്പ് സെക്ഷൻ | കരിമ്പം സെക്ഷൻ |
|---|---|---|---|
| ഗാർഹികം | 2042 | 1292 | 750 |
| വ്യാപാരം | 252 | 205 | 47 |
| വ്യാവസായികം | 42 | 27 | 15 |
| കാർഷികം | 67 | 60 | 7 |

അപേക്ഷ നല്കിയിട്ടും കണക്ഷൻ ലഭിക്കാത്ത ഉപഭോക്താക്കൾ:

| ഇനം | തളിപ്പറമ്പ് | കരിമ്പം | ആകെ |
|---|---|---|---|
| ഒ.ആർ | 183 | 25 | 208 |
| ഒ.ടി.പി | 11 | 2 | 13 |
| ഒ.വൈ.ഇ.സി | 89 | 3 | 97 |



പഞ്ചായത്തിന്റെ പരിധിയിൽ ആകെ 130 സ്ട്രീറ്റ് ലൈറ്റുകൾ ഉണ്ട്. പഞ്ചായത്തിന്റെ പരിധിയിലുളള ട്രാൻസ്ഫോർമറുകൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

| തളിപ്പറമ്പ് സെക്ഷൻ | കരിമ്പം സെക്ഷൻ |
|---|---|
| കപ്പണത്തട്ട് | തലോറ |
| മുക്കുന്ന് | നെല്ലിപ്പറമ്പ് |
| അമ്മാനപ്പാറ | മലബാർ ബ്രഡ് |
| പാച്ചേനി | മാവിച്ചേരി |
| തിരുവട്ടൂർ | ചെറിയൂർ |
| പുളിയൂൽ | നെല്ലിപ്പറമ്പ് |
| | ഹരിജൻകോളനി |
| കുറ്റ്യേരി | കാഞ്ഞിരങ്ങാട് |
| പഞ്ചാരക്കുളം | |
| ഓണപ്പറമ്പ് | |
| പരിയാരം ഹൈസ്കൂൾ | |
| ഏമ്പേറ്റ് | |

വൈദ്യുതോർജ്ജം ഇടുക്കിയിൽ നിന്നും കിലോ മീറ്ററുകൾ സഞ്ചരിച്ച് മാങ്ങാട് സബ് സ്റ്റേഷനിൽ എത്തി അവിടെനിന്ന് 12.50വും 10ഉം എം.വി.എ. ട്രാൻസ് ഫോർമറുകൾവഴി തളിപ്പറമ്പ്-കരിമ്പം സെക്ഷനുകീഴിൽ വിതരണത്തിനെത്തുന്നു.

## പ്രശ്നങ്ങൾ:

1. മനുഷ്യോർജ്ജം, കന്നുകാലി ഊർജ്ജം ഇവ വേണ്ടത്ര ഉപയോഗിക്കാൻ പറ്റുന്നില്ല.

2. വൈദ്യുതി വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്. പ്രധാനമായും ഗാർഹികമേഖലയിൽ വെളിച്ചത്തിന് മാത്രമാണ് കൂടുതലും വൈദ്യുതി ഉപയോഗിക്കുന്നത്. പീക്ക് ലോഡ് സമയത്ത് 30ൽതാഴെ വോൾട്ടേജ് മാത്രമേ ലഭിക്കാറുള്ളു. അതിനാൽതന്നെ ഈ പഞ്ചായത്തിന്റെ പരിധിയിൽ എവിടേയുംതന്നെ ട്യൂബ്ലൈറ്റുകൾ പ്രകാശിക്കുന്നു എന്ന അത്ഭുതം നടക്കുന്നില്ല.

3.പഞ്ചായത്തിന്റെ വിവിധപ്രദേശങ്ങളിലേക്ക് ഇനിയും വൈദ്യുതി എത്തിനോക്കിയിട്ടില്ല. പല സ്ഥലങ്ങളിലും കൺസൻറ് ലഭിക്കുന്നില്ല.

4.പൊതുവഴികളുടേയും, റോഡുകളുടേയും കണക്കനുസരിച്ച് തെരുവ് വിളക്ക് സൗകര്യം മെച്ച പ്പെട്ടിട്ടില്ല.

5. വർദ്ധിച്ചുവരുന്ന പാചകാവശ്യം നിറവേറ്റാൻ സാധിക്കുന്നില്ല.

6. മണ്ണെണ്ണ പെർമിറ്റുകൾ കിട്ടാനില്ല.

7. പ്രഖ്യാപിതവും അപ്രഖ്യാപിതവുമായ കട്ടുകൾ.

## സാധ്യതകൾ:

1.മനുഷ്യോർജ്ജം, കന്നുകാലി ഊർജ്ജം എന്നിവ വേണ്ടവിധം ഉപയോഗപ്രദമാക്കാനുളള വിദഗ്ദശിക്ഷണം നല്കുക.

2. വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ ഓരോ ട്രാൻസ്ഫോർമറിന്റെയും സ്ഥാപിതശേഷിക്കും, ഏരിയിൽ ഡിസ്റ്റൻസിൽ ഉളളിൽമാത്രം കണക്ഷൻ പരിമിതപ്പെടുത്തുക.

3. കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

4. കാഞ്ഞിരോട് സബ്സ്റ്റേഷന്റെ നിർമ്മാണവും പ്രവർത്തികളും ത്വരിതപ്പെടുത്തുക.

5. കരിക്കാപ്പാറ സബ്സ്റ്റേഷൻ പണി ത്വരിതപ്പെടുക.

6. പഞ്ചായത്തിന്റെ പരിധിയിൽ ലഭ്യമായ നീരുറവകളെ അടിസ്ഥാനമാക്കി മിനി ജലവൈദ്യുതികൾ ആരംഭിക്കുക.

7. കുറഞ്ഞ വോൾട്ടേജിൽ പ്രകാശിക്കുന്ന ബൾബുകൾ പ്രചരിപ്പിക്കുക.

8. പാരമ്പര്യേതര ഊർജ്ജസ്രോതസുകളായ സൗരോർജ്ജം, കാറ്റാടിയന്ത്രം എന്നിവയുടെ ഉപയോഗം ആരായുക.

9. ഇന്ധനക്ഷമതയുള്ള അടുപ്പുകൾ പ്രചരിപ്പിക്കുക.

10. കച്ചിപ്പെട്ടി, പ്രഷർകുക്കർ പ്രചരിപ്പിക്കുക.

11. മരമില്ലുകളോടനുബന്ധിച്ച് ഈർച്ചപ്പൊടി അടുപ്പ് പ്രചരിപ്പിക്കുക.

12. വിറകാവശ്യം നിറവേറ്റാൻ വനവൽക്കരണം, ഗ്രാമ പഞ്ചായത്ത്, സ്കൂളുകൾ, അംഗൻവാടികൾ മുഖേന നടത്തുക.

13. സ്റ്റെപ്പപ്പ്, ട്രാൻസ്ഫോർമറുകൾ നിരോധിക്കുകയോ, വാങ്ങാൻ സാധിക്കാത്തവർക്ക് അത് സ്വന്തമാക്കാൻ സഹായധനം നൽകുകയോ ചെയ്യുക.

14. ഒന്നിലധികം വീടുകൾ ഗ്രൂപ്പുകളാക്കി കന്നുകാലിസമ്പത്ത് അനുസരിച്ച് ഗോബർഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുക.

15. മണ്ണെണ്ണ പെർമിറ്റ് ലഭിക്കുന്നതിനുള്ള തടസ്സം ഒഴിവാക്കാൻ വേണ്ടത് ചെയ്യുക.

16. പഞ്ചായത്ത് അതിർത്തി കൂടി പൊതുമേഖലാ ഗ്യാസ് ഏജൻസിയുടെ പരിധിയിൽ വരുത്തുക.

17. കൺസൻറ് കാര്യത്തിൽ നിയമ നിർമ്മാണം അല്ലെങ്കിൽ ബോധവൽക്കരണം നടത്തുക.

18. അനുവദിക്കപ്പെട്ട ട്രാൻസ്ഫോർമറുകളുടെയും, ലൈനുകളുടെയും പണി ത്വരിതപ്പെടുത്തുക.

19. വൈദ്യുതി ലൈനിൽ തട്ടുന്ന വൃക്ഷശാഖകൾ മുറിച്ചുമാറ്റുന്ന സന്നദ്ധപ്രവർത്തനങ്ങൾ.

# മാർക്കറ്റ്:

മുൻകാലങ്ങളിൽ ഗ്രമാത്തിലേക്ക് ആവശ്യമായ വസ്തുക്കൾ തലച്ചുമടായി എത്തിച്ച് വിതരണം ചെയ്യുകയും ഗ്രാമത്തിലെ കാർഷിക ഉല്പന്നങ്ങൾ ശേഖരിച്ച് അടുത്ത പട്ടണങ്ങളിൽ എത്തിക്കുകയുമാണ് ചെയ്തിരുന്നത്. ഗ്രാമത്തിലെ ഉത്സവങ്ങളോടനുബന്ധിച്ച് ചന്തകൾ നടത്താറുണ്ടായിരുന്നു. സൗന്ദര്യവർദ്ധക വസ്തുക്കൾ, കളിപ്പാട്ടങ്ങൾ, വീട്ടുപകരണങ്ങൾ, പച്ചക്കറികൾ മുതലായവ ഇങ്ങനെ വിറ്റഴിച്ചിരുന്നു. ഇന്ന് ഗ്രാമത്തിൻെറ വിവിധകോണുകളിൽ സ്റ്റേഷനറികടകൾ, പലചരക്ക് കടകൾ പച്ചക്കറി കടകൾ, ബേക്കറികൾ എന്നിങ്ങനെ ഉയർന്നുവന്നിട്ടുണ്ട്. ഗ്രാമത്തിൻെറ വിവിധപ്രദേശങ്ങളിൽ ഒന്നോരണ്ടോ അംഗങ്ങൾ നടത്തുന്ന മത്സ്യച്ചന്തകൾ നടന്നുവരുന്നുണ്ട്. ഗ്രാമങ്ങളിൽ റബ്ബർ, തേങ്ങ, അടക്ക, കുരുമുളക്, കശുവണ്ടി, നെല്ല്, വാഴപ്പഴം എന്നിവ കൂടുതലായി ഉല്പാദിപ്പിക്കുന്നു.

## പ്രശ്നങ്ങൾ:


1. കാർഷികോല്പന്നങ്ങൾ വിറ്റഴിക്കാൻ ബുദ്ധിമുട്ടുന്നു.
2. നിത്യോപയോഗ വസ്തൂക്കൾക്ക് ദൗർലഭ്യം
3. പച്ചക്കറി ക്ഷാമം അനുഭവപ്പെടുന്നു.
4. പാൽക്ഷാമം അനുഭവപ്പെടുന്നു.
5. മത്സ്യക്ഷാമം അനുഭവപ്പെടുന്നു.

## സാധ്യതകൾ:

1. ഗ്രാമത്തിൻെറ വിവിധ കേന്ദ്രങ്ങളിൾ ആഴ്ചചന്തകൾ ആരംഭിക്കുക.
2. റേഷൻ ഷാപ്പുകൾവഴി നിത്യോപയോഗ വസ്തുക്കൾ ലഭ്യമാക്കുക.
3. പഞ്ചായത്ത് പ്രദേശത്ത് ഒന്നോ രണ്ടോ പൊതുമാർക്കറ്റ് സ്ഥാപിക്കുക.
4. വിവിധകേന്ദ്രങ്ങളിൽ മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുക.
5. ക്ഷീരസംഭരണവും വിതരണവും സംഘടിപ്പിക്കുക.

# പാർപ്പിടവും ക്ഷേമപ്രവർത്തനങ്ങളും

നമ്മുടെ പഞ്ചായത്തിൽ പാർപിടങ്ങളുടെ സ്ഥിതി പൊതുവെ തൃപ്തികരമാണെന്ന് പറയാം. ഈ പഞ്ചായത്തിൽ ആകെ 6944 കെട്ടിടങ്ങളുണ്ട്. അതിൽ 735ഓളം വീടുകൾ ഒറ്റനിലയിൽകൂടുതൽ നിലകളുള്ളതാണ്. വീടുകളുടെ മേൽപ്പുരയുടെ സ്വഭാവം പരിശോധി ച്ചാൽ ഭൂരിപക്ഷം വീടുകൾ ഓടുമേഞ്ഞവീടുകളാണെന്ന് കാണാം. എന്നാൽ പഴയ കാലങ്ങളിൽ പുല്ല് മേഞ്ഞ വീടുകൾധാരാളം ഉണ്ടായിരുന്നുവെങ്കിലും ഇപ്പോൾ കൂടുതലായി കോൺക്രീറ്റ് കൊണ്ടുള്ള മേല്കൂരയാണ് പുതുതായി നിർമ്മിക്കുന്ന വീടുകൾക്ക്. ആകെയുള്ള 5222 വീടുകളിൽ 582കോൺക്രീറ്റ് വീടുകളും4239 ഓടിട്ട വീടുകളും 401ഓളം പുല്ല്മേഞ്ഞ വീടുകളും (കുടിലുകളടക്കം) ആണ് നമ്മുടെ പഞ്ചായത്തിൽഉള്ളത്. ഇതിൽ 830ഓളം വീടുകൾ കൃസ്ത്യൻ മിഷണറിമാർ നിർമ്മിച്ചു നല്കിയത് പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിന് സഹായകരമായിട്ടുണ്ട്. കഴിഞ്ഞ നാല് വർഷത്തിനിടയിൽ 1030ഓളം വീടുകൾക്ക് നമ്മുടെ പഞ്ചായത്തിൽനിന്നും നമ്പർ നൽകിയിട്ടുണ്ട്. ഇത് പരിശോധിച്ചാൽ ഒരു വർഷം ശരാശരി 257 വീടുകൾ നമ്മുടെ പഞ്ചായത്തിൽ നിർമ്മിക്കുന്നുണ്ടെന്ന് കാണാം. ഇത് കാണിക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു.



| വാർഡ് | വീടുകളുടെ എണ്ണം | ഒന്നിൽകൂടുതൽ നിലകളുള്ളത് | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ | കഴിഞ്ഞവർഷം വിവിധപദ്ധതികളിൽ നിർമ്മിച്ചവീട് |
|---|---|---|---|---|---|---|---|
| 1 | 429 | 100 | 14 | 334 | 81 | — | — |
| 2. | 782 | 62 | 47 | 653 | 82 | -- | — |
| 3. | 369 | 70 | 27 | 308 | 34 | -- | — |
| 4. | 423 | 109 | 54 | 321 | 48 | — | — |
| 5. | 690 | 63 | 89 | 573 | 28 | — | — |
| 6. | 542 | 86 | 105 | 425 | 12 | — | — |
| 7. | 226 | 45 | 67 | 154 | 5 | — | — |
| 8. | 306 | 94 | 40 | 258 | 8 | -- | — |
| 9. | 399 | 45 | 87 | 305 | 7 | | |
| 10 | 570 | 16 | 30 | 499 | 41 | -- | — |
| 11. | 486 | 40 | 22 | 409 | 55 | — | -- |
| ആകെ | 5222 | 735 | 582 | 4239 | 401 | 1722 | 149 |

| പഞ്ചായത്തിലെ ആകെ കെട്ടിടങ്ങളുടെ എണ്ണം | | | | |
|---|---|---|---|---|
| 1991–92 | 1992–93 | 1993–94 | 1994–95 | 1995–96 |
| 5914 | 6091 | 6264 | 6773 | 6944 |

ഐ.ആർ.ഡി.പി. പ്രകാരം നമ്മുടെ പഞ്ചായത്തിൽ വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം 104 ആണ്. ഇതിന്റെ വിശദാംശം കാണിക്കുന്ന പട്ടിക താഴെ ചേർക്കുന്നു.

| വാർഡ് നമ്പർ | വീടാവശ്യമുളള കുടുംബങ്ങളുടെ എണ്ണം | വിവിധപരിപാടി കളിലായി അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ചതിൽ ഇനി പൂർത്തീകരിക്കാനുളള വീടുകൾ | ഇനിയും അനുവദിക്കേണ്ട വീടുകൾ |
|---|---|---|---|---|---|
| 1 | ഓ.സി. 5 | എസ്.സി. 1 | 1 | ---- | ഓ.സി. 5 |
| 2 | ഓ.സി 23 | എസ്.സി. 9 | 8 | 1 | ഓ.സി 23 |
| 3. | ഓ.സി 8 | എസ്.സി. 7 | 7 | — | ഓ.സി. 8 |
| | | ഓ.സി. 1 | 1 | | |
| 4. | ഓ.സി 8 | എസ്.സി. 9 | 8 | 1 | ഓ.സി 8 |
| 5. | ഓ.സി 3 | എസ്.സി. 19 | 19 | – | ഓ.സി. 3 |
| 6. | ഓ.സി 8 | എസ്.സി. 1 | 1 | – | ഓ.സി. 1 |
| 7. | ഓ.സി 4 | എസ്.സി. 12 | 12 | | |
| | | ഓ.സി. 1 | 1 | | ഓ.സി. 4 |
| 8. | ഓ.സി. 6 | -- | -- | -- | ഓ.സി. 6 |
| 9. | ഓ.സി. 24 | എസ്.സി. 7 | 6 | 1 | |
| | | ഓ.സി. 2 | 2 | – | ഓ.സി. 24 |
| 10. | ഓ.സി. 11 | എസ്.സി 25 | 25 | — | ഓ.സി. 11 |
| | എസ്.സി 1 | ഓ.സി. 3 | 3 | – | എസ്.സി. 1 |
| 11. | ഓ.സി. 3 | എസ്.സി. 4 | 4 | – | ഓ.സി. 3 |
| ആകെ | 104 | 101 | 98 | 3 | 104 |



നമ്മുടെ പഞ്ചായത്തിന്റെ വീടുകളുടെ ഭിത്തികെട്ടുന്നതിന്വേണ്ടി പ്രധാനമായും വെട്ടു കല്ലാണ് ഉപയോഗിക്കുന്നത്. കൂടാതെ മണ്ണ് കൊണ്ടുളള ഇഷ്ടികയും ഉപയോഗിക്കുന്നു. അൽപാല്പമായി സിമന്റ്

കട്ടകളും അപൂർവമായി ഹോളോബ്രിക്സും ഉപയോഗിക്കുന്നു. എന്നാൽ സാമ്പത്തികമായ പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾ മൺകട്ടക്കാണ് പ്രാധാന്യം നല്കുന്നത്. ഭൂരിഭാഗം വീടുകളുടേയും തറകൾ പരമ്പരാഗതമായ രീതിയിൽ മണ്ണ്കൊണ്ടാണ്. എന്നാൽ സിമൻറ് തറയും മൊസൈക്കും വർദ്ധിച്ചുവരുന്നുണ്ട്.

ഭവനദൗർലഭ്യം നമ്മുടെ പഞ്ചായത്തിൽ ഭീഷണിയായി ഉയർന്നുവന്നിട്ടില്ലെങ്കിലും പഞ്ചായത്തിൽ ഭവനം ആവശ്യമുള്ള നിരവധി കുടുംബങ്ങളുണ്ട്. കൂട്ടുകുടുംബമായി താമസിക്കുന്നത് കാരണമാണ് ഇത് ഒരു ഭീഷണിയായി മാറാത്തത്. എങ്കിലും ഈ രംഗത്ത് കൂടുതൽ ഫലപ്രദമായ ഒരു ജനകീയ സംവിധാനം രൂപപ്പെടുത്തേണ്ടതുണ്ട്. ഹൗസിംഗ് സൊസൈറ്റികൾ ഒന്നുംതന്നെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. ഇതുകാരണം ജനങ്ങൾ മറ്റുപല ഏജൻസികളെ ഭവന നിർമ്മാണത്തിനുവേണ്ടി സമീപിക്കുന്നതുകൊണ്ട് ഈ രംഗത്ത് വളരെയധികം പ്രയാസങ്ങൾ അനുഭവപ്പെടുന്നു.

പതിനൊന്ന് ഹരിജൻ കോളനികളും നാല് ലക്ഷംവീട് കോളനികളും പഞ്ചായത്തിൽ നിലവിലുണ്ട്. എന്നാൽ ഇവയ്ക്കാവശ്യമായ പശ്ചാത്തലസൗകര്യങ്ങൾ പല കോളനികളിലും അപര്യാപ്തമാണ്. ലക്ഷംവീടുകളിൽ പലതും പഴകിദ്രവിച്ചവയാണ്. കൂടാതെ പല കോളനികളിലും വൈദ്യുതി എത്തിയിട്ടില്ല. ഇത്തരം കോളനികളിൽ പൊതുക്കക്കൂസുകൾ അടക്കം അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണ്.

ചേരി പ്രദേശങ്ങളിലും പുറമ്പോക്ക് ഭൂമിയിലും താമസിക്കുന്നവർ നമ്മുടെ പഞ്ചായത്തിൽ ഇല്ലെന്നുതന്നെ പറയാം.

വാസ്തുശില്പരംഗത്ത് പ്രമുഖരായ പല ആളുകളും ഈ പഞ്ചായത്തിൻെറ വിവിധപ്രദേശങ്ങളിൽ ഉണ്ടെങ്കിലും പഴയ കാലങ്ങളിലെപോലെ അവരുടെ കഴിവുകൾ പൂർണ്ണമായി ഉപയോഗപ്പെടുത്താൻ ഇന്ന് കഴിയുന്നില്ല. അത്തരം കഴിവുള്ള ആളുകളെ കണ്ടെത്തി ഭവന നിർമ്മാണരംഗങ്ങളിലുള്ള അവരുടെ വൈദഗ്ദ്യം നിലനിർത്താൻ വേണ്ട കാര്യങ്ങൾ പഞ്ചായത്ത് തലത്തിൽ നാം നടത്തേണ്ടിയിരിക്കുന്നു.

കെട്ടിട നിർമ്മാണരംഗത്ത് കോൺക്രീറ്റ് ഭ്രമം വളരെ വ്യാപകമായിട്ടുണ്ടെന്ന് കാണാം. കൂടാതെ ഗൾഫ് പണത്തിൻെറയുംമറ്റും ഫലമായി ഉയർന്നുവരുന്ന കൂറ്റൻവീടുകളും അവയുടെ മാതൃകകളും മറ്റും പഞ്ചായത്തിലെ സാധാരണക്കാരിലടക്കം ഒരു പരിധിവരെ സ്വാധീനം ചെലുത്തുന്നതായി കാണാം. അതിൻെറ ഫലമായിത്തന്നെ നിർമ്മാണരംഗത്ത് ഒരുപാട് ദുർവ്യയം അടിച്ചേല്പിക്കുന്നതായി കാണാം.(ഉദാഹരണത്തിന് വീടുകളുടെ ചുറ്റും ചെത്തുകല്ല് ഉപയോഗിച്ച് മതിൽകെട്ടുന്ന പ്രവണത കൂടുതലായി കണ്ടുവരുന്നു.) ഇത് പരിഹരിക്കണമെങ്കിൽ വളരെ ചെലവ് കുറഞ്ഞവീടുകൾ നിർമ്മിക്കുന്നതിനുള്ള പരിശീലനവും ബോധവൽകരണവും പഞ്ചായത്ത് തലത്തിൽ നടത്തേണ്ടതായിരുന്നു.

ഭവന നിരമ്മാണത്തിനാവശ്യമായ അസംസ്കൃതപദാർത്ഥങ്ങൾ ഒരു പരിധിവരെ ലഭിക്കുന്ന ഒരു പഞ്ചായത്താണിത്. വെട്ടുകല്ല്, കരിങ്കല്ല്, മൺകട്ട, പൂഴി, മരം എന്നിവ ഇവിടെ ലഭ്യമാണ്. ഇത് വേണ്ടത്ര പ്രയോജനപ്പെടുത്തി പഞ്ചായത്ത് തലത്തിൽതന്നെ ഭവനനിർമ്മാണരംഗത്ത് വൈദഗ്ദ്യമുള്ള തൊഴിലാളികളെ അടക്കം ഉൾപ്പെടുത്തി ഒരു ജനകീയ പ്രസ്ഥാനം രൂപപ്പെടുത്തിയാൽ നമ്മുടെ പ്രദേശത്തെ ഭവന ദൗർലഭ്യം ഒരു പരിധിവരെ പരിഹരിക്കാൻ കഴിയും. പുഴയിൽ ശാസ്ത്രീയമായ പഠനത്തിലൂടെ സ്ഥലം നിർണ്ണയിച്ച് പൂഴി ശേഖരിക്കാൻ കഴിയുമോ എന്ന് കണ്ടെത്തി ശേഖരിക്കാനും സാധിക്കണം. അങ്ങനെ വന്നാൽ സിമൻറ് ഒഴികെയുള്ള മിക്കവാറും അസംസ്കൃതപദാർത്ഥങ്ങൾ നമ്മുടെ പഞ്ചായത്തിൽ തന്നെ ശേഖരിക്കാൻ കഴിയും.

കെട്ടിട നിർമ്മാണത്തിൽ തൊഴിലാളികളുടെ ലഭ്യത ചില പ്രദേശങ്ങളിൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ടെങ്കിലും പഞ്ചായത്ത് തലത്തിൽ പരിശോധിച്ചാൽ ഈ രംഗത്ത് വൈദഗ്ദ്യമുള്ള നിരവധി തൊഴിലാളികൾ ഉണ്ടെന്ന് കാണാം. അവരെയൊക്കെ വേണ്ടരീതിയിൽ ഉപയോഗിച്ചാൽ തൊഴിലാളികളുടെ ദൗർലഭ്യം വളരെ കുറക്കാൻ കഴിയും. നിർമ്മാണരംഗത്തെ സേവനവേതനവ്യവസ്ഥ പരിശോധിച്ചാൽ കഴിഞ്ഞ അഞ്ച് വർഷക്കാലംകൊണ്ട് ഏതാണ്ട് 50%വർദ്ധനവ് കൂലിവ്യവസ്ഥയിൽ വന്നതായി കാണാം. ഇത് ജീവിതചെലവുമായി തട്ടിച്ചുനോക്കുമ്പോൾ ഭീമമായ ഒരു വർദ്ധനവല്ല എന്ന് കാണാം. മെച്ചപ്പെട്ട സേവനവേതന വ്യവസ്ഥനിലനിൽക്കുന്നതുകൊണ്ട്തന്നെ ഈ മേഖലയിലേക്ക് കാർഷികമേഖലയിൽനിന്നടക്കം തൊഴിലാളികൾ ആകർഷിക്കപ്പെടുന്നതായി കാണാം.

പുതുക്കിയ ഐ.ആർ.ഡി.പി. സർവേ പ്രകാരം ഈ പഞ്ചായത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 1463 കുടുംബങ്ങൾ ഉണ്ട്. ഇതിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട 53 കുടുംബങ്ങളുണ്ട്. അതിൽ 99

കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്. ഇതിൽ 48 കുടുംബങ്ങൾ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടവരാണ്.

സാമ്പത്തിക സഹായം ലഭിച്ചതുവഴി 26ഓളം കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിയതായി കാണാം.

1990-91 വർഷത്തിൽ ഗ്രാമീണ വനിത ശിശുവികസന പദ്ധതിയുടെ ഭാഗമായി (ഡി.ഡബ്ല്യൂ.സി.ആർ.എ.) രണ്ടും മൂന്നും വാർഡുകൾ കേന്ദ്രീകരിച്ച് 10അംഗങ്ങളും ഉൾപ്പെടുത്തി കരിങ്കല്ല് ജെല്ലി നിർമ്മാണത്തിൻെറ ഒരു യൂനിറ്റ് ആരംഭിച്ചിരുന്നുവെങ്കിലും അംഗങ്ങളുടെ താല്പര്യമില്ലായ്മമൂലം ഇപ്പോൾ അതിൻെറ പ്രവർത്തനം ഇല്ല.

കൂടാതെ പഞ്ചായത്തിൽ വിവിധ ട്രേഡുകളിൽ ട്രൈസം-തൊഴിൽ പരിശീലനം നേടിയ 26 ആളുകളുണ്ട്. ഇതിൽ 17ആളുകൾ സ്വയംതൊഴിൽ കണ്ടെത്തി. 7 ആളുകൾ ഇതരതൊഴിലുകളിൽ ഏർപ്പെട്ടു. 2ആളുകൾ ഒരു തൊഴിലിലും ഏർപ്പെട്ടിട്ടില്ല.

വിവിധ പെൻഷൻ പദ്ധതികൾ പഞ്ചായത്തിൽ നടപ്പിലാക്കുന്നുണ്ട്. അതിൻെറ വിശദാംശങ്ങൾ ചുവടെ കൊടുക്കു ന്നു. ഇനിയും നിരവധി അർഹരായ നിരവധി വ്യത്യസ്ത വിഭാഗം ആളുകൾ അപേക്ഷകൊടുക്കാൻ ബാക്കിയാണ്. കൊടുത്ത അപേക്ഷകളിൽ പൂർണ്ണായും തീരുമാന മാകാത്തതും ഉണ്ട്. താഴെ പറയുന്ന പട്ടിക നോക്കുക.

| | |
|---|---|
| 1. വിധവാ പെൻഷൻ | 208 |
| 2. വികലാംഗ „ | 94 |
| 3. വാർദ്ധക്യ „ | 64 |
| 4. അവശകലാകാര „ | 6 |
| 5. അവശകായികതാര„ | 1 |
| 6. ക്ഷയരോഗ „ | 1 |
| 7. തൊഴിലില്ലായ്മ വേതനം | 58 |
| 8. കർഷകത്തൊഴിലാളി പെൻഷൻ | — |

**ഐ.ആർഡി.പി. സർവേ വിവരം കാണിക്കുന്ന ചാർട്ട്.**

| വാർഡ് നമ്പർ | സർവേയിൽ കണ്ടെത്തിയ കുടുംബങ്ങൾ | എസ്.സി/എസ്.ടി. കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | എസ്.സി/എസ്.ടി. കുടുംബങ്ങൾ | സാമ്പത്തിക സഹായംവഴി ദാരിദ്ര്യരേഖയ്ക്ക് മുകളിൽ എത്തിയ കുടുംബങ്ങൾ |
|---|---|---|---|---|---|
| 1 | 62 | 1 | 3 | 1 | |
| 2 | 184 | 5 | 6 | 4 | |
| 3. | 132 | 2 | 3 | 1 | |
| 4. | 155 | 10 | 10 | 10 | |
| 5 | 201 | 10 | 18 | 8 | |
| 6. | 206 | 5 | 11 | 5 | |
| 7. | 127 | 8 | 13 | 7 | |
| 8. | 71 | 1 | 4 | 1 | |
| 9. | 192 | 6 | 23 | 6 | |
| 10. | 87 | 5 | `8 | 5 | |
| 11 | 46 | - | - | - | |
| ആകെ | 1463 | 53 | 99 | 48 | 26 |

## ട്രൈസം-തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| വാർഡ് നമ്പർ | പരിശീലനത്തിൻെറ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽകണ്ടെത്തിയവരുടെ എണ്ണം | ഇതരതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ | അവശേഷിക്കുന്നവരുടെ എണ്ണം |
|---|---|---|---|---|---|
| III | Nursery Practice | 1 | - | 1 | - |
| III | Furniture Technology | 1 | 1 | - | - |
| III | Plumbing | 1 | 1 | - | - |
| III | Fitter | 1 | - | 1 | - |
| III | Soap&Washing Powder Preparing | 2 | 2 | - | - |
| III | Book Binding | 1 | - | 1 | - |
| III | Granite Jelly Making | 8 | 8 | - | - |
| IV | Granate Jelly Making | 2 | 2 | - | - |
| V | Garment Making | 1 | 1 | - | - |
| V | Radio&TV Repair | 1 | - | 1 | - |
| VI | Welding | 1 | 1 | - | - |
| VII | Radio&TVRepair | 1 | - | 1 | - |
| VII | Garment Making | 2 | 1 | - | 1 |
| VIII | Welding | 2 | - | 2 | - |
| VIII | Composing& Book Binding | 1 | - | - | 1 |
| | ആകെ | 26 | 17 | 7 | 2 |

ഇതിനെല്ലാം പുറമെ 7 മഹിളാ സമാജങ്ങൾ പഞ്ചായത്തിൽ റജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും ഒന്നൊഴികെ മറ്റെല്ലാം പ്രവർത്തന രഹിതമാണ്. കൂടാതെ 10 അംഗനവാടികളുമുണ്ട്. ഒരു അംഗനവാടിക്ക് സ്വന്തമായി കെട്ടിടമില്ല. കുട്ടികൾക്കാവശ്യമായ കളിക്കോപ്പുകളോ മറ്റ്-പ്രാഥമീക സൗകര്യങ്ങളോ ഇല്ല. കൂടാതെ നമ്മുടെ നാടുകളിലെ ആവശ്യകതയുമായി തട്ടിച്ചു നോക്കുമ്പോൾ അംഗനവാടികളുടെ കുറവ് വളരെ മുഴച്ച് നിൽക്കുന്ന തായി കാണാം. വിവിധ ഭാഗങ്ങൾക്കായുള്ള ക്ഷേമ നിധികളും ഇപ്പോൾ നിലവിലുണ്ട്. ഇവ ചെത്ത് തൊഴിലാളി ക്ഷേമനിധി, കർഷക തൊഴിലാളി ക്ഷേമനിധി, നിർമ്മാണതൊഴിലാളി, മത്സ്യത്തൊഴിലാളി, ക്ഷേമനിധി എന്നിവയാണ്. തയ്യൽ തൊഴിലാളികൾക്കും ക്ഷേമനിധി ഉണ്ടായിട്ടുണ്ട് എന്നത് ആ രംഗത്തെ ക്ഷേമ പ്രവർത്തനം കൂടി കൂടുതൽ കാര്യക്ഷമമാക്കുന്നു. എന്നാൽ ക്ഷേമ നിധിയുടെ ആനുകൂല്യം പരമാവധി അർഹരായവർക്ക് ലഭിക്കാൻ ആവശ്യമായ പ്രവർത്തനം ഇനിയും കൂടുതൽ വ്യാപിപ്പിക്കേണ്ടതാണ്. ഇത്തരം ക്ഷേമ പദ്ധതികതളെല്ലാം തന്ന അർഹരായവർക്ക് പൂർണ്ണമായും, സാങ്കേതികത്വത്തിൻെറ പേരിൽ ലഭിക്കുന്നില്ല എന്നുള്ള കാര്യം വളരെ വ്യക്തമാണ്.

# പ്രശ്നങ്ങൾ

1. കെട്ടിട നിർമ്മാണ സാമഗ്രികളുടെയും ഭൂമിയുടെയും വിലക്കയറ്റം.
2. വായ്പകൾ ലഭ്യമാക്കാനുള്ള ബുദ്ധിമുട്ട്.
3. കോളനികൾ പശ്ചാത്തല സൗകര്യങ്ങളില്ലാത്ത അവസ്ഥ.
4. ചെലവ് കുറഞ്ഞ വീടുകളെപറ്റിയുള്ള ബോധവൽക്കരണമില്ലായ്മ.
5. ഹൗസിംഗ് സൊസൈറ്റിയുടെ പ്രവർത്തനമില്ലായ്മ.
6. അംഗനവാടികളുടെ പോരായ്മയും സൗകര്യങ്ങൾ ഇല്ലാത്തവസ്ഥയും.
7. മഹിളാ സമാജങ്ങുടെ പ്രവർത്തനമില്ലായ്മ.
8. മാതൃശിശു സംരക്ഷണ കേന്ദ്രത്തിൻെറ അഭാവം.
9. സർക്കാർ നൽകുന്ന സാമ്പത്തീക സഹായങ്ങളെ കുറിച്ചുള്ള അറിവില്ലായ്മ.
10. ഐ.ആർ.ഡി.പി. ലിസ്റ്റിലും മറ്റും അനർഹരായവർ

കടന്ന്‌വരുന്ന അവസ്ഥ.

11. ദാരിദ്ര നിർമ്മാർജ്ജന പദ്ധതി വളരെകുറച്ച് കുടുംബങ്ങൾ മാത്രമെ പ്രയോജനപ്പെടുന്നുള്ളൂ.

12. പെൻഷൻ പദ്ധതികൾ ലഭിക്കുവാനുള്ള സാങ്കേതിക തടസങ്ങൾ.

## നിർദേശങ്ങൾ

1. പഞ്ചായത്ത് തലത്തിൽതന്നെ ഭൂരഹിതർക്ക് വീട് വെക്കാൻ സ്ഥലവും സാമ്പത്തീക സഹായങ്ങളും അനുവദിക്കുക.

2. വായ്പകൾ ലഭ്യമാക്കാനുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ സർവീസ് സഹകരണ ബേങ്കുകൾ മുഖേന വായ്പകൾ ലഭ്യമാക്കുക.

3. ലക്ഷം വീടുകളും ഹരിജൻ കോളനികളിലും കുടിവെള്ളം, വൈദ്യുതി, പൊതുകക്കൂസ് എന്നിവ ലഭ്യമാക്കാൻ പഞ്ചായത്ത് തലത്തിൽ നടപടി ഉണ്ടാക്കുക.

4. ചിലവ് കുറഞ്ഞ വീടുനിർമ്മാണത്തിനുള്ള ബോധവൽക്കരണം വ്യാപകമായി നടപ്പിലാക്കുക.

5. നമ്മുടെ പഞ്ചായത്തിലെ അസംസ്കൃത സാധനങ്ങളും വിദഗ്ധരായ നിർമ്മാണ തൊഴിലാളികളെയും ഉൾപ്പെടുത്തി ചെലവ്കുറഞ്ഞ വീട് നിർമ്മാണത്തിന്നാവശ്യമായ പരിശീലനം സംഘടിപ്പിക്കാനും മറ്റും ഉതകുന്ന രീതിയിൽ നിർമ്മാണ രംഗത്ത് ഒരു സൊസൈറ്റി രൂപീകരിക്കുക.

6. ആവശ്യമുള്ള വാർഡുകളിൽ അംഗനവാടി അനുവദിക്കുകയും നിലവിലുള്ളവയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുക.

7. പഞ്ചായത്തിൽ ആവശ്യമായ സ്ഥലത്ത് കുടുംബക്ഷേമ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

8. സർക്കാർ തലത്തിൽ നടപ്പിലാക്കുന്ന സഹായ പദ്ധതികൾ, പെൻഷൻ പദ്ധതികൾ എന്നിവ അർഹരായവരെ കണ്ടെത്താനുള്ള അവകാശവും കാലതാമസം കൂടാതെ വിതരണം ചെയ്യാനുള്ള ഉത്തരവാദിത്തം പൂർണ്ണമായും ഗ്രാമ പഞ്ചായത്തിന് നല്കുക.

9.ദുർവ്യയ ഭവന നിർമ്മാണം നിരുൽസാഹപ്പെടുത്താനുതകുന്ന നികുതി സമ്പ്രദായം ഏർപ്പെടുത്തുക.

10. ജൈവ വേലികൾ പ്രചരിപ്പിക്കുക.


11. നിലവിൽ രജിസ്റ്റർ ചെയ്ത മഹിളാ സമാജങ്ങളുടെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുകയും മഹിളകളുടെ തൊഴിൽ സംരംഭങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യാൻ പഞ്ചായത്ത് മുൻകൈ എടുക്കുു.

12. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ഗ്രാമ സഭകളെ ഉപയോഗിക്കുക.

# സംസ്കാരം

ഉത്കൃഷ്ടമായ ഒരു സാംസ്കാരിക പാരമ്പര്യത്തിനുടമകളാണ് പരിയാരം പഞ്ചായത്തിലെ ജനങ്ങൾ. ദേശീയ സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിനും കർഷക പ്രസ്ഥാനത്തിനും കാര്യമായ സംഭാവനകൾ നാം നൽകിയിട്ടുണ്ട്. ജനങ്ങളിൽ സ്വാതന്ത്ര്യവാഞ്ഛയും ദേശീയ ബോധവും ഉണർത്താൻ പര്യാപ്തമായ തരത്തിൽ വിപുലമായ വായനശാല-കലാസമിതി പ്രസ്ഥാനം പരിയാരം പഞ്ചായത്തിൻെറ സാംസ്കാരികാഭിവൃദ്ധിയിൽ നല്ല് പങ്ക് വഹിച്ചു. വിദ്യുത് സഭകളും സാഹിത്യ ചർച്ചകളിലും പരിശോഭിച്ച വിപുലമായ ശിഷ്യസമ്പത്തിനുടമയായ ചുഴലി മാധവൻ ഗുരുക്കൾ, കൃഷ്ണനെഴുത്തച്ഛൻ തുടങ്ങിയവരുടെ പ്രവർത്തന മേഖല പരിയാരം പഞ്ചായത്ത് ആയിരുന്നു. സ്വാതന്ത്ര്യം കിട്ടുന്നതിന് മുമ്പ്തന്നെ വായനശാലകൾ ഗ്രാമങ്ങളിൽ സജീവമായിരുന്നു. കോരൻപീടിക, ചിതപ്പിലെ പൊയിൽ എന്നിവിടങ്ങളിൽ ഗ്രന്ഥശാലകൾ ഉണ്ടായിരുന്നു. 1050ൽ സ്ഥാപിക്കപ്പെട്ട കർഷകവായനശാല പരിയാരത്തെ ജനങ്ങളുടെ പ്രമുഖ സാംസ്കാരിക സ്ഥാപനമായിരുന്നു. കലാ-സാസംകാരിക പ്രവർത്തനങ്ങളിൽ ഒട്ടേറെ സംഗീതനാടകങ്ങൾ അരങ്ങേറിയിട്ടുണ്ട്. കുറ്റ്യേരി വില്ലേജിലെ പരമേശ്വര കലാസമിതി, പരിയാരത്തെ ജ്ഞാനോദയ കലാസമിതി എന്നിവയായിരുന്നു അക്കാലത്തെ പ്രധാന നാടക സംഘങ്ങൾ. സംഗീത-നൃത്ത കലാരംഗത്ത് നിറഞ്ഞുനിന്ന കലാനിധി കൃഷ്ണൻെറ സേവനം പരിയാരത്തിൻെറ സാംസ്കാരിക പ്രവർത്തന ചരിത്രത്തിലെ മറക്കാനാവാത്ത ഏടാണ്.

പരിയാരം പഞ്ചായത്തിലെ ജനങ്ങളിൽ വലിയ വിഭാഗം ഹിന്ദുക്കളാണ്. മുസ്ലിം ജനവിഭാഗങ്ങളിൽ പെട്ടവരും പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിൽ താമസിക്കുന്നു. കൃസ്ത്യൻ ജനവിഭാഗം നല്ലൊരു ശതമാനം അധിവസിക്കുന്നത് പരിയാരം വില്ലേജിലെ, പരിയാരം, മരിയപുരം, ഏമ്പേറ്റ് ഭാഗങ്ങളിലാണ്. മതസാഹോദര്യത്തിൻെറ കാര്യത്തിൽ പരിയാരം പഞ്ചായത്ത് മുന്നിലാണ്. മതസഹിഷ്ണുത കാത്ത് സൂക്ഷിക്കാൻ പ്രതിജ്ഞാബന്ധമായ ഒരു സമൂഹമാണ് ഇവിടെ. വസിക്കുന്നവർ മതകലഹങ്ങളുടേയോ, ജാതിസ്പർദ്ധകളുടേയോ ആയ ഒന്നും കഴിഞ്ഞ ഒരൊമ്പതാണ്ട് കാലത്തിനിപ്പുറം പഞ്ചായത്തിൽ ഉണ്ടായിട്ടില്ല എന്നത് അഭിമാനാർഹമായ നേട്ടമാണ്. ജാതി ആധിപത്യത്തിൻെറയും ജന്മിത്വത്തിൻെറതുമായ കാലഘട്ടത്തിൽപോലും ജാതിമത പീഢനങ്ങൾ ഇവിടെ



അരങ്ങേറിയിട്ടില്ല എന്നതിന് മുൻകാലങ്ങളിൽ സമൂഹത്തിലെ അടിയാളൻെറ ആത്മാഭിമാനം ഉയർത്തിപ്പിടിച്ച സാമൂഹിക രാഷ്ട്രീയ പ്രസ്ഥാനങ്ങൾ നല്ല പങ്ക് വഹിച്ചിട്ടുണ്ട്.

ഏതൊരു ജനവിഭാഗത്തിൻെറയും ചരിത്രത്തെ കുറിച്ചുള്ള അന്വേഷണം പലപ്പോഴും ചെന്നുനിൽക്കുന്നത് അതത് കാലഘട്ടങ്ങളിലെ നാടൻ- ഗോത്രവർഗ്ഗ കലകളിലാണെന്ന് കാണാം. ഉത്സവങ്ങളും ആചാരങ്ങളും ജനതയുടെ സംസ്കാരം പ്രതിഫലിപ്പിക്കുന്ന കണ്ണാടികളാണ്. ഉത്സവാഘോഷങ്ങളുടെ കാര്യത്തിൽ പരിയാരം പഞ്ചായത്ത് സമൃദ്ധിയുടെ വിളനിലമാണ്. ജാതി മത ഭേതമന്യേ ജനങ്ങളെയാകെ ഒരൊറ്റമനുഷ്യനായി ആകർഷിക്കുന്ന ഉത്സവങ്ങൾ തുലാവമാസം മുതൽ പഞ്ചായത്തിൽ അരങ്ങേറുന്നു.

ഊർവാരാധനക്ക് പ്രാമുഖ്യം നല്കുന്ന വിവിധ ജനവിഭാഗങ്ങളുടെ കാവുകളുടെ എണ്ണം ഏതാണ്ട് 40ഓളം വരും. അതിൽതന്നെ തറവാട്ടുമുറ്റങ്ങളിൾ പണികഴിപ്പിച്ച കുടുംബക്ഷേത്രങ്ങൾക്ക് പുറമേയാണിത്. നിത്യപൂജകളും മറ്റ് ആരാധനാ ക്രമങ്ങളും നടക്കുന്ന അമ്പലങ്ങളുടെ എണ്ണം ഏതാണ്ട് 15 ആണ്. വിശേഷപ്പെട്ട ചിത്രവേല കളാലലംകൃതമായതും നാശപ്രായമായവയും ഇതിലുണ്ട്. പഞ്ചായത്തിൽ 17 മുസ്ലിം പള്ളികളും 6 ക്രൂസ്ത്യൻ ദേവാലയങ്ങളുമുണ്ട്.

## ഉത്സവങ്ങൾ, ആഘോഷങ്ങൾ:

പഞ്ചായത്തിൻെറ എല്ലാ ഭാഗങ്ങളും വേനൽക്കാല മാവുന്നതോടുകൂടി ഉത്സവങ്ങളാലും മറ്റ് ആഘോഷ പരിപാടികളാലും സജീവമാണ്. മിക്കവാറും എല്ലാ ക്ഷേത്രാങ്കണങ്ങളിലും ഉത്സവങ്ങൾകാലത്താൽ നടത്തി വരാറുണ്ട്. ഉത്സവങ്ങളുടെനടത്തിപ്പിന് എല്ലാ വിഭാഗം ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടിയുള്ള ജനകീയ കമ്മറ്റികളാണ് നേതൃത്വം നൽകാറുള്ളത്. ആരാധനാലയ ങ്ങളിൽ പ്രശസ്തമായ കാഞ്ഞിരങ്ങാട് ശ്രീ വൈദ്യനാഥ ക്ഷേത്രം, പടവിൽ ശ്രീമുത്തപ്പൻ മടപ്പുര എന്നിവിടങ്ങളിൽ നാടിൻെറ പല ഭാഗത്തുനിന്നും സന്ദർശകരെത്താറുണ്ട്. ക്രൂസ്ത്യൻ പള്ളികളിൽ മതാചാരപ്രകാരമുള്ള ചടങ്ങുകളും പെരുന്നാളുകളും കൊണ്ടാടപ്പെടാറുണ്ട്. ആഘോഷ പരിപാടികളോടനുബന്ധിച്ച് കലാപരിപാടികൾ എന്നത് ഇന്നൊരു അഭിവാജ്യഘടകമാണ്. മുസ്ലിംപള്ളികളിലും ആണ്ട്നേർച്ച തുടങ്ങിയ ചടങ്ങുകൾ സംഘടിപ്പിക്കാറുണ്ട്. വളരെ പ്രശസ്തമായ തിരുവട്ടൂർ മഖാമിൽ നടക്കുന്ന ഉറൂസ് ആഘോഷത്തിൽ പങ്കുകൊള്ളാൻ നാടിൻെറ നാനാഭാഗത്തുനിന്നും തീർത്ഥാടകരെത്തുന്നു. ഉത്സവാ ഘോഷങ്ങൾക്കുപുറമെ ക്ലബ്ബുകളും കലാസമിതികളും മറ്റുസന്നദ്ധ സാംസ്കാരികസംഘടനകളും നടത്തുന്ന വാർഷികാഘോഷങ്ങൾ, ഓണാഘോഷ പരിപാടികൾ തുടങ്ങിയവയും സാംസ്കാരിക രംഗത്ത് ഉണർവ്വേകുന്നു.

## ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ:

ഒരു സമൂഹത്തിൻെറ വികാസത്തേയും ചലനാത്മകതയേയും കുറിച്ചുള്ള അന്വേഷണത്തിൽ പ്രാഥമികമായി ഊന്നേണ്ടത് ജനതയുടെ ആചാരാനുഷ്ഠാനങ്ങളിലാണ്. പാരമ്പര്യമായി തലമുറകൾ കൈമാറിയ അനുഷ്ഠാന രീതിയാണ് ഇന്ന് തെയ്യക്കാവുകളിൽ നടന്നുവരുന്നത് അനുഷ്ഠാനകലകളിൽ പ്രഥമഗണനീയമാണ് കാവുകളിൽ നടക്കുന്ന തെയ്യാട്ടം. മലയാളിയുടെ ഗോത്രവർഗ്ഗത്തനിമ യാകെ ആവാഹിച്ച ഈ കലാരൂപം ഏതൊരു വിശ്വാസി യുടേയും ആത്മാവിൻെറ ഭാഗമാണ്. തെയ്യം കുലത്തൊഴി ലായി ചെയ്യുന്ന നിരവധി കുടുംബങ്ങൾ ഈ പഞ്ചായ ത്തിലുണ്ട്. വണ്ണാൻ, മലയൻ, വേലർ, പുലയർ തുടങ്ങിയ വർക്ക് വിവിധകാവുകളിലായി കളിയാട്ടം അനുഷ്ഠിച്ചു പോരുന്നു. ഒമ്പതാം വയസ്സിൽ തെയ്യംകെട്ടാൻ ആരംഭിക്കു കയും 77വയസ്സുവരെ കളിയാട്ട അരങ്ങുകളെ സജീവ മാക്കുകയും ചെയ്ത എം.പി.കണ്ണൻ മുതുകുടൻ പരിയാരം പഞ്ചായത്തുകാരനാണ്. 95ൽ കേരള സംഗീത-നാടക അക്കാഡമി ഫെല്ലോഷിപ്പ് നല്കി ആദരിച്ച് ഇന്നും കളിയാട്ടാഘോഷവേദികളിൽ സജീവ സാന്നിദ്ധ്യമായ ഈ വലിയ മനുഷ്യൻ നമ്മുടെ അനുഷ്ഠാന കലാകാരന്മാരുടെ വിദ്യുല്പത്തിയുടെ സാക്ഷ്യപത്രമായി ഇന്നും ജീവിച്ചി രിക്കുന്നു.

തെയ്യത്തിന് പുറമേ നാടൻപാട്ട്, പുള്ളുവൻപാട്ട് എന്നീ നാടൻ കലാരൂപങ്ങളും പൂരാഘോഷത്തിൻെറ ഭാഗമായി അരങ്ങേറുന്ന പൂരക്കളിയും പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ നിലവിലുണ്ട്. പൂരക്കളി അവതരി പ്പിക്കുന്നതിൽ വളരെ പ്രശസ്തനായ മൂലയിൽ രാമൻ പണിക്കർ മുക്കുന്നിൽ താമസിക്കുന്നു. മറത്ത്കളി രംഗത്ത് പ്രാവീണ്യം നേടിയ ഈ പൂരക്കളി ആശാൻ പയ്യന്നൂർ, നീലേശ്വരം, കാഞ്ഞങ്ങാട് തുടങ്ങിയ സ്ഥല ങ്ങളിൽ മറത്ത്കളിയുടെ നായകത്വം തെളിയിച്ചിട്ടുണ്ട്.

മുസ്ലിം മതവിഭാഗങ്ങളുടെ പ്രധാന ആഘോഷ മായ നബിദിനം ആചരിക്കാറുണ്ട്. നാടൻകലകളായ ദഫ്മുട്ട്, കോൽകളി തുടങ്ങിയവ പഞ്ചായത്തിൽ പ്രചാരത്തിലുണ്ട്.

## ശില്പകല:

കേരളീയ ശില്പകലയുടെ ഗാംഭീര്യം വിളിച്ചോ തുന്ന നിരവധി ദാരുശില്പങ്ങളും കൊണ്ടലംകൃതമാണ് ഇവിടുത്തെ ക്ഷേത്രങ്ങൾ. ശില്പകലയിൽ കല്ലിലും മര ത്തിലും പണിയുന്നതിൽ പ്രാഗത്ഭ്യം തെളിയിച്ച കലാകാര ന്മാർ പരിയാരത്ത് ജീവിച്ചിരുന്നു. പഴനി സുബ്രഹ്മണ്യ ക്ഷേത്രത്തിലെ തേര് പണിത ശങ്കരൻ രവിവർമ്മൻ തുടങ്ങി

മൺമറഞ്ഞ പ്രശസ്തരായ വിശ്വകർമ്മ വംശജർ പരിയാരം നിവാസികളായിരുന്നു. ഉത്തരകേരളത്തിലെ പലക്ഷേത്രങ്ങളുടേയും ശില്പവേലകൾക്ക് നേതൃത്വം നല്കിയ സംഗീത-നാടക അക്കദമി തുടങ്ങിയ കലാസ്ഥാപനങ്ങളുടെ അംഗീകാരം നേടിയ ചാത്തു കേരള വർമ്മൻ ഇപ്പോഴും ഈ രംഗത്ത് സജീവമായി പ്രവർത്തിക്കുന്നു. ശില്പവേലകൾ പരിശീലിക്കാൻ പുതിയ തലമുറകൾ കാണിക്കുന്ന വൈമുഖ്യം ശ്രേഷ്ഠമായ ഒരു കലാ ചാതുരിയുടെ നിലനില്പിന് ചെറിയ ഭിഷണി ഉയർത്തിയിട്ടുണ്ട്.

## ഗ്രന്ഥശാലകൾ:

കേരളത്തിലെ ഏറ്റവും വിപുലവും ജനകീയവുമായ ഗ്രന്ഥശാലാപ്രസ്ഥാനം ഉടലെടുത്ത ജില്ലയാണ് കണ്ണൂർ. പരിയാരം പഞ്ചായത്തിൽ 15ഓളം വായനശാലകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയോടൊപ്പം ഗ്രന്ഥാലയങ്ങളും പുസ്തക വിതരണവും നടക്കുന്നു. പഞ്ചായത്ത് സാംസ്കാരിക നിലയം ഇരിങ്ങലിൽ പ്രവർത്തിക്കുന്നു. സാംസ്കാരിക നിലയത്തിൽ ലൈബ്രറി പ്രവർത്തനം കാര്യക്ഷമമല്ല. ഗ്രന്ഥാലയങ്ങളിലെ പുസ്തകവിതരണം തൃപ്തികരമല്ല. വായനശാലകളിൽ ആനുകാലിക പ്രസിദ്ധീകരണങ്ങൾ കുറവാണ്. വായിക്കപ്പെടുന്ന പുസ്തകങ്ങളിൽ ഏറെയും സാധാരണ നോവലുകളാണ്. നമ്മുടെ സമൂഹത്തിൽ പൊതുവേ കാണുന്ന പൈങ്കിളി സാഹിത്യപ്രചാരണത്തിനെതിരെ ഫലപ്രദമായ പ്രധിരോധം സംഘടിപ്പിക്കാൻ വായനശാലക്ക് കഴിയണം. മുൻകാലത്ത് നിരക്ഷരതാ നിർമ്മാർജ്ജനരംഗത്ത് വായനശാലകൾ കേന്ദ്രീകരിച്ച് നടത്തിയ പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുകാണുന്നില്ല. ഗ്രന്ഥാലയങ്ങളിൽ പുതിയ പുസ്തകങ്ങൾ എല്ലാവർഷവും വാങ്ങാൻ സാധിക്കുന്നില്ല. ഫണ്ടുകളുടെ അപര്യാപ്തതയാണ് പ്രധാനകാരണം. ജനങ്ങളിൽ ഗ്രന്ഥാലയങ്ങളെ ഉപയോഗപ്പെടുത്തുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നു എന്നതാണ് പൊതുവേ കാണുന്ന ഗ്രന്ഥാലയങ്ങളുടെ പ്രവർത്തന ചിത്രം. (പട്ടിക 1)

## ഇലക്ട്രോണിക് മാധ്യമങ്ങൾ:

സംസ്കാരത്തിൻെറ വാഹനം കമ്മ്യൂണിക്കേഷൻ അഥവാ സംവേദന മാധ്യമങ്ങളാണ്. സംവേദന മാധ്യമങ്ങളിൽ ജനങ്ങളുടെ പ്രധാന ആകർഷണ വലയം ടി.വി.,വീഡിയോ, സിനിമാ മാധ്യമങ്ങളാണ്. പഞ്ചായത്തിലെ ഏഴ് സാംസ്കാരിക സ്ഥാപനങ്ങളിൾ ഇന്ന് ടി.വി. പ്രവർത്തിക്കുന്നുണ്ട്. അതിൽ ആറ് സ്ഥാപനങ്ങളിലേ ടി.വി.കൾ സംഭാവന ചെയ്തത് പരിയാരം പഞ്ചായത്താണ്. മാധ്യമരംഗത്ത് ഒരു ഇലക്ട്രോണിക് വിസ്ഫോടനത്തിന് ടി.വി.യുടെ വ്യാപനം വഴിവെച്ചിട്ടുണ്ടെങ്കിലും സാമൂഹികാഭിരുചിയെ ദുഷിപ്പിക്കുന്ന ചില പ്രവണതകളും ഈ മാധ്യമങ്ങൾ വഴികടന്നുവരുന്നുണ്ട്. അക്ഷരത്തിൻെറ ആത്മാവ് തേടിയുള്ള ഗ്രന്ഥശാലകളുടെ പ്രവർത്തനത്തേയും കുട്ടികളുടെ വിദ്യാഭ്യാസത്തേയും ടി.വി. പരിപാടികൾ ബാധിക്കുന്നുണ്ട്. പഞ്ചായത്തിലെ 5%മേൽ വീടുകളിൽ ടി.വി.ഉണ്ട്. എന്നാൽ ടി.വി. പ്രേക്ഷകരുടെ എണ്ണം ജനസംഖ്യയുടെ 60%ത്തോളം വരും.

പഞ്ചായത്തിൽ ഒരു സിനിമാശാല ഉണ്ടെങ്കിലും അത് സ്ഥിരമായി പ്രവർത്തിക്കുന്ന സ്ഥിതി ഇല്ല. യുവാക്കളിൽ നല്ലൊരു വിഭാഗത്തെ ആകർഷിക്കുന്ന ഒരു മാധ്യമമാണിത്. ഗൗരവമാർന്നതും കലാപരമായി മേന്മയുള്ളതുമായ ചിത്രങ്ങൾക്കുപകരം വിലകുറഞ്ഞ വിനോദങ്ങളായി മാറിയിരിക്കുന്നു വർത്തമാനകാല ചലച്ചിത്രങ്ങൾ. നമ്മുടെ സമൂഹത്തിൽ അരാജകത്വ പ്രവണതകളും വിധ്വംസക പ്രവർത്തനങ്ങളും വ്യാപിക്കുന്നരീതിയിൽ പ്രചരിക്കപ്പെടുന്ന പുത്തൻ പ്രവണതകൾക്കെതിരെ ജാഗ്രത പുലർത്തേണ്ടതുണ്ട്.

## കലാ സമിതികൾ:

സാംസ്കാരിക രംഗത്ത് സജീവമായി പ്രവർത്തിക്കുന്ന 60ഓളം കലാസമിതികളാണ് പഞ്ചായത്തിൽ ഉള്ളത്. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തവ 28. അതിൽ സംഗീതനാടക അക്കാദമി രജിസ്ട്രേഷൻ ഉള്ളവ 9. സ്വന്തമായ കെട്ടിടമുള്ളവ 5 എന്നിങ്ങനെയാണ് സ്ഥിതി വിവരക്കണക്കുകൾ. (പട്ടിക 2)

കലാ-സാംസ്കാരിക സംഘടനകളുടെ പ്രവർത്തനം പരിയാരം പഞ്ചായത്തിൻെറ സാധ്യതകളുമായി തട്ടിച്ചു നോക്കുമ്പോൾ തൃപ്തികരമല്ല. മുൻകാലത്ത് കലാരംഗങ്ങളിൽ ശക്തമായി പ്രവർത്തിച്ചിരുന്ന സംഘങ്ങളിൽ പലതും ഇന്ന് സജീവമായി നില്നിൽക്കുന്നില്ല. വാർഷികങ്ങളും കലാപരിപാടികളും സംഘടിപ്പിക്കുന്നതിൽ വരുന്ന ഭാരിച്ച സാമ്പത്തികബാധ്യത പരിപാടികൾ കുറയുന്നതിൽ കാരണമായിട്ടുണ്ട്. കലാപരിശീലനം നടത്താനുള്ള അധ്യാപകരുടെ അഭാവം പുതിയ കലാകാരന്മാർക്ക് പരിശീലനം നല്കി ഉയർത്തിക്കൊണ്ടുവരുന്നതിന് കാരണ

മായിട്ടുണ്ട്. ദൃശ്യകലകളിൽ സ്വന്തമായ കലാപരിപാടികൾ സംഘടിപ്പിക്കുന്നത് ഒരു ബാധ്യതയായിരിക്കുകയും മറ്റു പ്രൊഫഷണൽ സംഘങ്ങൾക്ക് വേദി ഒരുക്കാനുള്ള സംഘാടകരായി അമേചർ കലാസമിതികൾ മാറുന്ന അവസ്ഥ ഗൗരവമായ ചർച്ചകൾക്ക് വിധേയമാക്കേണ്ടുന്ന സാംസ്കാരിക പ്രശ്നങ്ങളാണ്.

കലാ-സാംസ്കാരിക രംഗത്തെ യുവതീ-യുവാക്കളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി പഞ്ചായത്ത് തലത്തിൽ കലാ-കായിക മത്സരങ്ങൾ സംഘടിപ്പിക്കാറുണ്ട്. പഞ്ചായത്ത് തല മത്സരങ്ങളിൽ ആദ്യഘട്ടത്തിൽ മത്സരരംഗത്ത് ക്ലബ്ബുകൾ സജീവമായിരുന്നെങ്കിലും കഴിഞ്ഞ രണ്ടുവർഷങ്ങളായി പങ്കാളിത്തം കുറഞ്ഞു വരുന്നു. ബ്ലോക്ക്-ജില്ലാ മത്സരങ്ങളിൽ നമ്മുടെ കലാ-കായിക പ്രതിഭകൾ സമ്മാനങ്ങൾ വാരിക്കൂട്ടിയിട്ടുണ്ട്. പഞ്ചായത്തിന്റെ മുൻ പ്രസിഡണ്ടും തളിപ്പറമ്പിന്റെ എം.എൽ.എയുമായിരുന്ന ശ്രീ.കെ.കെ.എൻ പരിയാരത്തിന്റെ സ്മരണാർത്ഥം പഞ്ചായത്ത് സംഭാവന ചെയ്ത പരിയാരം മെമ്മോറിയൽട്രോഫിക്ക് വേണ്ടി കണ്ണൂർ-കാസർകോഡ് ജില്ലാതല ഏകാംഗ നാടക മത്സരം എല്ലാ വർഷവും പരിയാരം കൾച്ചറൽ സൊസൈറ്റി സംഘടിപ്പിക്കാറുണ്ട്. അമേച്വർ നാടകരംഗത്ത് സജീവമായി പ്രവർത്തിക്കുന്ന തലോറ എ.കെ.ജി.സ്മാരക കലാസമിതി ജില്ലാതലത്തിൽ ശ്രദ്ധേയമായ പ്രകടനം കാഴ്ചവെച്ച സ്ഥാപനമാണ്. കലാരംഗത്ത് ഒട്ടേറെ കഴിവുകളുള്ള കലാകാരന്മാരുണ്ടെങ്കിലും അവരെ കൂട്ടിയോജിപ്പിച്ച് ഒരു ബൃഹത് പരിപാടി രൂപപ്പെടുത്താൻ ക്ലബ്ബുകൾക്കും സംഘടനകൾക്കും കഴിയുന്നില്ല എന്ന വിമർശനം സാംസ്കാരിക രംഗം അഭിമുഖീകരിക്കുന്ന ഒരു വലിയ പ്രശ്നമാണ്. കലാരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം പൊതുവേ കുറവാണ്.

## കായികരംഗം:

പരിയാരം പഞ്ചായത്തിൽ 12ഓളം സ്പോർട്സ് ക്ലബ്ബുകളാണ് ഉള്ളത്. മിക്ക ക്ലബ്ബുകളും സ്ഥിരമായി കെട്ടിടമുള്ളവയല്ല. സ്വന്തമായി സ്ഥലം കൈവശമുള്ളവർക്ക് ബിൽഡിംഗ് പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഇതിൽ സ്പോർട്സ് കൗൺസിൽ അംഗീകാരം കിട്ടിയവ മൂന്നെണ്ണമാണ്. വോളിബോൾ, ഫുട്ബോൾ എന്നീ കായികപരിപാടികളാണ് പ്രധാനമായും നടക്കുന്നത്. നാടൻകളികൾ ചിലപ്രദേശങ്ങളിൽ ഉണ്ടായിരുന്നുവെങ്കിലും ഇന്ന് അത് പഴമക്കാരുടെ ഓർമ്മകളിൾ മാത്രമായിച്ചുരുങ്ങുന്നു. ഗ്രാമീണ കായികവിനോദങ്ങളിൽ നിന്നും കുട്ടികൾ അടക്കമുള്ള തലമുറ ക്രിക്കറ്റ് പോലുള്ള കളികളിലേക്ക് മാറിയത് വളരെ പെട്ടെന്നായിരുന്നു. 1950 കളുടെ ആദ്യഘട്ടത്തിൽതന്നെ പഞ്ചായത്തിന്റെ പല ഭാഗത്തും വോളീബോൾ പ്രചാരത്തിലുണ്ടായിരുന്നു. കായിക പരിശീലനത്തിന് ആവശ്യമായ ഗ്രൗണ്ടിന്റെ അഭാവം കായികമായ മുന്നേറ്റത്തിന് തടസ്സം നില്ക്കുന്നു. പഞ്ചായത്തിലെ സ്കൂളുകളിൽ നല്ല ഗ്രൗണ്ടുകളില്ലാത്തതിനാൽ കുട്ടികളുടെ കായികവളർച്ച മുരടിച്ചു പോവുന്നുണ്ട്. പഞ്ചായത്ത് കളിസ്ഥലം പാച്ചേനി, നെല്ലിപ്പറമ്പ് എന്നിവിടങ്ങളിലാണ് ഉള്ളത്. രണ്ടുഗ്രൗണ്ടുകളും വേണ്ടത്ര ഉപകാരപ്രദമാക്കാൻ കഴിഞ്ഞിട്ടില്ല. കായിക പരിശീലനത്തിൽ സ്ത്രീകളുടെ പങ്കാളിത്തം കാര്യമായില്ല. കരാട്ടേ പരിശീലിപ്പിക്കുന്ന ഒരു കേന്ദ്രം ഏമ്പേറ്റിൽ പ്രവർത്തിക്കുന്നുണ്ട്. സ്പോർട്സ് ഉപകരണങ്ങളുടെ വിലവർദ്ധനവ് കായികസംഘടനകളെ ബാധിക്കുന്നു. ഫുട്ബോൾ, വോളിബോൾ ടൂർണ്ണമെന്റുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വർഷം തോറും സംഘടിപ്പിച്ചു വരുന്നുണ്ട്.

കലാസാംസ്കാരിക രംഗം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പൊതുവിൽ വിലയിരുത്തുമ്പോൾ താഴെ പറയുന്നവയാണ്:

## പ്രശ്നങ്ങൾ:

1. വായനശാലകൾക്ക് ആനുകാലികങ്ങൾകൂടുതൽ ഇടണം സാമ്പത്തികസഹായം ലഭ്യമാക്കണം.

2. പൈങ്കിളിസാഹിത്യ പ്രചരണം പുസ്തകവായനയുടെ വൈപുല്യത്തെ കുറക്കുന്നു.

3. ഇലക്ട്രോണിക് മാധ്യമങ്ങൾ വായനശാലകളുടെയും വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തെയും ബാധിക്കുന്നുണ്ട്.

4. ലൈംഗിക സിനിമയുടെ വ്യാപനം ശക്തമായി വിലയിരുത്തണം.

5. നാട്ടിപ്പാട്ട്, ദഫ്, കോൽക്കളി എന്നീ നാടൻ കലകൾ സമുദ്ധരിക്കണം.

6. സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനം കാര്യക്ഷമമല്ല.

7. പഞ്ചായത്ത് ഗ്രൗണ്ടുകൾ കായിക പരിശീലനത്തിന് പര്യാപ്തമല്ല.

## സാദ്ധ്യതകൾ

1. പുതിയപുസ്തകങ്ങൾ വാങ്ങാനും കെട്ടിട നിർമ്മാണത്തിന്നാവശ്യമായ സാമ്പത്തീക സഹായങ്ങൾ നൽകുക.

2. ഗ്രന്ഥശാലകളെ ബന്ധപ്പെടുത്തി അക്ഷരോത്സവങ്ങളും അക്ഷരശ്ലോക മത്സരങ്ങളും സംഘടിപ്പിക്കുക.

3. വനിതാ ലൈബ്രറികൾ, പുസ്തകവിതരണത്തിന് വനിതാസ്ക്വാഡുകൾ രൂപീകരിക്കുക.

4. നാശോന്മുഖമായ കാവുകളും ദാരുശില്പങ്ങളും സംരക്ഷിക്കുക.

5. ഉത്സവങ്ങൾ ജനകീയമായി സംഘടിപ്പിക്കുക ആഘോഷങ്ങളുടെ ഒരു കലണ്ടർ സ്ഥാപിക്കുക.

6. മത സൗഹാർദ്ദത്തിനുതകുന്ന സാംസ്കാരികോത്സവങ്ങൾ, മൈത്രീമേളകൾ സംഘടിപ്പിക്കുക.

7. ഒരു ഗ്രാമീണ കളിയരങ്ങ് സംഘടിപ്പിക്കുക.

8. പഞ്ചായത്തുതലത്തിൽ ഒരു ജനകീയ വീഡിയോ ലൈബ്രറി സ്ഥാപിക്കുക-പഞ്ചായത്തിന്റെ ഗതകാല ചരിത്രം സംബന്ധിച്ച വീഡിയോ ചിത്രം നിർമ്മിക്കുക.

9. കലാസമിതികളുടെ ഒരു കോ-ഓർഡിനേഷൻ കമ്മറ്റി രൂപീകരിക്കുക.

10. ഗ്രാമീണ നാടകശാല സ്ഥാപിച്ച് പ്രതിമാസ അമേച്വർ നാടകാവതരണം നടത്തുക.

11. കലാസമിതികൾക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ സഹായധനം നൽകുക.

12. കലാ-കായിക പ്രതിഭകൾക്ക് തുടർവിദ്യാഭ്യാസത്തിന് അവസരംനൽകുക.

13. സംസ്കാരിക പഠനത്തിന് ഒരു ഫോക്ക്ലോർ പഠനകേന്ദ്രം സ്ഥാപിക്കുക. നാടൻ കലകളിൽ പൂരക്കളിക്ക് മറ്റ് പഞ്ചായത്തുകളുമായി മറത്ത് കളി സംഘടിപ്പിക്കുക.

14. മതാടിസ്ഥാനത്തിൽ നടത്തുന്ന കലാ പ്രകടനങ്ങളെ മതേതരമായ പാഠഭേദങ്ങളോടെ അവതരിപ്പിക്കുക.

15. പഞ്ചായത്ത് ഗ്രൗണ്ടുകളുടെ പോരായ്മകൾ പരിഹരിച്ച് ഉപയുക്തമാക്കുക.

16. സ്ത്രീകൾക്ക് പ്രത്യേകമായ കളിസ്ഥലം ഉണ്ടാക്കിക്കൊടുക്കുക.

## രജിസ്ട്രേഷനുള്ള വായനശാലകൾ

പട്ടിക

1. പാട്യം സ്മാരക വായനശാല ആൻറ് ഗ്രന്ഥാലയം — പനങ്ങാട്ടൂർ
2. ഗാന്ധി യൂത്ത് റീഡിംഗ് ആൻറ് ലൈബ്രറി — പനങ്ങാട്ടൂർ
3. പ്രിയദർശിനി സ്മാരക വായനശാല — ചെറിയൂർ
4. എ.കെ.ജി.സ്മാരക വായനശാല — വട്ടക്കൂൽ
5. ഗ്രാമീണ വായനശാല — കുറ്റ്യേരി
6. വിദ്യാപോഷിണി വായനശാല ആൻറ് ഗ്രന്ഥാലയം — കാഞ്ഞിരങ്ങാട്
7. വെള്ളാവ് സാംസ്കാരിക വായനശാല ആൻറ് ഗ്രന്ഥാലയം
8. അഴീക്കോടൻ സ്മാരക വായനശാല ആൻറ് ഗ്രന്ഥാലയം — കണ്ണങ്കിറ
9. കെ.കെ.എൻ.പരിയാരം സ്മാരക വായനശാല ആൻറ് ഗ്രന്ഥാലയം — പരിയാരം
10. പടവിൽ യുവശക്തി വായനശാല ആൻറ് ഗ്രന്ഥാലയം — പടവിൽ
11. പബ്ലിക് ലൈബ്രറി — മുക്കുന്ന്
12. പഞ്ചായത്ത് സാംസ്കാരിക നിലയം
13. കെ.കെ.കൃഷ്ണൻനമ്പ്യാർ സ്മാരക വായനശാല ആൻറ് ഗ്രന്ഥാലയം — പാച്ചേനി
14. എ.കെ.ജി. സ്മാരക വായനശാല ആൻറ് ഗ്രന്ഥാലയം — പുളിയൂൽ
15. എ.കെ.ജി.സ്മാരക വായനശാല ആൻറ് ഗ്രന്ഥാലയം — തിരുവട്ടൂർ
16. വികാസ് റീഡിംഗ് റൂം. — വെള്ളാവ്

## കലാ-സാംസ്കാരിക സമിതികൾ

പട്ടിക 2

1. ജൂപീറ്റർ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് — വട്ടക്കൂൽ
2. കൈരളി കലാകായികവേദി കല്ലിക്കടവ്, പനങ്ങാട്ടൂർ
3. കെ.കെ.എൻ.പരിയാരം സ്മാരക കലാ സമിതി — കുറ്റ്യേരി
4. ജനകീയ കലാ സമിതി, — മാവിച്ചേരി
5. സഹൃദയ കലാസമിതി — മാവിച്ചേരി
6. ലളിതകലാ സമിതി — കാഞ്ഞിരങ്ങാട്
7. ഭഗത്സിംഗ് കലാസമിതി — കാഞ്ഞിരങ്ങാട്
8. റെഡ് സ്റ്റാർ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് — വെള്ളാവ്
9. എ.കെ.ജി. സ്മാരക കലാസമിതി — തലോറ
10. കെ.കെ.എൻ.പരിയാരം സ്മാരക സ്പോർട്സ് ക്ലബ്ബ്, — നെല്ലിപ്പറമ്പ്
11. എ.കെ.ജി.സ്മാരക കലാസമിതി — ഏമ്പേറ്റ്
12. സംസ്കൃതി സാംസ്കാരിക കേന്ദ്രം — ഏമ്പേറ്റ്

13. പ്രതിഭ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് പരിയാരം
14. സി.എം.ജി. സ്മാരക കലാസമിതി പരിയാരം
15. യുവധാര ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് കോരൻപീടിക
16. സന്തോഷ് സ്പോർട് ക്ലബ്ബ് പരിയാരം
17. പ്രിയദർശിനി യൂത്ത് സെൻറർ പരിയാരം
18. പരിയാരം കൾച്ചറൽ സെൻറർ പരിയാരം
19. ശക്തി തീയേറ്റേഴ്സ് പടവിൽ
20. പ്രോഗ്രസ്സീവ് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് പടവിൽ
21. യുവശക്തി അമ്മാനപ്പാറ
22. ഇരിങ്ങൽ യുവജന ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്
23. നവകേരള കലാസമിതി മുക്കുന്ന്
24. നവോദയ കലാസമിതി പാച്ചേനി
25. പ്രതിഭ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് പാച്ചേനി.
26. പൂർവവിദ്യാർത്ഥി സംഘടന ചെറിയൂർ ജി.യു.പി.എസ്.
27. ഫ്രൻസ് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് പനങ്ങാട്ടൂർ
28. യുവധാര പുളിയൂൽ.

# വനിത



ഒരു കാലഘട്ടത്തിൽ സമൂഹത്തിൽ ഏറ്റവും വലിയ പീഢനങ്ങൾക്കും ജാതിജന്മിത്വ ത്തിന്റെ ചൂഷണത്തിനും വിധേയരായ വിഭാഗം ആണ് സ്ത്രീകൾ. എന്നാൽ ജന്മിത്തത്തിനെതിരായ പോരാട്ടവും അതിൽ പുരോഗമന പ്രസ്ഥാനങ്ങൾ വഹിച്ചപങ്കും സ്ത്രീകളുടെ സാമൂഹ്യ പുരോഗതിയെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. ഒരു ജനതയുടെ സാമൂഹ്യ പുരോഗതി എന്നുപറയുന്നതിൽ സ്ത്രീകൾക്കുള്ള പങ്കും അവരുടെ പ്രവർത്തനവും കാര്യമായ പങ്ക് വഹിക്കുന്നു. സ്ത്രീകളുടെ പങ്കാളിത്തം സാമൂഹ്യ പുരോഗതിക്ക് മുതൽകൂട്ടാക്കാൻ കഴിഞ്ഞാൽ മാത്രമേ പഞ്ചായത്തിന്റെ സർവതോന്മുഖമായ പുരോഗതി കുടുംബതലം മുതൽ മുകളിലോട്ട് ഉയർത്തുവാൻ നമുക്ക് സാധിക്കുകയുള്ളൂ. ഗർഭസ്ഥശിശുവിന്റെ ശുശ്രൂഷമുതൽ കുട്ടികളുടെ പ്രാഥമിക വിദ്യാഭ്യാസം തൊട്ട് സമൂഹത്തിന്റെ പുരോഗതിക്ക് സ്ത്രീകൾ വഹിക്കുന്ന പങ്ക് നമ്മുടെ ധാരണക്ക് അതീതമാണ്.

1991ലെ സെൻസസ് പ്രകാരം 24632 പേരുള്ള പഞ്ചായത്തിലെ ജനസംഖ്യയിൽ 12601 പേർ സ്ത്രീകളാണ്. ഇതിൽ പട്ടികജാതി സ്ത്രീകൾ 744 ആകുന്നു. 450ഓളം കുടുംബങ്ങൾ സ്ത്രീകളുടെ നിയന്ത്രണത്തിലാണ്. ഇതിന്റെ പ്രധാനകാരണങ്ങൾ കുടുംബനാഥൻമാരില്ലാത്തതും പുരുഷന്മാർക്ക് കുടുംബത്തോടുള്ള പ്രതിബദ്ധതാകുറവും ആണെന്ന് കാണുന്നു.

## സ്ത്രീ വിദ്യാഭ്യാസം:

സ്ത്രീകളുടെ സാക്ഷരതാനിരക്ക് പൊതുവേ ഉയർന്നതാണെങ്കിലും ഉന്നത വിദ്യാഭ്യാസരംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം കുറവായിട്ടാണ് കാണുന്നത്. ഇതിനന് പ്രധാനകാരണം സമൂഹത്തിൽ പെൺകുട്ടികളോടുള്ള പ്രത്യേക മനോഭാവവും കുടുംബരംഗത്ത് മെച്ചപ്പെട്ട ജീവിതപങ്കാളിയെ കണ്ടെത്തുന്നതിന് വേണ്ടിമാത്രം സ്ത്രീവിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന രക്ഷിതാക്കളുടെ സ്വഭാവമാണ്. സാമ്പത്തികമായ പിന്നോക്കാവസ്ഥയും ചില വീടുകളിൽ സ്ത്രീകളുടെ വിദ്യാഭ്യാസത്തെ ബാധിക്കുന്നുണ്ട്. വിദ്യാഭ്യാസരംഗത്ത് സെക്കൻററി തലംവരെയെത്തുന്ന സ്ത്രീകളിൽ വലിയൊരു വിഭാഗം പിന്നീട് കൊഴിഞ്ഞു പോകുന്നതായി കാണാം. ആകെ വിദ്യാർത്ഥികളുടെ കണക്ക് പരിശോധിച്ചാൽ ആൺകുട്ടികളാണ് കൂടുതൽ. ചില പ്രത്യേക മത വിഭാഗത്തിൽപെട്ട കുട്ടികൾ വിദ്യാഭ്യാസരംഗത്ത് സെക്കൻററിതലം കഴിയുമ്പോൾതന്നെ കൊഴിഞ്ഞുപോകുന്ന സ്ഥിതിയും ഉണ്ട്. പെൺകുട്ടികൾക്ക് മാത്രമായി സ്കൂളുകളോ മറ്റ് വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങളോ ഇല്ല. എന്നാൽ ഉന്നത വിദ്യാഭ്യാലയവും സാങ്കേതികവിദ്യാഭ്യാസവും നേടിയ വനിതകളും ചെറിയ ശതമാനം ഉണ്ട്. നമ്മുടെ പഞ്ചായത്തിലെ ഒരു ഗവൺമെൻറ് ഹൈസ്കൂൾ ഉൾപ്പെടെ അഞ്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രധാന അധ്യാപകർ സ്ത്രീകളാണ്. പഞ്ചായത്തിലെ മൊത്തം അധ്യാപകരിൽ ഭൂരിപക്ഷം സ്ത്രീകളാണ്. പുതിയ പഞ്ചായത്ത് രാജ് സംവിധാനം

നിലവിൽവന്നതോടെ കുറേയേറെ സ്ത്രീകൾ ഭരണ കാര്യങ്ങളിലും മറ്റും പങ്കാളിത്തം വഹിക്കാൻ തയ്യാറായത്.

തൊഴിൽരംഗത്തുള്ള സ്ത്രീകൾ കൂടുതലും കർഷികമേഖലയിൽ ആയിരുന്നെങ്കിലും ഈ മേഖലയിലെ തൊഴിൽസ്ഥിരതകുറവും കുറഞ്ഞകൂലിയും കാരണം ഈ രംഗത്ത്നിന്ന് സ്ത്രീകൾമറ്റ് നിർമ്മാണ തൊഴിൽ മേഖല യിലേക്ക് കടന്നുപോയിക്കൊണ്ടിരിക്കുകയാണ്. കാർഷീക മേഖലയിൽ ലഭ്യമാകുന്ന തൊഴിൽ അവസരങ്ങൾ ഉപയോഗപ്പെടുത്താൻതന്നെ ഇന്നത്തെ സ്ത്രീകൾ തയ്യാറാവുന്നില്ല. അതിന് പ്രാധാന കാരണം കാർഷീക മേഖലയിലെ തൊഴിൽസമൂഹം മാന്യമായ ഒരു തൊഴിലായി അംഗീകരിക്കുന്നില്ലെന്ന മിഥ്യാധാരണയും അഭ്യസ്ഥവിദ്യരായ സ്ത്രീകൾ ഈ രംഗത്ത് കടന്നു വരാത്തതും ആണ്. ഇതുകൊണ്ട് കാർഷീക മേഖലയിൽ സ്ത്രീ തൊഴിലാളികളുടെ കടുത്ത ക്ഷാമം അനുഭവ പ്പെടുകയാണ്.

വനിതകൾ മാത്രമായി തൊഴിൽചെയ്യുന്ന കാര്യമായ ഒരു സ്ഥാപനം പരിയാരം ഖാദിസെൻറർ മാത്രമുണ്ട്. കൂടാതെ സ്ത്രീകൾ കൂടുതൽ തൊഴിൽചെയ്യുന്ന മേഖലകളായി ക്വാറി, തീപ്പെട്ടിക്കമ്പനി, തടിവ്യവസായ ങ്ങൾ, ഓട്-ഇഷ്ടിക കമ്പനി എന്നിവയും ഉണ്ട്. ഏകദേശം 225ഓളം പേർ ഇത്തരം മേഖലകളിൽ ജോലിചെയ്യുന്നു. ഇതിനുപുറമേ, ഇരിങ്ങൽ ക്ഷിരോത്പാദക സഹകരണ സംഘത്തിൻെറ കീഴിൽ തുടങ്ങിയ വനിതാ പാലുല്പാദന യൂനിറ്റിൽ നാലുവനിതകളും ജോലിചെയ്യുന്നു. ഏമ്പേറ്റിൽ ഒരു വനിതാ സഹകരണ സംഘവും പ്രവർത്തിക്കുന്നു. സർക്കാർ-അർദ്ധസർക്കാർ സ്ഥാപന ങ്ങളിൽ പുരുഷന്മ ാരെ അപേക്ഷിച്ച് സ്ത്രീകൾ വളരെ കുറവാണ്, തയ്യൽതൊഴിൽ പരിശീലിച്ചവരും, സ്വന്തമായി ഈ മേഖലയിൽ ജോലിചെയ്യുന്നവരുമായി ധാരാളം സ്ത്രീകൾ ഈ പഞ്ചായത്തിൻെറ ചില ഭാഗങ്ങളിലുണ്ടെങ്കിലും ഇവരെയെല്ലാം യോജിപ്പിച്ച് ഒരു തൊഴിൽ കേന്ദ്രം ഇതുവരെ രൂപം കൊടുക്കാൻ കഴിഞ്ഞിട്ടില്ല.

## സ്ത്രീകളുടെ ആരോഗ്യം

ആയുർദൈർഘ്യത്തിൽ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾ മുന്നിലാണെങ്കിലും രോഗങ്ങൾ കൂടുതലും കണ്ടുവരുന്നത് സ്ത്രീകളിലാണ്. കുടുംബഭദ്രതക്കുറവും, പോഷകാഹാരക്കുറവും ഇതിന് പ്രധാനപ്പെട്ട രണ്ട് കാരണ ങ്ങളാണ്. പഞ്ചായത്തിൽ ഒരു പ്രൈമറി ഹെൽത്ത് സെൻററും മൂന്ന് കുടുംബക്ഷേമ കേന്ദ്രങ്ങളും ഒരു ആയുർ വേദാശുപത്രിയും ഉണ്ട്. എന്നാൽ സ്ത്രീകളുടെ പോഷകാ ഹാരക്കുറവ് വേണ്ടരൂപത്തിൽ പരിഹരിക്കുന്നതിന് സാധിക്കുന്നില്ല. സർക്കാർ ആയുർവേദാശുപത്രികളിലും പ്രൈമറി ഹെൽത്ത് സെൻററിലും എത്തുന്ന രോഗികളിൽ ഭൂരിഭാഗവും സ്ത്രീകളാണ്. കുട്ടികളുടേയും ഗർഭിണി കളുടേയും കുത്തിവെപ്പുകൾ കൃത്യമായ നടക്കാറുണ്ട്. അതിൻെറ പട്ടിക താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| ബി.സി.ജി. | | 292 |
| ഡി.പി.ടി | 1 | 305 |
| | 2 | 327 |
| | 3 | 365 |
| പോളിയോ | 1 | 305 |
| | 2 | 327 |
| | 3 | 365 |
| ഡി.റ്റി | 1 | 74 |
| | 2 | 185 |
| മീസിൽസ് | -- | 352 |
| ടി.ടി. | -- | 381 |
| ആകെ ഗർഭിണികൾ | 71 | |
| മുലയൂട്ടുന്ന അമ്മമാർ | 88 | |
| പൂരകപോഷകാഹാരം ലഭിക്കുന്ന ഗർഭിണികൾ 24 | | |

പ്രസവങ്ങൾ ഭൂരിഭാഗവും ആശുപത്രികളിലാണ് നടക്കുന്നത്. ഉയർന്ന സാക്ഷരതയുള്ളത് കൊണ്ട് പ്രസവമരണങ്ങൾ വളരെ കുറവാണ്. സ്ത്രീകളുടെ ആരോഗ്യരംഗത്ത് അംഗനവാടികൾ നിർണ്ണായകമായ പങ്ക് വഹിക്കുന്നത് കൊണ്ട് ശിശുമരണങ്ങൾ അപൂർവമായി മാത്രമേ സംഭവിക്കുന്നുള്ളൂ.

## മഹിളാ സമാജങ്ങൾ:

നമ്മുടെ പഞ്ചായത്തിൽ ഏഴ് മഹിളാ സമാജങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പരിയാരം, മുക്കുന്ന്, തിരുവട്ടൂർ, വെള്ളാവ്, കാഞ്ഞിരങ്ങാട്, തലോറ, അരിപ്പാമ്പ്ര എന്നിവിടങ്ങളിലാണ് ഇവ. ഇതിൽ വെള്ളാവ് മഹിളാ സമാജമാണ് നല്ല നിലയിൽ പ്രവർത്തിക്കുന്നത്. മറ്റുള്ള മഹിളാ സമാജങ്ങളുടെ പ്രവർത്തനം നല്ല രീതിയിൽ

നടക്കുന്നില്ല. ഈ സമാജങ്ങളുടെ പ്രവർത്തനം പുനരുജ്ജീവിപ്പിച്ചാൽ സ്ത്രീരംഗത്ത് കാര്യമായ മാറ്റം ഉണ്ടാകും.

പഞ്ചായത്തിൻെറ 10 അംഗനവാടികൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നു. ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം പൂർണ്ണമായി നിയന്ത്രിക്കുന്നത് സ്ത്രീകളാണ്. വനിതാ രംഗത്ത് ഒരു മുന്നേറ്റത്തിന് അംഗനവാടികൾ സഹായമാണെങ്കിലും ഇതിൻെറ പ്രവർത്തനം തൃപ്തികരമല്ല. അംഗനവാടികൾ കേന്ദ്രീകരിച്ചാണ് ഗർഭിണികൾക്കും, കുട്ടികൾക്കും പ്രധിരോധ കുത്തിവെപ്പുകളും, മരുന്നുകളും കൊടുക്കുന്നത് ആരോഗ്യ ബോധവല്കരണക്ലാസുകൾ അംഗനവാടിയിൽ നടത്താറു ണ്ടെങ്കിലും ഈ രംഗത്ത് ബോധവല്കരണം വേണ്ടത്ര നല്ലരീതിയിൽ ഇനിയും നടത്താൻ കഴിയും. സ്ത്രീകളുടെ ഉയർന്ന സാക്ഷരതാനിരക്കിൻെറ ഭാഗമായി കുടുംബാസൂത്രണരംഗത്ത് ഗണ്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും അന്ധമായ ചില മതവിശ്വാസങ്ങൾ കുടുംബാസൂത്രണരംഗത്ത് തടസ്സം നില്ക്കുന്നു. പഞ്ചായത്തിൽ സ്ത്രീ പീഢനം പൊതുവേ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലെങ്കിലും പരോക്ഷമായി സ്ത്രീ പീഢനവും സ്ത്രീധനപീഢനവും ഉണ്ട്. സ്ത്രീധനം കൊടുക്കാനില്ലാത്തതിൻെറ പേരിൽ മാത്രം വിവാഹം നടത്തിക്കൊടുക്കാൻ കഴിയാത്ത ഒട്ടേറെ പെൺകുട്ടികൾ ഈ പഞ്ചയത്തിലുണ്ട്. ചാരായ നിരോധനം നിലവിൽ വന്നിട്ടുണ്ടെങ്കിലും അതിൻെറ പൂർണ്ണമായ ഗുണം നമ്മുടെ കുടുംബങ്ങളിൽ ഉണ്ടായിട്ടില്ല. കാരണം, ചില ഒറ്റപ്പെട്ട കേന്ദ്രങ്ങളിൽ ഇന്നും വ്യാജവാറ്റും കള്ളച്ചാരായവും വില്പന നടത്തുന്നുണ്ട്. കൂടാതെ ഇന്ത്യൻ നിർമ്മിത വിദേശമദ്യവും സുലഭമാണ്. അതുകൊണ്ടുതന്നെ മദ്യപാനം മൂലംകുടുംബങ്ങൾ ഇന്നും ദുരിതമനുഭവിക്കുന്നു, ഇതിൻെറ പരിണിതഫലം അനുഭവിക്കുന്നത് കൂടുതലും സ്ത്രീകളാണ്. പൊതുവേ സ്ത്രീകൾക്ക് മാന്യമായ സ്ഥാനം തന്നെയാണ് പഞ്ചായത്തിനകത്ത് നിവിലുള്ളത്.

## പ്രശ്നങ്ങൾ:

1. സ്ത്രീകളുടെ തൊഴിലില്ലായ്മ

2. തൊഴിൽമേഖലയിൽ സ്ത്രീകളോടുള്ള വിവേചനം

3. ഒരേ തൊഴിൽചെയ്യുന്ന മേഖലയിൽ കൂലിയിൽ വ്യത്യാസം

4. സ്ത്രീകൾ ജോലിചെയ്യുന്ന പൊതുസ്ഥാപനങ്ങളിൾ അവർക്ക് നിയന്ത്രണമില്ലായ്മ.

5. പൊതുരംഗത്ത് സ്ത്രീകളുടെ അഭാവം, അഭ്യസ്തവിദ്യരായ സ്ത്രീകൾ പൊതുരംഗത്ത് കാണിക്കുന്ന വിമുഖത.

6. പൊതുസ്ഥലങ്ങളിൽ പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യം

7. സ്ത്രീകളുടെ തൊഴിൽസാധ്യത കൂട്ടായി ഉപയോഗപ്പെടുത്തി തൊഴിൽകേന്ദ്രങ്ങൾ ഇല്ലാത്തത്.

## സാധ്യതകൾ:


1. പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിൾ തയ്യൽ തൊഴിൽ ചെയ്യുന്ന സ്ത്രീകളെ കൂട്ടിയോജിപ്പി സംരംഭങ്ങൾ ഉണ്ടാക്കുക

2. കോഴിവളർത്തൽ, പശുപരിപാല ങ്ങളിൽ പുതിയ ഫാമുകൾ ഉണ്ടാക്കി സംരംഭങ്ങൾ ഉണ്ടാക്കുക.

3. സ്ത്രീകൾ കൂടുതൽ പണ ങ്ങളിൾ പരമാവധി നിയന്ത്രണം വന

4. പ്രധാന ബസ്സ്റ്റോപ്പ സമീപത്തും പ്രാഥമിക സ

# സഹകരണം



നമ്മുടെ പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ ചരിത്രം ഏതാണ്ട് ലോകസഹകരണ പ്രസ്ഥാനത്തിന്റെ ചരിത്രത്തോളം തന്നെ പഴക്കമുള്ള താണ്. ബ്രിട്ടീഷ് ഇന്ത്യയിൽ മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന നമ്മുടെ ഈ ഗ്രാമത്തിലെ ജനത സ്വാതന്ത്ര്യ അഭിവാഞ്ചയോടൊപ്പം സഹകരണരംഗത്തും മുദ്ര പതിപ്പിച്ചവരായിരുന്നു. ഈ പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനം മൂന്ന് കൈവഴിയിലൂടെയാണ് ഇന്നത്തെ നിലയിലുള്ള സഹകരണപ്രസ്ഥാനമായി വളർന്നുവന്നത്.

കുപ്പം പുഴയുടെ കിഴക്കുഭാഗത്ത് കുറ്റ്യേരി വില്ലേജിലാണ് ഈ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്. ശേഖരിക്കാൻ കഴിഞ്ഞവിവരങ്ങളുടെ അടിസ്ഥാനത്തിൽ കുറ്റ്യേരിയിലെ പ്രമുഖ സാമൂഹിക സാംസ്കാരിക പ്രവർത്തകനും പണ്ഡിതനുമായിരുന്ന ഇടവലത്ത് മനയ്ക്കൽ വാസുദേവൻ നമ്പൂതിരിയുടെ നേതൃത്വത്തിൽ1914 മാർച്ച് 13ന് റജിസ്റ്റർ ചെയ്യപ്പെട്ട വാസുദേവായ വിവിധോദ്ദേശ ഐക്യനാണയ സംഘമാണ് നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ സഹകരണസ്ഥാപനം. പിന്നീട് ഏതാണ്ട് 1920-ഓടുകൂടിയാണ് പരിയാരം വില്ലേജിൽ ജന്മിയായിരുന്ന ഇടവൻ ചിണ്ടൻകുട്ടി നമ്പ്യാരുടേയും കോരൻഅന്തിത്തിരിയന്റെയും, കീഴേടത്ത് നാരായണൻ നമ്പ്യാരുടേയും നേതൃത്വത്തിൽ സഹകരണപ്രസ്ഥാനം ആരംഭിക്കുന്നത്. ആദ്യഘട്ടത്തിൽ അന്തിത്തിരിയൻ ചീഫ് പ്രമോട്ടറായി 21-4-1920നാണ് ഇതിന്റെ കമ്മിറ്റി രജിസ്റ്റർ ചെയ്യുന്നത്. തിരുവട്ടൂർ വില്ലേജിൽ പ്രായക്കോട് വീട്ടിൽ ഗോവിന്ദൻ നമ്പ്യാരുടേയും പി.വി. കുഞ്ഞിക്കേളപ്പൻ നായരുടേയും നേതൃത്വത്തിൽ 19.4.1954ൽ തിരുവട്ടൂർ വിവിധോദ്ദേശ ഐക്യനാണയ സംഘം റജിസ്റ്റർ ചെയ്തു.

നാട്ടിൽ കടുത്ത ഭക്ഷ്യക്ഷാമവും ദാരിദ്ര്യവും രോഗവും പിടികൂടപ്പെട്ട കാലഘട്ടത്തിലാണ് പി.സി.സി.കൾ നടത്തിയിരുന്നത്. ഭക്ഷ്യധാന്യങ്ങൾ ശേഖരിക്കുകയും ന്യായമായവിലക്ക് വിതരണം ചെയ്യലുമായിരുന്നു ഇതിന്റെ പ്രവർത്തനം. പില്കാലത്ത് മാടായി കോ.ഓപ്പറേറ്റീവ് ബാങ്കായി രൂപംകൊണ്ടത് മാടായി പി.സി.സി. ആയിരുന്നു. ഇതിന്റെ പരിധിയിൽ പരിയാരം വില്ലേജും ഉൾപ്പെട്ടിരുന്നു. അന്നത്തെ ധാരാളം കർഷകർ ഇതിൽ മെമ്പർമാർ ആയിരുന്നു. ചപ്പാരപ്പടവ് പി.സി.സി യുടെ പരിധിയിലായിരുന്നു കുറ്റ്യേരി വില്ലേജും, തിരുവട്ടൂർ വില്ലേജും. ആ സൊസൈറ്റി പിരിച്ചുവിട്ടപ്പോൾ അതിന്റെ കരുതൽ ധനത്തിൽ ഒരു ഭാഗം കുറ്റ്യേരി, തിരുവട്ടൂർ സൊസൈറ്റികൾക്ക് ലഭിക്കുകയുണ്ടായി.

മേൽസൂചിപ്പിച്ച ഐക്യനാണയ സംഘങ്ങൾക്ക് ഒരു പ്രത്യേക ഓഫിസ് ഉണ്ടായിരുന്നില്ല. മിക്കതും പ്രസിഡണ്ടുമാരുടെ വീട്ടിലാണ് ഓഫീസ് പ്രവർത്തനം നടത്തിയിരുന്നത്. ആദ്യഘട്ടത്തിൽ ചെറിയ നിലയിലുള്ള ആശ്വാസങ്ങൾ നല്കാൻ മാത്രമേ ഈ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിരുന്നുള്ളൂ. അന്ന് നാട്ടിൽ നിലവിലുണ്ടായിരുന്ന കാർഷികോല്പന്നങ്ങളുടെ വിലമുറിച്ച് പണം വാങ്ങൽ സമ്പ്രദായത്തിൽനിന്ന് കൃഷിക്കാരെ രക്ഷിക്കാൻ വലിയ ഒരളവുവരെ ഈ സ്ഥാപനങ്ങൾ സഹായകരമായി. പിന്നീടുള്ള ചരിത്രം ഇന്നത്തെ തലമുറയുടെ ചരിത്രവും ഘട്ടംഘട്ടമായുള്ള വളർച്ചയുടേതായ ചരിത്രമാണ്.

## അടിസ്ഥാന വിവരങ്ങൾ:

വളരെ മുമ്പ് തന്നെ സഹകരണമേഖല ജനങ്ങളിൽ സ്വാധീനം ചെലുത്തിയിരുന്നുവെങ്കിലും, ജനങ്ങളുടെ അടിസ്ഥാനപരമായ പ്രശ്നങ്ങൾ പരിഹരിക്കാൻ ഇപ്പോഴും ഈ മേഖലക്ക് കഴിഞ്ഞിട്ടില്ല. ഒട്ടേറെ സഹകരണ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ടെങ്കിലും എല്ലാം പ്രവർത്തനക്ഷമമല്ല.

ഈപഞ്ചായത്തിൽ 14 സഹകരണ സ്ഥാപനങ്ങളാണുള്ളത്. അവയുടെ പേരുവിവരം താഴെകൊടുക്കുന്നു:

1. പരിയാരം സർവ്വീസ് സഹകരണ ബാങ്ക്.

2. കുറ്റ്യേരി സർവ്വീസ് സഹകരണ ബാങ്ക്.

3. കുറ്റ്യേരി കരിങ്കൽ വ്യവസായ സഹകരണ സംഘം.

4. പരിയാരം ക്ഷീര വ്യവസായ സഹകരണസംഘം.

5. പരിയാരം കോ.ഓപ്പറേറ്റീവ് സ്റ്റോർ

6. ജില്ലാ കോഴി വളർത്തൽ കേന്ദ്രം.

7. പവർലൂം വീവേഴ്സ് കോ.ഓപ്പറേറ്റീവ് സൊസൈറ്റി

8. പട്ടുനൂൽ സഹകരണ സംഘം.

9. ഇരിങ്ങൾ ക്ഷീരോല്പാദക വിപണന സഹകരണ സംഘം.

10. പരിയാരം ചകിരി വ്യവസായ സഹകരണ സംഘം.

11. പരിയാരം വനിതാ സഹകരണ സംഘം.

12. തിരുവട്ടൂർ റബ്ബർ ഉല്പാദക സഹകരണസംഘം. (ചാരിറ്റബിൾ സൊസൈറ്റി)

13. ലേബർ കോണ്ട്രാക്ട് സൊസൈറ്റി(ചാരിറ്റബിൾ സൊസൈറ്റി)

14. കുറ്റ്യേരി കൺസ്യൂമർ സ്റ്റോർ.

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളെ രണ്ടായി തരംതിരിക്കാം. ക്രഡിറ്റ് മേഖലയും, ക്രഡിറ്റേതര മേഖലയും. ക്രഡിറ്റ് മേഖലയിൽ ഏറെ ക്കുറെ കാര്യക്ഷമമായി നടക്കുന്നു. ക്രഡിറ്റേതര മേഖലക്ക് പരാജയത്തിന്റെ കഥകളാണ് കൂടുതൽ പറയുവാനുള്ളത്. അവ ചുരുക്കി താഴെവിവരിക്കുന്നു.

# ക്രഡിറ്റ് മേഖല.

### പരിയാരം സർവ്വീസ് സഹകരണബാങ്ക്:

1920ൽ പരിയാരത്ത് രൂപീകരിച്ച 'വിവിധോദ്ദേശ ഐക്യനാണയ സംഘ'വും 1954ൽ തിരുവട്ടൂരിൽ രൂപീകരിച്ച "വിവിധോദ്ദേശ ഐക്യനാണയ സംഘ'വും കൂടി യോജിപ്പിച്ചുകൊണ്ട് 3-9-1970ന് പരിയാരം സർവ്വീസ് സഹകരണസംഘം രൂപം കൊണ്ടു. പടിപടിയായ വളർച്ചയിലൂടെ 1-2-1975ന് ഇത് ബാങ്കായി ഉയർന്നു. ഇന്ന് പഴയ പരിയാരം തിരുവട്ടൂർ വില്ലേജുകൾ ഉൾപ്പെടുന്ന പഞ്ചായത്തിലെ 5മുതൽ 11വരെയുള്ള വാർഡുകളിലെ ജനങ്ങളുടെ നിത്യജീവിതത്തിൽ ഗണ്യമായ ഒരു പങ്കാണ് ഈസ്ഥാപനം നിർവ്വഹിച്ചു പോരുന്നത്. കഷ്ടപ്പാടുകളിൽ സഹായിക്കുവാനും സാമ്പത്തിക വായ്പകൾ ലഭ്യമാക്കാനും പരിമിതികൾക്ക് വിധേയമായിട്ടാണെങ്കിൽപോലും ഈസ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ പടിപടിയായ വളർച്ചയിലൂടെ ജനങ്ങളുടെ സഹകരണത്തോടുകൂടി ഈസ്ഥാപനത്തിന് മുന്നേറാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഇപ്പോഴും പലപോരായ്മകളും നിലനിൽക്കുന്നുണ്ട്. കൃഷിക്കാരുടെ ആവശ്യങ്ങൾക്കനുസൃതമായി സ്കീമുകൾ തയ്യാറാക്കുവാനും, വായ്പ നൽകുവാനും കഴിയുന്നില്ല. ബാങ്കിങ്ങ് മേഖലയിൽ സഹകരണസ്ഥാപനങ്ങൾ കടുത്ത വെല്ലുവിളികളെ നേരിടുകയും ചെയ്യുകയാണ്. ഗവൺമെന്റ് നയത്തിൽ സഹകരണസ്ഥാപനങ്ങൾക്ക് അനുകൂലമായ നിലപാട് സ്വീകരിച്ചുകൊണ്ട് ഈമേഖലയെ പുഷ്ടിപ്പെടുത്താൻ കഴിയും. നിലവിൽ നാല് കമ്മീഷൻ ഏജൻറുമാർ ഉൾപ്പെടെ 18 പേർ ജീവനക്കാരായി പ്രവർത്തിക്കുന്നു. അഞ്ചാം വാർഡിലെ അംഗങ്ങളുടെ സൗകര്യാർത്ഥം ഏമ്പേറ്റിൽ 26-9-96 മുതൽ പുതുതായി ഒരു ബ്രാഞ്ച് സ്ഥാപിച്ചിട്ടുണ്ട്. 10,11,വാർഡുകളിലെ ജനങ്ങളുടെ സൗകര്യാർത്ഥം1986ൽതന്നെ വായാട് ബ്രാഞ്ച് സ്ഥാപിക്കുകയും മെച്ചപ്പെട്ട നിലയിൽ അതിന്റെ പ്രവർത്തനം മുന്നോട്ട് പോവുകയും ചെയ്യുന്നുണ്ട്. ഇന്ന് നിലവിൽ കാർഷിക ഹ്രസ്വകാല കടങ്ങളായി 56,00000 രൂപയും കാർഷികേതര വായ്പകളായി 8,50,000രൂപയും മറ്റിനങ്ങളിലായി 1കോടി 12ലക്ഷം രൂപയും കൂടി ആകെ 2കോടി 54ലക്ഷം രൂപ നീക്കിയിരിപ്പുണ്ട്. കടം നിശ്ചിത അവധിക്ക് തിരിച്ചടക്കുന്നതിന് കൃഷിക്കാരും മറ്റംഗങ്ങളും കുറേക്കൂടി ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്.

കഴിഞ്ഞ 5വർഷത്തെ വളർച്ചാതോത് പട്ടികയിൽ അനുബന്ധമായി കൊടുത്തിട്ടുണ്ട്.

## 2. കുറ്റ്യേരി സർവ്വീസ് സഹകരണബാങ്ക്.

1914ൽ രൂപീകൃതമായ 'വാസുദേവായ വിവിധോദ്ദേശ ഐക്യനാണയസംഘം' പടിപടിയായ വളർച്ചയിലൂടെ ഇന്ന് കുറ്റ്യേരി വില്ലേജിലെ കൃഷിക്കാരിലും മറ്റ് ജനവിഭാഗങ്ങളിലും ഗണ്യമായ സ്വാധീനം ചെലുത്തുന്നുണ്ട്. 1961-നവംബർ 5ന് സർവീസ് സഹകരണ സംഘമായി ഉയർത്തപ്പെട്ട ഈ സ്ഥാപനം മെച്ചപ്പെട്ട പ്രവർത്തനത്തിലൂടെ 4.12.1979ൽ ബാങ്കായി ഉയർത്തപ്പെട്ടു. ഒരു പരിധിവരെ കാർഷികവായ്പകൾ നൽകുന്നതിനും, പദ്ധതിവായ്പകൾ എത്തിച്ചു കൊടുക്കുന്നതിനും, പാവപ്പെട്ട കുടുംബത്തിലെ വിവാഹാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള വായ്പകൾ, നൽകുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഗവൺമെൻറിന്റെ മാനദണ്ഡമനുസരിച്ചുള്ള വളർച്ച കൈവരിക്കണമെങ്കിൽ കുറച്ചുകൂടി മുന്നേറേണ്ടതുണ്ട്.

കടുത്ത മത്സരത്തെ നേരിട്ടുകൊണ്ട് മാത്രമേ പ്രവർത്തനം മുന്നോട്ട് നീക്കാൻ കഴിയൂ എന്നുള്ളതാണ് ഈ രംഗത്തെ ഇന്നത്തെ അവസ്ഥ. മെച്ചപ്പെട്ട പൊതുജനസേവനം കൈവരിക്കാനും, ഒരു പരിധിവരെ ജീവനക്കാരും ഭരണസമിതിയും ശ്രമിച്ചുവരികയാണ്. കൃഷിക്കാരുടേയും, മറ്റംഗങ്ങളുടേയും സൗകര്യത്തിനായി 5.2.1990ന് കാഞ്ഞിരങ്ങാട് പ്രവർത്തനം ആരംഭിച്ച ബ്രാഞ്ചിൻെറ പ്രവർത്തനം മെച്ചപ്പെട്ട രീതിയിൽ മുന്നോട്ട് പോവുന്നു. കാർഷിക ഇനത്തിൽ 48 ലക്ഷം രൂപയും, കാർഷികേതര വായ്പയായി ഒരുകോടി 92 ലക്ഷവും മറ്റ് ഇനങ്ങളിലായി 23 ലക്ഷം രൂപയും അടക്കം ആകെ 2 കോടി 43 ലക്ഷം ഉറുപ്പിക പിരിഞ്ഞ് കിട്ടാനുണ്ട്. 6 കമ്മിഷൻ ഏജൻറുമാർ ഉൾപ്പെടെ 18 പേർ ജോലിചെയ്യുന്നു. തിരിച്ചടവിൻെറ കാര്യത്തിൽ അംഗങ്ങളുടെ ശുഷ്കാന്തിയില്ലായ്മ ബാങ്കിൻെറ പുരോഗതിയെ ബാധിക്കുന്നുണ്ട്. സ്ഥിതി വിവരക്കണക്കുകൾ അനുബന്ധമായി പട്ടികയിൽ കൊടുത്തിട്ടുണ്ട്.

### 3. മാടായി കോ–ഓപ്. റൂറൽ ബാങ്ക്.

മുമ്പ് സൂചിപ്പിച്ചതുപോലെ മാടായി പി.സി.സി സൊസൈറ്റി മാടായി കോ.ഓപ് റൂറൽ ബാങ്കായി രൂപം കൊണ്ടതിനു ശേഷം പടിപടിയായ വളർച്ചയിലൂടെ കേരളത്തിലെ പ്രധാനപ്പെട്ട ഒരു ബാങ്കായി മാറി. ഇതിൻെറ പ്രവർത്തന പരിധിയിൽപെടുന്ന പരിയാരം വില്ലേജിലെ കൃഷിക്കാർക്കും മറ്റ് ഇടത്തരക്കാർക്കും ഈ സ്ഥാപനത്തിലൂടെ ലഭിച്ചുകൊണ്ടിരിക്കുന്ന സഹായങ്ങൾ ഏറെ വിലമതിക്കേണ്ടതാണ്. ഈ സ്ഥാപനത്തിലെ ഭരണസമിതിയിൽ കഴിഞ്ഞ 10 വർഷക്കാലമായി പരിയാരം വില്ലേജിൻെറ പ്രതിനിധി കൂടി ഉൾകൊള്ളുന്നതാണ്. ഇതിൻെറ ഒരു ബ്രാഞ്ച് കുപ്പത്ത് നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു.

## ക്രഡിറ്റേതര മേഖല

### 1. ഇരിങ്ങൽ ക്ഷീരോല്പാദക വിപണന സഹകരണസംഘം:

ക്രഡിറ്റേതര മേഖലയിൽ ഇന്ന് ജനങ്ങൾക്ക് ഉപകരിക്കാൻ കഴിയുന്ന പ്രധാനപ്പെട്ട ഒരു സ്ഥാപനം ഇരിങ്ങൽ ക്ഷീരോല്പാദക വിപണന സഹകരണ സംഘമാണ്. പരിയാരം പഞ്ചായത്തിലെ 8,9 വാർഡുകളാണ് പ്രവർത്തന പരിധി. മിൽമയുടെ കീഴിലുള്ളതാണ് ഈ സ്ഥാപനം. കൃഷിക്കാർക്ക് ന്യായമായ വില നൽകുന്നതിനും, ജീവനക്കാർക്ക് അർഹതപ്പെട്ട സേവന വേതന വ്യവസ്ഥകൾ അംഗീകരിക്കുന്നതിനും മിൽമയുടെ നിയന്ത്രണം മൂലം സാധിക്കാതെ വരുന്നുണ്ട്. സ്ഥാപനം ഇപ്പോൾ ലാഭകരമാണ്. ഇതിൻെറ പാലുൽപ്പന്നയൂനിറ്റ് പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്. തീറ്റകൾ എത്തിച്ചു കൊടുക്കാനും, പാൽ സംഭരിക്കാനും, ഉൽപന്നങ്ങൾ വിറ്റഴിക്കാനും ഒരു പദ്ധതി ആവിഷ്കരിക്കേണ്ടതുണ്ട്. ഈ പ്രദേശത്തെ പാലുൽപ്പാദകർക്ക് ഇതിൻെറ സേവനം ഏറക്കുറെ പ്രയോജനപ്പെടുത്താൻ കഴിയുന്നു.

### 2. പരിയാരം ക്ഷീര സഹകരണസംഘം

ആദ്യഘട്ടത്തിൽ നല്ലനിലയിൽ പ്രവർത്തിച്ച് ലാഭകരമായി വളർന്ന് വികസിച്ച ഒരു സ്ഥാപനമായിരുന്നു. സ്വന്തമായി കെട്ടിടവും സൗകര്യങ്ങളും ഉണ്ട്. പരിയാരം പഞ്ചായത്താകെ പ്രവർത്തനമേഖലയാണ്. എല്ലാ കൃഷിക്കാരെയും ഉൾകൊള്ളാൻ സ്ഥാപനത്തിന് കഴിയുന്നില്ല. മൊത്തം പ്രവർത്തനം മെച്ചപ്പെട്ട രീതിയിലല്ല.

### 3. ജില്ലാ പോൾട്ടറി ഫാമിംഗ് & മാർക്കറ്റിംഗ് സൊസൈറ്റി.

ആരംഭത്തിൽ ചെറുകിട കുടിൽ വ്യവസായ രംഗത്ത് നൂതനങ്ങളായ ആശയങ്ങൾക്ക് ഉദാഹരണമായി രൂപം കൊണ്ട ജില്ലാടിസ്ഥാനത്തിലുള്ള മാതൃകാപരമായ ഒരു സംരംഭമായിരുന്നു സൊസൈറ്റി. ആദ്യഘട്ടത്തിൽ ചെറുകിട യൂനിറ്റുകൾ ആരംഭിക്കാനും വീടുകളിൽ കോഴിക്കുഞ്ഞുങ്ങളെ നൽകി മുട്ട സംഭരിക്കാനും കഴിഞ്ഞിരുന്നു. നല്ല നിലയിൽ പ്രവർത്തനം നടത്തിയ ഈ സ്ഥാപനം വളർച്ചയുടെ ഒരു ഘട്ടം എത്തിയപ്പോഴേക്കും തകർച്ചയിലേക്ക് നീങ്ങുകയായിരുന്നു. ഇറച്ചിക്കോഴികളെ വളർത്തുന്നതിനും, മുട്ട സംഭരിക്കുന്നതിനും പുറമെ തീറ്റ ഉൽപാദനം മെച്ചപ്പെട്ട നിലയിൽ നടത്താനും കഴിഞ്ഞിരുന്നു. ഇവിടെ ഉണ്ടാക്കുന്ന തീറ്റ മറ്റു സ്ഥലങ്ങളിലേതുമായി താരതമ്യപ്പെടുത്തുമ്പോൾ മെച്ചപ്പെട്ട നിലവാരമുള്ളതായിരുന്നു. പക്ഷെ; ഇന്ന് ഈ സ്ഥാപനത്തിൻെറ നിലനില്പ് തന്നെ ഭീഷണിയിലാണ്.

### 4. സഹകരണ സ്റ്റോറുകൾ

പരിയാരം കോ.ഓപ്പറേറ്റീവ് സ്റ്റോർ രൂപീകരണ ഘട്ടംമുതൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും നല്ല നിലയിൽ ആണെന്ന് പറഞ്ഞുകൂടാ. കുറ്റ്യേരിയിൽ രൂപികരിച്ച സ്റ്റോർ പ്രവർത്തനം ആരംഭിച്ചിട്ടില്ല. കടുത്ത വിലവർദ്ധനവ് അനുഭവപ്പെടുന്ന പല ഘട്ടങ്ങളിലും

ജനങ്ങളിൽ അതിന്റെ സേവനം എത്തിക്കാൻ സാധിച്ചിട്ടില്ല. പ്രവർത്തനം ലാഭകരമല്ല.

### 5. മറ്റ് സ്ഥാപനങ്ങൾ:

പേരിന്ന് പട്ടുനൂൽ, വനിതാ, ചകിരി മുതലായ സഹകരണസംഘങ്ങൾ റജിസ്റ്റർ ചെയ്തിട്ടുട്ടെങ്കിലും ഇതിന്റെ പ്രവർത്തനം ഒന്നും നടന്നിട്ടില്ല. കുറച്ചെങ്കിലും തൊഴിലാളികൾക്ക് തൊഴിൽ ചെയ്യാൻ കഴിയുന്ന പവർലൂം സൊസൈറ്റി നിർജീവാവസ്ഥയിലാണ്. ചാരിറ്റബ്ൾ സൊസൈറ്റി രൂപീകരിച്ചിട്ടുള്ള ലേബർ കോൺട്രാക്ട് (ക്രഷർ)സൊസൈറ്റി ഇപ്പോൾ പത്തോളം തൊഴിലാളികളെ വെച്ച് ജോലിചെയ്യുന്നുണ്ട്. തിരുവട്ടൂർ റബ്ബർ കർഷക സഹകരണ സംഘം ചില പ്രവർത്തന ങ്ങൾ നടത്തിയെങ്കിലും കൃഷിക്കാരുടെ ആവശ്യങ്ങൾക്ക് അനുസരിച്ച് വളർന്നിട്ടല്ല. കുറ്റ്യേരി കരിങ്കൽ സഹകരണ സംഘം ആദ്യഘട്ടത്തിൽ ഒരുവിധം പ്രവർത്തനം നടത്തിയെകിലും പിന്നീടത് നിലച്ച സ്ഥിതിയിലാണ്.

## പ്രശ്നങ്ങൾ:

1. വായ്പാസംഘങ്ങൾ കൃഷിക്കാരുടെ ആവശ്യ ങ്ങൾക്കനുസരിച്ചുള്ള പുതിയ പദ്ധതി നടപ്പാക്കുന്നില്ല.

2. ക്ഷീരോല്പാദകരംഗത്ത് ലഭ്യമായ സാധ്യതകൾ ഉപയോഗിക്കാൻ കഴിയുന്നില്ല. പരിയാരം ക്ഷീരവ്യവസായ സഹകരണസംഘത്തിന്റെ വ്യാപ്തി പഞ്ചായത്ത് ആകെ ഉള്ളത് ഇതിനൊരു കാരണമാണ്.

3. വനിതാ സഹകരണസംഘം പ്രവർത്തനക്ഷമമല്ല. സാദ്ധ്യതുപയോഗപ്പെടുത്താൻ കഴിയുന്നില്ല.

4. കൈത്തൊഴിൽ, ഗാർമെൻറ്, റെഡീമെയ്ഡ് എന്നീ രംഗങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളില്ല.

5. പൗൾട്രി ഫാമിംഗ് സൊസൈറ്റി പൂർണ്ണമായും തകർന്നിരിക്കുന്നു.

6. റബ്ബർ കൃഷിക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ആ രംഗത്തും കഴിഞ്ഞിട്ടില്ല.

7. കേരോല്പന്നങ്ങളുടെ ഉല്പന്ന വിപണനസംഘ ങ്ങളുടെ പ്രവർത്തനമില്ല.

8. ചെങ്കൽ, കരിങ്കൽ മേഖലയിൽ പ്രവർത്തനം കാര്യക്ഷമമല്ല.

9. കൺസ്യൂമർ സ്റ്റോറുകളുടെ പ്രവർത്തനങ്ങൾ കാര്യമായി നടക്കുന്നില്ല.

10. ഏറെ സാധ്യതയുള്ള കാർപ്പൻററി തൊഴിലാളികളുടെ സംഘം രൂപീകരിക്കുക.

11. പഞ്ചായത്തിന്റെ പൊതുവായ വികസനപ്രവർത്തന ങ്ങളിൽ കാർഷിക മേഖലയൊഴികെ മെച്ചപ്പെട്ട സേവനം കാഴ്ചവെക്കാൻ സഹകരണരംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടില്ല.

12. ലേബർ കോൺട്രാക്ട് സൊസൈറ്റികളുടെ രൂപീകരണം നടന്നിട്ടില്ല.

## സാധ്യതകൾ:

1. വായ്പാ സംഘങ്ങൾ പ്രത്യേക സ്കീമുകൾ തയ്യാറാക്കി കൃഷിക്കാർക്കും, ചെറുകിട വ്യവസായ ങ്ങൾക്കും, കുടിൽ വ്യവസായങ്ങൾക്കും കടം വിതരണം ചെയ്യുക. അതോടൊപ്പം പലിശ നിരക്കിൽ സബ്സിഡി അനുവദിക്കുക.

2. രണ്ട് വാർഡുകൾക്ക് ഒന്നുവീതം ക്ഷീരസംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിപ്പിക്കുക. പരിയാരം ക്ഷീരവ്യവസായ സഹകരണസംഘത്തിന്റെ പ്രവർത്തന പരിധിയിൽനിന്ന് കുറ്റ്യേരി വില്ലേജ് ഒഴിവാക്കുക.

3. ഗാർമെൻറ്, റെഡിമെയ്ഡ് രംഗത്ത് പുതിയ വനിതാ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

4. തകർന്നുകൊണ്ടിരിക്കുന്ന പൗൾട്രി സൊസൈറ്റിയെ പുനരുജ്ജീവിപ്പിച്ച് പ്രവർത്തിപ്പിക്കുക.

5. കാർഷിക ഉല്പന്നങ്ങളായ റബ്ബർ, കശുവണ്ടി, നാളികേരം, കുരുമുളക്, അടക്ക ഇവയുടെ സംഭരണ ത്തിനും വിപണനത്തിനും ആവശ്യമായ സൊസൈറ്റികൾ രൂപീകരിക്കുക

6. കൺസ്യൂമർ സ്റ്റോറുകൾ വാർഡടിസ്ഥാനത്തിൽ രൂപീകരിച്ച് പൊതുവിതരണ ശൃംഖല ശക്തിപ്പെടുത്തുക.

7. ലേബർ കോൺട്രാക്ട് സൊസൈറ്റിയും കാർപെൻററി സൊസൈറ്റിയും ആരംഭിക്കുക.

8. കരിങ്കൽ, ചെങ്കൽ മേഖലയിൽ ഇന്നുള്ള നിർജീവാ വസ്ഥ പരിഹരിക്കുകയും പ്രവർത്തനം കാര്യക്ഷമമാ ക്കുകയും ചെയ്യുക

9. സഹകരണസംഘങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന വളംഡിപ്പോയിൽ കൃഷിക്കാർക്ക് ഉപയോഗപ്രദമാവുന്ന രീതിയിൽ മുഴുവൻ സമയവും തുറന്നു പ്രവർത്തിക്കുക.

10. പഞ്ചായത്തിൻ പൊതുവായ വികസന

പ്രവർത്തനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നല്കത്തക്ക രീതിയിൽ സഹകരണ സംഘങ്ങൾ പദ്ധതികൾ ആവിഷ്കരിക്കുകയും, പ്രവർത്തികൾക്ക് നേതൃത്വം നല്കുകയും ചെയ്യുക.

11. മാനേജ്മെൻറിനും ജീവനക്കാർക്കും ആവശ്യമായ പരിശീലനം നല്കുകയും മെച്ചപ്പെട്ട നിലയിൽ പ്രവർത്തനസജ്ജരാക്കുകയും ചെയ്യുക.


12. ജനകീയ ഓഡിറ്റിംഗ് സമ്പ്രദായം ആവിഷ്കരിക്കണം.

## പരിയാരം സർവ്വീസ് സഹകരണ ബാങ്ക്


| വർഷം | ഓഹരിമൂലധനം | പ്രവർത്തനമൂലധനം | നിക്ഷേപങ്ങൾ | വായ്പകൾ | ലാഭം | നഷ്ടം |
|---|---|---|---|---|---|---|
| 1992 | 4,94,225 | 88,03,323 | 57,85,100 | 76,28,000 | 1,00895 | |
| 1993 | 6,02,915 | 1,42,75000 | 95,46,000 | 1,28,90,000 | 1,25,800 | |
| 1994 | 7,42,305 | 1,83,09000 | 1,27,75000 | 1,60,47,000 | 1,16,485 | |
| 1995 | 9,16,220 | 2,11,00,111 | 1,72,03,000 | 1,99,00,000 | 1,25,000 | |
| 1996 | 10,92,980 | 3,10,00,000 | 2,24,33,000 | 2,54,00,000 | 1,57,000 | |

## കുറ്റ്യേരി സർവ്വീസ് സഹകരണ ബാങ്ക്

| വർഷം | ഓഹരിമൂലധനം | പ്രവർത്തനമൂലധനം | നിക്ഷേപങ്ങൾ | വായ്പകൾ | ലാഭം | നഷ്ടം |
|---|---|---|---|---|---|---|
| 1992 | 455936 | 82,54,740 | 4505803 | 7843825 | | 1,00895– |
| 1993 | 533912 | 1,11,52140 | 5236289 | 10180763 | | 254094 |
| 1994 | 622509 | 133,72,871 | 6673833 | 12554555 | | |
| 1995 | 770561 | 1,84,40,313 | 11555432 | 16175956 | | |
| 1996 | 1013154 | 2,59,05,255 | 17569673 | 21322824 | | |



നിക്ഷേപങ്ങൾ
പ്രവർത്തന മൂലധനം
വായ്പകൾ
ലാഭം
പരിയാരം സർവ്വീസ് സഹകരണ ബേങ്ക്
1992
1993
1993
1994
1995



നിക്ഷേപങ്ങൾ
പ്രവർത്തന മൂലധനം
വായ്പകൾ
ലാഭം
നഷ്ടം
കുറ്റ്യേരി സർവ്വീസ് സഹകരണ ബേങ്ക്
1992
1993
1994
1995
1996

# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

സ്വാതന്ത്രലബ്ദിക്കുമുമ്പ് സാമൂഹ്യമായും സാമ്പത്തികമായും ഏറെ കഷ്ടതകൾ അനുഭവിച്ച ഒരു വിഭാഗം ആയിരുന്നു ഈപഞ്ചായത്തിലെ പട്ടികജാതിക്കാർ. ജാതീയമായ ഉച്ച നീചത്വങ്ങൾ സമൂഹത്തിൽ നിലനിന്നതിൻെറ ഭാഗമായി നമ്മുടെ പഞ്ചായത്തിലും ഈവിഭാഗത്തിന് വളരെയേറെ കഷ്ടതകൾ അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ എന്നീ അനാചാരത്തിൻെറഭാഗമായി പൊതു വഴിയിൽ



കൂടി നടക്കാനും നല്ല വസ്ത്രം ധരിക്കാനും സ്വാതന്ത്രമില്ലാതിരുന്ന ഒരു ഘട്ടത്തിൽ സാമൂഹ്യ പരിഷ്കരണപ്രസ്ഥാനങ്ങളും പ്രവർത്തകരും ഇവരുടെ സാമൂഹ്യപദവി ഉയർത്തുന്നതിന് പ്രധാന പങ്കു വഹിച്ചിട്ടുണ്ട്. പഞ്ചായത്തിൽ അതിവസിച്ചിരുന്ന പട്ടികജാതി ജനവിഭാഗങ്ങൾ സാമ്പത്തീകമായും തൊഴിൽ പരമായും അകറ്റിനിർത്തപ്പെട്ടവരായിരുന്നു. ഏറ്റവും കുറഞ്ഞകൂലി ആയിരുന്നു അവർക്ക്നൽകിയിരുന്നത്. കൂലി ചോദിക്കുവാനുള്ള അവകാശം അവർക്കുണ്ടായിരുന്നില്ല. ജന്മിവിഭാഗങ്ങളുടെ കൊടിയ മർദ്ധനങ്ങൾക്കും ഇരയായിട്ടുണ്ട്. ക്ഷേത്രപ്രവേശനം ലഭിക്കുവാനും ഈ വിഭാഗത്തിൽ പെട്ടവരുടെ വിദ്യാഭ്യാസത്തിനും പഞ്ചായത്തിൽ ഒട്ടേറെ പ്രവർത്തനങ്ങൾ 1930കളിലും 1940കളിലും നടന്നിട്ടുണ്ട്. ഹരിജനങ്ങൾക്ക് ക്ഷേത്രപ്രവേശനം ലഭിക്കുവാനും ഹരിജൻ കുട്ടികൾക്ക് വിദ്ധ്യാഭ്യാസം ലഭിക്കുന്നതിനുമായുള്ള പ്രവർത്തനത്തിൽ ഈപഞ്ചായത്തിലെ സാമൂഹ്യരാഷ്ട്രീയ പ്രവർത്തകരായ ചാത്തുക്കുട്ടിമാസ്റ്റർ, പയ്യരട്ടനാരായണൻ മണിയാണി, കെ.കെ.എൻ പരിയാരം, പരിയാരം കിട്ടേട്ടൻ, കെ.കെ.കൃഷ്ണൻ നമ്പ്യാർ, കെ.പുത്തരി, കാഞ്ഞിരങ്ങാടൻ, രാമപ്പെരുവണ്ണാൻ, (പാച്ചേനി) കോരപ്പെരുവണ്ണാൻ (മാവിച്ചേരി)തുടങ്ങിയവർ മുന്നിൽ നിന്നു പ്രവർത്തിച്ചിട്ടുണ്ട്.

സ്വാതന്ത്ര്യാനന്തരം ബഹുജനപ്രസ്ഥാനങ്ങളുടേയും സർക്കാരിൻെറയും മറ്റും പ്രവർത്തനങ്ങളുടേയും നിയമനിർമ്മാണങ്ങളുടെയും ഫലമായി പട്ടികജാതിക്കാരുടെ സാമൂഹ്യസാമ്പത്തീക പദവിയിൽ ഒരു പരിധിവരെ മാറ്റമുണ്ടാക്കാൻ കഴിഞ്ഞു. സാമൂഹ്യമായ ഉച്ചനീചത്വങ്ങൾ ഇല്ലാതാക്കാൻ കഴിഞ്ഞതാണ് ഏറെ പ്രധാനം. ഭൂപരിഷ്കരണം പോലുള്ള നടപടികൾ ഇവരുടെ സാമൂഹ്യസാമ്പത്തീക വളർച്ചക്ക് ഏറെ സഹായകമായിട്ടുണ്ട്. പട്ടികജാതി ജനസംഖ്യയിൽ ഭൂരിപക്ഷവും കർഷകത്തൊഴിലാളികൾ ആയിരുന്നു. വിദ്യാഭ്യാസപരമായി പിന്നോക്കാവസ്ഥയിൽ ആയിരുന്ന ഇവർ ഇന്ന് വളരെയേറെ പുരോഗതി പ്രാപിച്ചിട്ടുണ്ട്. ഇവരുടെ ആചാരങ്ങളും അനുഷ്ഠാനങ്ങളും ശ്രദ്ധേയമാണ്. വായ്മൊഴിയായ തെയ്യക്കോലങ്ങൾ, തോറ്റംപാട്ടുകൾ, തുടികൊട്ടിപ്പാട്ടുകൾ എന്നിവ എടുത്തുപറയാവുന്ന ആചാരങ്ങളാണ്. നമ്മുടെ പഞ്ചായത്തിൻെറ പലഭാഗത്തും ഇപ്പോഴും ഇവർ തെയ്യക്കോലങ്ങൾ അവതരിപ്പിച്ചു വരുന്നുണ്ട്.

സാമൂഹ്യപുരോഗതിയും സർക്കാരിൻെറ പ്രോത്സാഹനവും ഇവരുടെ സാമൂഹ്യസാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുകയും വിദ്യാഭ്യാസമേഖലയിലും ഇതരരംഗങ്ങളിലും ഈ ജനവിഭാഗത്തെ ഉയർത്തിക്കൊണ്ടുവരുന്നതിനും സഹായകമായിട്ടുണ്ട്. ഈ പഞ്ചായത്തിൽ അംഗീകരിച്ച എട്ട് കോളനികളും അംഗീകരിക്കാത്ത മൂന്ന് കോളനികളും കോളനികളിൽ പെടാത്ത മുപ്പതോളം കുടുംബങ്ങളും ഉണ്ട്.

കോളനിയുടെ വിവരവും ജനസംഖ്യാവിവരവും പട്ടികയായി അനുബന്ധത്തിൽ കൊടുത്തിട്ടുണ്ട്.

ഈ വിഭാഗത്തിൽപെടുന്നവർ കൂടുതലും കർഷകത്തൊഴിലാളികളാണെങ്കിലും നിർമ്മാണരംഗത്തും വ്യവസായ രംഗത്തും ജോലിചെയ്യുന്നവരും ഉണ്ട്. പഞ്ചായത്തിൽ മൊത്തം 100ഓളം പേർ സർക്കാർ-അർദ്ധസർക്കാർ മേഖലയിൽ ജോലിചെയ്യുന്നു. സാമ്പത്തികമായ വളരെ പിന്നോക്കം നില്കുന്നവരും ഇടത്തരക്കാരും ഇവരുടെ ഇടയിൽ ഉണ്ട്. പഞ്ചായത്തിലെ 53 പട്ടികജാതി കുടുംബങ്ങൾദാരിദ്രരേഖയ്ക്ക് താഴെ യുള്ളവരാണ്. ഇവരിൽ 48കുടുംബങ്ങൾക്ക് ഐ.ആർ. ഡി.പി.പ്രകാരം സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ വികസന ബ്ലോക്ക് മുഖേന 94 വീടുകൾ നിർമ്മിക്കാനും ജെ.ആർ.വൈ.പദ്ധതിപ്രകാരം 49 വീടുകൾ നിർമ്മിക്കുന്നതിനും ധനസഹായം നൽകിയിരുന്നു. 87വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട്. 34 കുടുംബങ്ങൾക്ക് കറന്റ് ചാർജ്ജ് അടക്കുന്നതിൽ സൗജന്യം അനുവദിച്ചിട്ടുണ്ട്. 41 കുടുംബങ്ങൾക്ക് വൈദ്യുതീകരണത്തിനും 17 കുടുംബങ്ങൾക്ക് കക്കൂസിനും ജെ.ആർ.വൈ. പദ്ധതിപ്രകാരം ധനസഹായം നല്കിയിട്ടുണ്ട്. ഏമ്പേറ്റ്, മുടിക്കാനം, പുളിയൂൽ, നെല്ലിപ്പറമ്പ്, മാവിച്ചേരി, മുക്കുന്ന് കോളനികളിൽ വൈദ്യുതി എത്തിയിട്ടുണ്ട്.

വിദ്യാഭ്യാസരംഗത്ത് പട്ടികജാതിയിൽപെട്ട കുട്ടികൾ ശരാശരി നിലവാരം പുലർത്തുന്നുണ്ട് എന്ന് പറയാം. എല്ലാ കുട്ടികളും സ്കൂളിൽ എത്തുന്നുണ്ട്. എന്നാൽ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം തുടർപഠനം നടത്താത്ത സ്ഥിതി കണ്ടുവരുന്നുണ്ട്. ഈ പഞ്ചായത്തിലെ പരിയാരം ഗവ:ഹൈസ്കൂൾ ഉൾപ്പെടെ 11 വിദ്യാലയങ്ങളിലായി 855 പട്ടികജാതി വിദ്യാർത്ഥികൾ പഠനം നടത്തിവരുന്നുണ്ട്. ഇവർക്ക് വിദ്യാഭ്യാസാനുകൂല്യമായി ലപ്സംഗ്രാൻറ് ലഭിച്ചുവരുന്നുണ്ട്. പഞ്ചായത്തിന് പുറത്തു പോയി ഉപരിപഠനം നടത്തുന്നവരും സാങ്കേതിക വിദ്യാഭ്യാസം നടത്തുന്നവരുംഉണ്ട്. പട്ടികജാതി വിഭാഗങ്ങളുടെ സാമൂഹ്യപദവി ഉയർത്തുന്നതിൽ വിദ്യാഭ്യാസം മുഖ്യപങ്ക് വഹിച്ചിട്ടുണ്ട്. സർക്കാർ മേഖലയിൽ ജോലി ചെയ്യുന്നതിന് പുറമേ സ്വന്തമായ കൃഷി, വ്യാപാരം തുടങ്ങിയ മേഖലയിൽ പ്രവർത്തിക്കാനും ഈ വിഭാഗത്തിൽപെട്ടവർക്ക് സാധിച്ചിട്ടുണ്ട്. ഏതാനും കുടുംബങ്ങൾ സ്വന്തം മേഖലയിൽ കൃഷി ചെയ്യുന്നവരായുണ്ട്.

പഞ്ചായത്തിലെ പതിനൊന്ന് കോളനികളിൽ വായാട്, തോട്ടിക്കീൽ കോളനികളിൽ വൈദ്യുതി എത്തിയിട്ടില്ല. വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന ക്ഷേമപദ്ധതികൾ കോളനി നിവാസികൾക്ക് ലഭിക്കുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ എന്ന നിലയിൽ കക്കൂസ്, ശുദ്ധജലലഭ്യത, വീട് വയറിംഗ് എന്നിവ ലഭിക്കുന്നതിനുള്ള നടപടികൾ ആവശ്യമാണ്. തോട്ടിക്കീൽ കോളനിയിൽ ഒരു കുഴൽകിണർ ഉണ്ട്.

# പ്രശ്നങ്ങൾ:

1. മുഴുവൻ കോളനിയിലേക്കും ആവശ്യമായ ഗതാഗത സൗകര്യങ്ങൾ ഇല്ല.

2. പായനെയ്ത്ത് പോലുള്ള പരമ്പരാഗത തൊഴിൽ ചെയ്യാൻവേണ്ട അസംസ്കൃത സാധനങ്ങൾ ലഭ്യമാകാത്ത സ്ഥിതിയുണ്ട്.

3. പട്ടികജാതികാർക്കുള്ള സഹകരണസംഘങ്ങൾ ഈ കോളനികളിൽ ഇല്ല.

4. പട്ടികജാതിക്കാർക്ക് അനുവദിക്കുന്ന ക്ഷേമ പ്രവർത്തനങ്ങൾ അർഹരായവർക്ക് എത്തിച്ചു കൊടുക്കാനുള്ള സംവിധാനം വേണ്ടത്രയില്ല.

# സാധ്യതകൾ:

1. കോളനികളിൽ ഉള്ള റോഡുകൾ ശ്രമദാനത്തിലൂടെ ഗതാഗതയോഗ്യമാക്കാവുന്നതാണ്.

2. റോഡില്ലാത്ത കോളനികളിൽ ശ്രമദാനം നടത്തി റോഡുകൾ ഉണ്ടാകാവുന്നതാണ്.

3. കുടിൽ വ്യവസായങ്ങൾക്ക് ആവശ്യമുള്ള അസംസ്കൃത സാധനങ്ങൾ ലഭ്യമാക്കേണ്ടതാണ്.

4. ലതർ ചെരിപ്പ് നിർമ്മാണതിൽ ഈ പഞ്ചായത്തിൽ ഒരു യൂനിറ്റ് ആരംഭിക്കാവുന്നതും ഈ രംഗത്ത് പ്രാവീണ്യമുള്ളവരെ ഉൾപ്പെടുത്തി സൊസൈറ്റി രൂപീകരിക്കാവുന്നതുമാണ്.

5. കക്ക നീറ്റി കുമ്മായം എടുക്കുന്നതിന് തൊഴിൽ സംഘങ്ങളെ തെരഞ്ഞെടുക്കണം.

6. വനിതകളുടെ തൊഴിൽപ്രശ്നം പരിഹരിക്കുന്നതിന് ഗാർമെൻറ്യൂനിറ്റ്, നൂൽനൂൽപ്പ് കേന്ദ്രങ്ങൾ എന്നിവ

ആരംഭിക്കാവുന്നതാണ്.

7. കന്നുകാലി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്.

8. പട്ടികജാതി വിഭാഗങ്ങളുടെ സാംസ്കാരികനിലവാരം മെച്ചപ്പെടുത്താൻ കോളനിയിൽ സാംസ്കാരിക കേന്ദ്രങ്ങൾ ആരംഭിക്കുകയും ബോധവത്കരണം നടത്തുകയും വേണം.

9. തെയ്യം പോലുള്ള പാരമ്പര്യകലകളെ പ്രോത്സാഹിപ്പിക്കുകയും കലാരൂപങ്ങൾ അവതരിപ്പിക്കാൻ ഉപയോഗിക്കുന്ന സാമഗ്രികൾ ശേഖരിച്ച് അണിയലം മ്യൂസിയം ഉണ്ടാക്കുകയും വേണം.

10. അവശതെയ്യം കലാകാരന്മാർക്ക് സാമ്പത്തിക സഹായം നല്കണം.

1991ലെ സെൻസസ് പ്രകാരം നമ്മുടെ പഞ്ചായത്തിലെ പട്ടികജാതി-വർഗ്ഗ ജനസംഖ്യ

| | പു | സ്ത്രീ | ആകെ. |
|---|---|---|---|
| പട്ടികജാതി | 748 | 743 | 1491 |
| പട്ടികവർഗ്ഗം | — | 1 | 1 |

പരിയാരം പഞ്ചായത്ത് അംഗീകൃത പട്ടികജാതി കോളനികൾ:

**അംഗീകരിച്ചത്:**

1. മാവിച്ചേരി ആലത്തട്ട്
2. നെല്ലിപ്പറമ്പ്
3. ഏമ്പേറ്റ്
4. മുടിക്കാനം
5. മുക്കുന്ന്
6. പുളിയൂൽ
7. വായാട്
8. തോട്ടിക്കീൽ

**അംഗീകരിക്കാത്തത്**

1. പാറക്കടവ് വെള്ളുവകോളനി (കുറ്റ്യേരി)
2. കണ്ണഞ്ചിറ വെള്ളുവക്കോളനി
3. പൊയിൽ ചക്ലിയ കോളനി.

# വിഭവ സമാഹരണം

നമ്മുടെ ഗ്രാമ പഞ്ചായത്ത് കാർഷിക പ്രാധാന്യമുള്ള പ്രദേശമാണ്. കൃഷിയിൽനിന്നും കിട്ടുന്ന വരുമാനമാണ് പ്രധാനമായുള്ളത്. കൃഷിക്ക് പുറമേ, നിർമ്മാണ തൊഴിൽമേഖലയിലും, കേന്ദ്ര-സംസ്ഥാന-പൊതു മേഖലയിലും ജോലിചെയ്ത് ഉപജീവനം നടത്തുന്നവരും നിരവധിയുണ്ട്. മറ്റുരാജ്യങ്ങളിൽ ജോലിചെയ്ത് കുടുംബം പുലർത്തുന്ന നല്ലൊരു വിഭാഗവും പഞ്ചായത്തിനകത്തുണ്ട്.

പഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ, തൊഴിലെടുക്കുന്ന 32.4%ജനങ്ങളിൽ പുരുഷന്മാർ 44.1%വും സ്ത്രീകൾ 21.3% ആണ്.

വിദേശരാജ്യങ്ങളിൽ ജോലിചെയ്യുന്ന 550പേരും, മറ്റു സംസ്ഥാനങ്ങളിൽ ജോലിചെയ്യുന്ന നല്ലൊരുവിഭാഗം ആളുകളും സമാഹരിക്കുന്ന സമ്പാദ്യം നമ്മുടെ ഗ്രാമത്തിന്റെ വികസനത്തിൽ പ്രതിഫലിച്ചതായി കാണാം. ഗൾഫുനാടുകളിൽ നിന്നെത്തുന്ന പണത്തിന്റെ ഭൂരിഭാഗവും ആധുനിക സൗകര്യങ്ങളോടുകൂടിയ വീടുകൾ നിർമ്മിക്കുന്നതിനും, ആഢംബരജീവിതം നയിക്കുന്നതിനുമാണ് വിനിയോഗിക്കുന്നത്. ഇത് കാരണം നിർമ്മാണ തൊഴിൽമേഖല സജീവമാകുന്നു, തൊഴിലാളി കുടുംബങ്ങളുടെ ജീവിതനിലവാരം ഒരു പരിധിവരെ മെച്ചപ്പെടുത്താനും സഹായകമായിട്ടുണ്ട്.

## ധനകാര്യ സ്ഥാപനങ്ങൾ:

പഞ്ചായത്തിലെ പ്രധാന ധനകാര്യ സ്ഥാപനങ്ങൾ പരിയാരം സർവീസ് സഹകരണബാങ്ക്, കുറ്റ്യേരി സർവീസ് സഹകരണബാങ്ക്, മാടായി സഹകരണ റൂറൽ ബാങ്ക് ശാഖ, സിണ്ടിക്കേറ്റ് ബാങ്ക് എന്നിവയാണ്. നമ്മുടെ ഗ്രാമത്തിലെ ജനങ്ങളുടെ കാർഷികാവശ്യങ്ങൾക്കുവേണ്ടിയും, സ്വയംതൊഴിൽകണ്ടെത്തുന്നതിനും, ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനും, മറ്റുജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വായ്പാ സൗകര്യങ്ങൾക്കായി ഈ സ്ഥാപനങ്ങളെയാണ് പ്രധാനമായും ആശ്രയിച്ചുപോരുന്നത്. ചെറിയൊരു വിഭാഗം ഇതര ബാങ്കിംഗ്-ധനകാര്യസ്ഥാപനങ്ങളുടെ സേവനവും പ്രയോജനപ്പെടുത്തുന്നു. പഞ്ചായത്തതൃത്തിയിലെ സഹകരണസ്ഥാപനങ്ങൾ പിരിച്ചെടുക്കുന്ന നിക്ഷേപ സംഖ്യ പൂർണ്ണമായും പഞ്ചായത്തിനകത്തെ ജനവിഭാഗങ്ങൾക്ക് വായ്പ അനുവദിക്കുമ്പോൾ, മറ്റു ബാങ്കുകൾ നിക്ഷേപത്തിന്റെ 24%മാത്രമാണ് പഞ്ചായത്തിനകത്ത് വിതരണം ചെയ്തതെന്ന് കഴിഞ്ഞ 10 വർഷത്തെ കണക്കുകൾ സൂചിപ്പിക്കുന്നു. കാർഷികവികസനത്തിനും, ചെറുകിട വ്യവസായത്തിനും, സ്വയം തൊഴിൽ കണ്ടെത്തുന്നതിനും ആകർഷകമായ വ്യവസ്ഥയിൽ കടമനുവദിക്കുന്നതിന്വ്യവസ്ഥകൾ ഉണ്ടെങ്കിലും, ചുരുക്കം ചിലർ മാത്രമാണ് ഗുണഭോക്താക്കളാവാൻ തയ്യാറാകുന്നത്.

## കെട്ടിടനികുതി:



പഞ്ചായത്തിന്റെ വരുമാനമാർഗ്ഗങ്ങളിൽ പ്രധാനപ്പെട്ട ഇനമാണ് കെട്ടിടനികുതി. കഴിഞ്ഞ 10 വർഷത്തെ കണക്ക് പരിശോധിച്ചാൽ ഈ രംഗത്ത് ക്രമാനുഗതമായ വർദ്ധനവ് ഉണ്ടായതായി കാണാം. വിദേശപണത്തിന്റെ വരവോടുകൂടി ലക്ഷങ്ങൾ

ചെലവഴിച്ച് കെട്ടിടങ്ങൾ നിർമ്മിച്ചതും, ഇടത്തരം വീടുകളുടെ നിർമ്മാണ വർദ്ധനയും കെട്ടിടനികുതി വരവിൽ ഗണ്യമായ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

## തൊഴിൽനികുതി:

മറ്റൊരു പ്രധാന വരുമാനമാർഗ്ഗമാണ് തൊഴിൽ നികുതി. ഇപ്പോൾ തൊഴിൽനികുതി ഈടാക്കി വരുന്നത് പഞ്ചായത്തിൽ ജോലിചെയ്യുന്ന കേന്ദ്ര-സംസ്ഥാന സർക്കാർ ജീവനക്കാർ, ബാങ്ക് ജീവനക്കാർ, അദ്ധ്യാപകർ, കച്ചവടക്കാർ, മറ്റു വ്യവസായ-സഹകരണ സ്ഥാപനങ്ങളിലെ തൊഴിലാളികൾ എന്നിവരിൽനിന്നാണ്.

## വിനോദ നികുതി:

പഞ്ചായത്തിൽ ഒരു സിനിമാ ടാക്കീസ് മാത്രമാണ് ഇന്നുള്ളത്. കഴിഞ്ഞ 10വർഷത്തെ വിനോദ നികുതി വരവ് പരിശോധിച്ചാൽ കാര്യമായ വർദ്ധനവുണ്ടായിട്ടില്ലെന്ന് കാണാം. വരുമാനത്തിന്റെ 0.7% മാത്രമാണ് ഇന്ന് വിനോദനികുതി ഇനത്തിൽ പിരിഞ്ഞുകിട്ടുന്നത്.

## മാർക്കറ്റ്:

നമ്മുടെ ഗ്രാമപഞ്ചായത്തിൽ പഞ്ചായത്ത് വകയായി മാർക്കറ്റില്ല. പ്രധാനകേന്ദ്രങ്ങളിൽ മാർക്കറ്റ് തുടങ്ങാനും കാർഷികോല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും, നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നതിന് സൗകര്യമുണ്ടാക്കാനും സംവിധാനമേർപ്പെടുത്തണം. ആവശ്യമായ കേന്ദ്രങ്ങളിൽ മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുകവഴി പുതിയവരുമാനം കണ്ടെത്താൻ കഴിയും.

## മറ്റുവിഭവങ്ങൾ:

നമ്മുടെ പഞ്ചായത്തിലെ നിർമ്മാണ പ്രവർത്തനത്തിന് ആവശ്യമായിവരുന്ന 75% വിഭവങ്ങളും നമ്മുടെ പ്രദേശത്ത് നിന്നുതന്നെ സമാഹരിക്കാൻ കഴിയും. അമൂല്യമായ മനുഷ്യാദ്ധ്വാനം പൂർണ്ണമായും ഉപയോഗപ്പെടുത്താൻ കഴിയണം. ആകെ ജനസംഖ്യയിൽ തൊഴിലെടുക്കുന്നവരുടെ അഞ്ച് ദിവസത്തെ അദ്ധ്വാനം പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളിൽ ദാനം ചെയ്യാൻ തയ്യാറായാൽ 5 വർഷംകൊണ്ട് 3 ലക്ഷത്തോളം തൊഴിൽദിനങ്ങൾ പ്രയോജനപ്പെടുത്താനും, വികസന രംഗത്ത് ഏറെ മുന്നോട്ടുപോകാനും കഴിയും. മനുഷ്യശക്തി പ്രയോജനപ്പെടുത്താൻ തൊഴിൽപരിചയത്തെ അടിസ്ഥാനപ്പെടുത്തി മുൻകൂട്ടി രജിസ്ട്രേഷൻ നടത്താനും, വ്യത്യസ്ത മേഖലയിലെ പ്രവർത്തനങ്ങളിൽ ഉപയോഗപ്പെടുത്താനും കഴിയണം. റോഡുകളുടെ നിർമ്മാണം, കെട്ടിട നിർമ്മാണം, കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കുളങ്ങളും കിണറുകളും നിർമ്മിക്കൽ, കളിസ്ഥലം നിർമ്മിക്കൽ, ഓപ്പൺ തീയേറ്റർ നിർമ്മിക്കൽ, ഓഡിറ്റോറിയം, തോടുകളുടെ വിപുലീകരണവും പുതിയ തോടുകളുടെ നിർമ്മാണവും, പുറമ്പോക്ക് സ്ഥലങ്ങളിൽ വരുമാനമുണ്ടാക്കാൻ കഴിയുന്ന വൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കൽ, വൈദ്യുതി ലൈൻ നിർമ്മാണം എന്നിവ നടത്താൻ കഴിയും.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ സർക്കാറിന്റെ നിയന്ത്രണത്തിൽ 578.53 ഏക്കർ ഭൂമിയുണ്ട്. അതിൽ 50% ചെങ്കൽപാറയാണ്. അത് ഉപയോഗപ്പെടുത്തിയാൽ റോഡ് നിർമ്മാണത്തിനും, പുഴയുടേയും തോടുകളുടേയും സൈഡ് കെട്ടുന്നതിനും സാധിക്കും. മറ്റു സ്ഥലങ്ങളിൽ കാറ്റാടിമരം വെച്ചുപിടിപ്പിച്ചും കശുമാവ് കൃഷി നടത്തിയും ചുരുങ്ങിയ കാലംകൊണ്ട് വരുമാനമുണ്ടാക്കാൻ കഴിയും. കരിങ്കല്ല് ധാരാളമുള്ള പ്രദേശവും നമ്മുടെ പഞ്ചായത്തിലുണ്ട്. ആവശ്യമായ മെറ്റൽ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ശേഖരിച്ച് നിർമ്മാണപ്രവർത്തനങ്ങൾക്ക് ഉപകരിക്കാൻ കഴിയും.

പുഴ പുറമ്പോക്കുകളും, റോഡ് പുറമ്പോക്കുകളും അളന്നു തിട്ടപ്പെടുത്തി അതിൽനിന്നുള്ള വരുമാനങ്ങളും, പുതിയകൃഷി തുടങ്ങി വരുമാനം കണ്ടെത്തുകയും ചെയ്താൽ പഞ്ചായത്തിന്റെ വരുമാനം ഗണ്യമായി ഉയർത്താൻ കഴിയും.

## പ്രശ്നങ്ങൾ:

1. പഞ്ചായത്തിന്റെ വരുമാനസാധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തായ്മ

2. കോൺട്രാക്ടർമാരും മറ്റ് ഇടത്തരക്കാരും തട്ടിയെടുക്കുന്ന അമിതലാഭം.

3. ധനകാര്യസ്ഥാപനങ്ങളിൽനിന്ന് വായ്പ ലഭിക്കുന്ന

തിനുള്ള തടസ്സങ്ങൾ

4. പ്രാദേശികാവശ്യങ്ങൾക്കനുസരിച്ചുള്ള സ്കീമുകൾ തയ്യാറാക്കുന്നതിലുള്ള അസൗകര്യങ്ങൾ

5. വായ്പയുടെ ലക്ഷ്യംവിട്ടുള്ള വിനിയോഗം

6. സന്നദ്ധപ്രവർത്തനങ്ങളിലേ താത്പര്യക്കുറവ്

7. സുതാര്യതകുറവ്.

## സാദ്ധ്യതകൾ:

1. ഗൾഫുകാരിൽനിന്ന് പണം സ്വരൂപിച്ച് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുക.

2.ധനകാര്യസ്ഥാപനങ്ങളുടെ വായ്പയുടെ 25%പുതിയ വ്യവസായ സംരംഭത്തിനുപയോഗിക്കുക.

3. സഹകരണബാങ്കിന്റെ ലാഭത്തിന്റെ50% പഞ്ചായത്ത് ക്ഷേമപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുക.


4. ശാസ്ത്രീയമായി കെട്ടിടനിർമ്മാണച്ചെലവ് കണക്കാക്കി നികുതി നിർണ്ണയിച്ചാൽ ഗണ്യമായ വർദ്ധനവ് ലഭിക്കും.


5. തൊഴിൽമേഖലയിലെ അസംഘടിത തൊഴിലാളികളുടെ പേര് രജിസ്റ്റർ ചെയ്യാനുള്ള സംവിധാനമൊരുക്കുകയും തൊഴിൽനികുതി ഈടാക്കാനും അവർക്ക് ഗ്രൂപ്പ് ഇൻഷൂറൻസ് സുരക്ഷ ഏർപ്പെടുത്താനും സാധിക്കണം.


6. പ്രദർശന സമയത്ത് സിനിമാ തീയേറ്ററിൽ പരിശോധന നടത്തി നികുതിവെട്ടിപ്പ് തടഞ്ഞ് വരുമാനം വർദ്ധിപ്പിക്കാം.

7. സന്നദ്ധപ്രവർത്തനത്തിലൂടെ പ്രതിവർഷം 60,000 തൊഴിൽദിനങ്ങൾ ഉറപ്പ് വരുത്താൻ കഴിയണം.


8. പുറമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തി കൃഷിപ്പണി ചെയ്ത് വരുമാനം വർദ്ധിപ്പിക്കണം.


പഞ്ചായത്തിന്റെ ആകെ വരവ്
20 ലക്ഷം
14 ലക്ഷം
10 ലക്ഷം
6 ലക്ഷം
4ലക്ഷം
86-87
87-88
88-89
89-90
90-91
91-92
92-93
93-94
94-95
95-96



കെട്ടിട നികുതി
3 ലക്ഷം
2 ലക്ഷം
1 ലക്ഷം
86-87
87-88
88-89
89-90
90-91
91-92
92-93
93-94
94-95
95-96



തൊഴിൽ നികുതി
1 ലക്ഷം
86-87
87-88
88-89
89-90
90-91
91-92
92-93
93-94
94-95
95-96


## വിവിധയിനം ഗ്രാൻറുകൾ






## വസ്തുകൈമാറ്റ നികുതി




ഭരണ ചെലവ്
4 ലക്ഷം
3 ലക്ഷം
2ലക്ഷം
1ലക്ഷം
86-87
87-88
88-89
89-90
90-91
91-92
92-93
93-94
94-95
95-96


പഞ്ചായത്തിന്റെ ആകെ ചെലവ്
20 ലക്ഷം
16 ലക്ഷം
10 ലക്ഷം
6 ലക്ഷം
2ലക്ഷം
86-87
87-88
88-89
89-90
90-91
91-92
92-93
93-94
94-95
95-96


പൊതുമരാമത്ത് ചെലവ്
11 ലക്ഷം
6ലക്ഷം
3ലക്ഷം
1ലക്ഷം
86-87
87-88
88-89
89-90
90-91
91-92
92-93
93-94
94-95
95-96


ആരോഗ്യം ചെലവ്
50,000
30,000
10,000
86-87
87-88
88-89
89-90
90-91
91-92
92-93
93-94
94-95
95-96

# വികസനരേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

1. കൃഷി–ജലസേചനം

പി.വി. കുഞ്ഞിക്കണ്ണൻ–കൺവീനർ
വി.വി. കൃഷ്ണൻ നമ്പ്യാർ
എം. കുമാരൻ
എ. ദാമോദരൻ നമ്പീശൻ

2. മത്സ്യബന്ധനം–മൃഗപരിപാലനം

കെ. കണ്ണൻ–കൺവീനർ
സി. ജയരാജൻ
പി.പി. സുരേന്ദ്രൻ

3. വിദ്യാഭ്യാസം

കെ.വി. പ്രഭാകരൻ മാസ്റ്റർ–കൺവീനർ
കെ.കെ. കൃഷ്ണൻ
എം. മുരളീ നാരായണൻ മാസ്റ്റർ
സി. സരള

4. ആരോഗ്യം–കുടിവെള്ളം

പി. ലക്ഷ്മണൻ–കൺവീനർ
എം.കെ. പത്മനാഭൻ
കെ. കോരൻ

5. ഗതാഗതം–ഊർജ്ജം–മാർക്കറ്റ്

സി.കെ. രാമകൃഷ്ണൻ–കൺവീനർ
—പി. രാമചന്ദ്രൻ
പി.കെ. ഇബ്രാഹീം കുട്ടി
പി.വി. പ്രദീപൻ

6. ഭവന നിർമ്മാണം–സാമൂഹ്യപ്രവർത്തനം

സി. കുഞ്ഞിരാമൻ–കൺവീനർ
എം. ചന്ദ്രൻ (വെള്ളാവ്)
ഒ.എം. മുഹമ്മദ് കുഞ്ഞി
കെ.എം. ദാമോദരൻ

7. സംസ്കാരം–കായികരംഗം

പത്മനാഭൻ തലോറ–കൺവീനർ
കെ. ബാലകൃഷ്ണൻ
കെ.വി. ഗോപിനാഥൻ
കെ. ഇബ്രാഹീം

8. വ്യവസായം

ടി.വി. ജയകൃഷ്ണൻ
കെ.ജി. പ്രഭാകരൻ നായർ– കൺവീനർ
ആർ. ഗോപാലൻ
സി. ബാലകൃഷ്ണൻ

9. വനിതാക്ഷേമം

കെ. ലക്ഷ്മണൻ–കൺവീനർ
കെ. സാവിത്രി
നളിനിശിവൻ
എൻ. ശശീന്ദ്രൻ

10. സഹകരണ മേഖല

കെ.പി. പ്രഭാകരൻ
എം.വി. ബാലൻ–കൺവീനർ
കെ.പി. കണ്ണൻ നായർ
പി.പി. ദേവി

11. പട്ടികജാതി–പട്ടികവർഗ്ഗക്ഷേമം

കെ.കെ. രാമചന്ദ്രൻ–കൺവീനർ
ഒ.പി. രാധാകൃഷ്ണൻ
വി.സി. കൊച്ചുമേരി

12. വിഭവസമാഹരണം

കെ. മോഹനൻ–കൺവീനർ
എം.കെ. മധു
എം. നാരായണൻ
ടി.സി. അബ്ദുൽ ഖാദർ

13. നാട്ടറിവ്–ചരിത്രം

പി.വി. ചാത്തുക്കുട്ടി–കൺവീനർ
ടി.വി. മുരളീധരൻ
എം. ചന്ദ്രൻ മാസ്റ്റർ
കെ.വി. നാരായണൻ മാസ്റ്റർ

Printed at Time Offset Printers,
Taliparamba. Kannur. Ph:0498-202225

# CANNANORE DISTRICT

SHOWING PANCHAYATS AS ON 31-3-1995

